ISSN 2582-2764

# അറിവോരം



കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം. 01/2020 | ഫെബ്രുവരി 2020 | തിരുവനന്തപുരം | പേജ് 18 | വില 10 രൂപ

പി.ശ്രീരാമകൃഷ്ണന് 'ഐഡിയൽ സ്പീക്കർ' പുരസ്കാരം » 05

സഭയുടെ പൊതുവികാരം പ്രകടിപ്പിക്കാൻ പ്രമേയങ്ങൾ » 06

ഭൂപരിഷ്കരണത്തിന് അൻപതു വയസ്സ് » 12

ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

## ദേശം, ദേശീയത, പൗരത്വം

**പി.ശ്രീരാമകൃഷ്ണൻ**, സ്പീക്കർ

ദേശം, ദേശീയത, പൗരത്വം തുടങ്ങിയ സംജ്ഞകളെ മുമ്പുള്ളതിനേക്കാളൊക്കെയേറെ ഗൗരവത്തോടെ, ശ്രദ്ധയോടെ പ്രയോഗിക്കേണ്ട ഒരു കാലത്തിലാണ് നമ്മളിപ്പോൾ. ദേശമെന്നത് ഭൂമിശാസ്ത്രപരമായി മാത്രമല്ല, സാംസ്കാരികമായും സാമൂഹികമായും രാഷ്ട്രീയമായും നിർവചിക്കപ്പെടുന്ന ഒന്നാണല്ലോ! പൊതുവായ സംസ്കാരത്തേയും പാരമ്പര്യത്തേയും മുൻനിർത്തി വൈകാരികമായ ഒരു ഐക്യപ്പെടലായി ദേശീയതയെ കാണാമെങ്കിൽ പൊതുവായ ചരിത്രവും ഭാഷയും രാജ്യാതിർത്തിയുമൊക്കെ അതിനെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. ഇന്ത്യയെ സംബന്ധിച്ച് അങ്ങനെ പൊതു എന്ന് പറയാവുന്നത് എത്രത്തോളമുണ്ട്? ഇന്നുള്ള നമ്മുടെ രാജ്യാതിർത്തി പോലും ഇന്ത്യ സ്വതന്ത്രമാകുന്നതോടു കൂടി മാത്രം കൈവന്നതാണ്. സ്വാതന്ത്ര്യസമരപ്രസ്ഥാന കാലത്ത് ഇന്ത്യയെ ഒന്നിപ്പിച്ച് നിർത്തിയ ഘടകങ്ങൾ എന്താണ് എന്നത് ആലോചിക്കേണ്ട വിഷയമാണ്. ഒരൊറ്റ ഭാഷയോ സംസ്കാരമോ ഇല്ലാതിരുന്നിട്ടുപോലും ഒരൊറ്റ ജനതയായിരിക്കാൻ പോന്ന ദേശീയതാബോധം ഇന്ത്യയിലെ ജനങ്ങൾക്കുണ്ടായി. ഭാരതീയ പൈതൃകമെന്നൊക്കെയുള്ള സങ്കല്പങ്ങൾ അക്കാലത്ത് ശക്തിപ്പെടുന്നുണ്ട് എന്നത് ശരിയാണ്. പക്ഷെ ഏതിനെയെങ്കിലും പുറന്തള്ളിക്കൊണ്ടായിരുന്നില്ല ഇന്ത്യയിൽ അത്തരം സങ്കല്പങ്ങൾ വേരോടിയത്. ഇന്ത്യയുടെ പാരമ്പര്യം ആത്യന്തികമായി ഉൾക്കൊള്ളലിന്റേതാണ്. ഇന്ത്യയിലെ ഭാഷകൾ ഒറ്റയൊറ്റയായി ഇരിക്കുമ്പോഴും പരസ്പര സമ്പർക്കത്തിലൂടെ കൊണ്ടും കൊടുത്തും വളർന്നതായും സജീവമായിരിക്കുന്നതായും കാണാൻ കഴിയും. ആദ്യകാലം മുതലേ കച്ചവടത്തിനായും മറ്റും വന്നവരെ സ്വീകരിക്കാനും ഉൾക്കൊള്ളാനുമുള്ള ഒരു തുറവ് നമ്മുടെ സംസ്കാരത്തിനുണ്ടായിരുന്നു. അത് തന്നെയാണ് നമ്മുടെ ശക്തിയായിരിക്കുന്നതും. നമ്മുടെ ഭാഷകളും വിഭിന്നമായ സംസ്കാരങ്ങളും വളർന്നത് ഇങ്ങനെ ഒരു തുറവിലാണ്. അതുകൊണ്ടാണ് നാനാത്വത്തിൽ ഏകത്വമെന്ന ആശയത്തെ ഉൾക്കൊള്ളാനും ഇന്ത്യൻ ജനതയ്ക്ക് പ്രയാസമില്ലാത്തത്. വരുന്നതിനെ സ്വീകരിച്ച് തന്റേതായ രീതിയിലാക്കുക എന്നതായിരിക്കാം തമിഴരുടെ രീതി. മലയാളി ഒരു പക്ഷെ വന്നതപ്പാടെ സ്വീകരിച്ചുവെന്നും വരാം. ഈ സ്വീകരണത്തിലും സ്വാംശീകരണത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെന്നല്ലാതെ എന്നെങ്കിലും എന്തിനെയെങ്കിലും പുറന്തള്ളാൻ ശ്രമമുണ്ടായിട്ടുണ്ടെങ്കിൽ അത് അധികാരബലതന്ത്രങ്ങളുടെ ഭാഗമായി മാത്രമാണ്. അന്നും ഇന്നും എന്നും വൈവിധ്യങ്ങളെ ഉൾക്കൊള്ളാനുള്ള മനസ്സാണ് വൈകാരികമായി ഇന്ത്യയെ സാദ്ധ്യമാക്കിയ പ്രധാനഘടകങ്ങളിലൊന്ന്.



ഒരുപക്ഷെ നമ്മുടെ ഭരണഘടനയുടെ ശക്തിയും ഈ പറഞ്ഞ സ്വാംശീകരണത്തിലാണ് എന്ന് മനസ്സിലാക്കാനാകും. ഭരിച്ചവർ ബാക്കിവച്ച് പോയതിനെ അതുപോലെ തന്നെ പിന്തുടരുന്നതോ അതിനെ അപ്പാടെ തള്ളി തനതു പാരമ്പര്യത്തിലേക്കോ പഴമയിലേക്കോ തിരിച്ചുപോകുന്നതോ ആയ ഒന്നായിട്ടല്ല നമ്മുടെ ഭരണഘടന രൂപപ്പെട്ടത്. കാലങ്ങളായി സമരം ചെയ്തും മറ്റും നേടിയെടുത്ത സമത്വസ്വാതന്ത്ര്യങ്ങളെ നിർവചിക്കാനും സംരക്ഷിക്കാനും ഉതകുന്ന പല ആശയങ്ങളേയും പല ദേശങ്ങളുടെ ഭരണഘടനകളിലെ നല്ല വശങ്ങളേയും ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യയുടേതായ ഒരു ഭരണഘടന സൃഷ്ടിക്കപ്പെട്ടത്. എത്രയോ നാളത്തെ ആലോചനകളും കൂടിയിരിപ്പുകളുമാണ് അതിനെ ഇന്ന് കാണുന്ന നിലയിലേക്ക് എത്തിച്ചത്. മനുഷ്യനെക്കുറിച്ച്, മനുഷ്യത്വത്തെക്കുറിച്ച് ഇന്ത്യ ആർജ്ജിച്ചെടുത്ത ബോധ്യങ്ങളാണ് അതിലെ വെളിച്ചമാകുന്നത്. ഭരണത്തെ വിശദീകരിക്കുന്നതാണ് ഭരണഘടന. ഇന്ത്യയെ സംബന്ധിച്ച് ആ ഭരണഘടന ഉറപ്പാക്കാൻ ശ്രമിച്ചത് എല്ലാവർക്കും തുല്യനീതി എന്നതുകൂടിയായിരുന്നു. നമ്മുടെ അയൽരാജ്യങ്ങളിൽ പലപ്പോഴും ജനാധിപത്യമൂല്യങ്ങൾ നഷ്ടപ്പെടുന്നതായും തുല്യനീതി ഉറപ്പാക്കുന്നതിനു പകരം ഭരണം പലപ്പോഴും സ്വേച്ഛാപരമാകുന്നതായും നാം കാണുന്നുണ്ട്. അപ്പോഴും ഇന്ത്യ സൗഖ്യമായിരുന്നത് നമ്മുടെ ഭരണഘടനയുടെ ബലമൊന്നുകൊണ്ടുമാത്ര മാണ്. പല തരത്തിലുള്ള ഉച്ചനീചത്വങ്ങൾ സമൂഹത്തിലുണ്ട് എന്നത് യാഥാർത്ഥ്യമാണ്. അപ്പോഴും ഒരു പരിധിവരെ മേൽക്കോയ്മകളെയും ചൂഷണങ്ങളെയും പ്രതിരോധിക്കുന്നതിന് സഹായകമാകുന്നത് നമ്മുടെ ഭരണഘടനയാണ്; നമ്മുടെ പൗരാവകാശങ്ങളാണ്. ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി വിഭാവനം ചെയ്യുമ്പോൾ തന്നെ ഇന്ത്യയിലെ എല്ലാ പൗരൻമാർക്കും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഉറപ്പുവരുത്തണമെന്നും അവർക്ക് പദവിയിലും അവസരത്തിലും സമത്വം ഉറപ്പുവരുത്തണമെന്നും നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ പറയുന്നുണ്ട്. വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കുമെന്നപോലെ ചിന്തയ്ക്കും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം ഭരണഘടന ഉറപ്പുവരുത്തുന്നുമുണ്ട്. വ്യക്തിയുടെ അന്തസ്സും രാജ്യത്തിന്റെ അഖണ്ഡതയും ഉറപ്പാക്കിക്കൊണ്ട് സാഹോദര്യത്തിൽ വർത്തിക്കാനാണ് അത് നമ്മോട് ആഹ്വാനം ചെയ്യുന്നത്. അങ്ങനെ രാജ്യത്തിന്റെ പരമാധികാരത്തോടൊപ്പംതന്നെ പ്രാധാന്യം കല്പിച്ചിരിക്കുന്നത് ഏത് പൗരനുമുള്ള നീതിക്കും സ്വാതന്ത്ര്യത്തിനും കൂടിയാണ്. നിയമത്തിന് മുമ്പിൽ ദേശത്തെ എല്ലാവർക്കും തുല്യത; പൗരൻമാർക്ക് മാത്രമല്ല, ഇവിടെ ജീവിക്കുന്ന എല്ലാവർക്കും തുല്യത ഉറപ്പാക്കുന്നതാണ് നമ്മുടെ ഭരണഘടന. ഭരണഘടനയുടെ 14-ാം അനുച്ഛേദം നിയമത്തിന് മുന്നിലെ ഈ തുല്യത ഉറപ്പു വരുത്തുമ്പോൾ 15-ാം അനുച്ഛേദം മതം, വംശം, ജാതി, ലിംഗം, ജന്മസ്ഥലം തുടങ്ങിയവയുടെയൊക്കെ പേരിൽ വിവേചനങ്ങളൊന്നും ഇല്ലാതിരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഭരണഘടനയുടെ ഘടന മാത്രമല്ല അതിന്റെ അന്തസ്സത്ത പോലും ഉൾക്കൊള്ളലിന്റേതാണ്.

(...ശേഷം പേജ് 2)

### മൊഴിമുഴക്കം



130 കോടി ജനങ്ങളും ഏഴു പ്രധാന മതങ്ങളും 122 ഭാഷകളുമുള്ള, 33 ലക്ഷം ചതുരശ്ര കിലോമീറ്റർ ഭൂമി മാത്രമല്ല ഇന്ത്യ, മറിച്ച് ഒരൊറ്റ വ്യക്തിത്വത്തിനും ഒരൊറ്റ ഭരണഘടനയ്ക്കും കീഴിലുള്ള ഒരു സംവിധാനം കൂടിയാണത്. ഒരിക്കലും നഷ്ടമാക്കാനാകുന്നതല്ല ആ വ്യക്തിത്വം. അതിനെ തകർക്കാൻ ഒരിക്കലും അനുവദിക്കാനുമാകില്ല.'

**- പ്രണബ് മുഖർജി,**
മുൻ രാഷ്ട്രപതി




## ലോക കേരളസഭ;
## ജനാധിപത്യത്തിന്റെ പുത്തൻ സാധ്യത

ലോകകേരളസഭയുടെ ആശയതലമാണ് അതിനെ അർത്ഥവത്താക്കുന്നത്. സമ്മേളന വേദി, പങ്കെടുക്കുന്നവരുടെ എണ്ണം, ഭണ്ഡാരത്തിന്റെ വലിപ്പം എന്നിവയല്ല പ്രധാനം. ജനാധിപത്യം ആശയതലത്തിൽ ഒരു മൂല്യബോധമാണ്. പ്രയോഗതലത്തിൽ അത് വിവിധാംശ സമ്മിശ്രമായ ഒരു മൂല്യ പ്രവാഹമാണ്. ചലനാത്മകതയാണ് അതിന്റെ ഊർജ്ജവും ജൈവികതയും. ജനാധിപത്യത്തിന്റെ രാസഘടന സവിശേഷമാണ്. നാട്, ഭാഷ, സംസ്കാരം തുടങ്ങിയ ആന്തരിക ദാഹങ്ങളുടെ സർഗ്ഗാത്മകമായ സംവേദനമാണ് ലോക കേരളസഭയിലൂടെ അനുഭവവേദ്യമാകുന്നത്. ജനാധിപത്യ പ്രക്രിയയിൽ വിവിധ ഘടകങ്ങളുടെ സവിശേഷ കണികാ സംയോജനമാണ് അതിനെ സാർത്ഥകമായി പരിവർത്തനം ചെയ്യുന്നത്. പ്രതിഷേധങ്ങളുടെയും ചോദ്യം ചെയ്യലിന്റെയും സമീപനങ്ങളുടെയും രീതികളുടെയും മാറ്റങ്ങൾ പുതിയൊരു ജനാധിപത്യ മൂല്യപ്രവാഹത്തിന്റെ രാസത്വരകങ്ങളാണ്. ലിബർട്ടി എന്നത് വിമോചനമാണ്. എല്ലാ സംസ്കൃതികളും ഇതിലേക്ക് എത്തുന്നില്ല. ചില സംസ്കൃതികളിൽ മനുഷ്യർ സ്വാതന്ത്ര്യത്തോടെ ജീവിക്കുന്നു. മറ്റുചിലർ അടിമകളെപ്പോലെ കഴിയുന്നു. അതിന്റെ കാരണം പൗരസമൂഹത്തിന്റെ ശക്തിയും സ്റ്റേറ്റിന്റെ ശക്തിയും തമ്മിൽ തുലനമില്ലാത്തതാണ്. ശക്തമായ പൗരസമൂഹമുള്ളിടത്തുമാത്രമേ ശക്തമായ സ്റ്റേറ്റിന് പ്രസക്തിയുള്ളൂ. പൗരസമൂഹം ശക്തിപ്പെടുന്നത് ജനാധിപത്യത്തിന്റെ പുതിയ സാധ്യതകളിലേക്ക് വികസിപ്പിക്കുമ്പോഴാണ്.

ആശയതലത്തിലും ആവിഷ്കാരരൂപത്തിലും ജനാധിപത്യം ഇങ്ങനെത്തന്നെ തുടരണമെന്നില്ല. ജനാധിപത്യത്തിൽ പാരമ്പര്യവാദമില്ല. പാരമ്പര്യം എന്നത് അഭയകേന്ദ്ര മല്ല. ആയുധപ്പുരയാണ്. പാരമ്പര്യത്തിൽ നിന്ന് നമുക്ക് ചിലതെടുക്കാം. എന്നാൽ എല്ലാമങ്ങനെ നിലനിർത്തേണ്ട കാര്യമില്ല. ജനാധിപത്യം എന്നത്

(...ശേഷം പേജ് 4)

(...തുടർച്ച പേജ് 1)

സ്ഥിതിസമത്വവും അഖണ്ഡതയുമെന്ന പോലെ മതേതരത്വവും ഇന്ത്യൻ ഭരണഘടനയുടെ, ഇന്ത്യയുടെ തന്നെ മുഖമുദ്രകളിൽ പരമപ്രധാനമാണ്. മതേതര രാഷ്ട്രമെന്നാൽ ജനങ്ങളുടെ മതവികാരങ്ങൾ കണക്കാക്കാത്തത് എന്നല്ല അർത്ഥമെന്നും ഏതെങ്കിലും ഒരു പ്രത്യേക മതം ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുന്നതിന് പാർലമെന്റിന് അർഹതയുണ്ടായിക്കൂടെന്നാണ് അത് ലക്ഷ്യമാക്കുന്നതെന്നും അംബേദ്കർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഒരു മതത്തിന്റെ ആചാരമായാലും ആഹാരമായാലും അത് മറ്റു മതങ്ങളുടെ മേൽ അടിച്ചേല്പിക്കുന്നത് ജനാധിപത്യ സമൂഹത്തിന് ചേർന്നതല്ല. മതവിശ്വാസത്തിന്റെ പേരിലോ മതവിശ്വാസം ഇല്ലാത്തതിന്റെ പേരിലോ ഒരു പൗരനും വിവേചനപരമായ ഒരു സമീപനവും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാവില്ലെന്നുള്ള ഉറപ്പാണ് മതേതരത്വം എന്നത്. എന്നാൽ സംഭവിക്കുന്നത് എന്താണ്? മറ്റുള്ളവരുടെ വിശ്വാസത്തെ അളക്കാനും സംശയിക്കാനും മുതിരുന്ന, വിശ്വാസികളെന്ന് സ്വയം അവകാശപ്പെടുന്നവരെ നാം കാണേണ്ടിവരുന്നു. ഒരു മതത്തിന്റെ ആചാരത്തിന്റെയും ആഹാരത്തിന്റെയും പേരിൽ, മതസംരക്ഷണമെന്ന പേരിൽ ആൾക്കൂട്ടക്കൊലപാതകങ്ങൾ പോലും ഉണ്ടാകുന്നു. മതത്തിന്റെ പേരിലുള്ള പ്രകടനപത്രികകൾ, മതത്തിന്റെ പേരിൽ രാഷ്ട്രീയാധികാരങ്ങൾ, ഒടുവിലിതാ പൗരത്വം പോലും മതത്തിന്റെ പേരിൽ നിർണ്ണയിക്കപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികളുടെയും സ്ഥിരവാസത്തിന്റെയും പേരിൽ നിർവചിക്കപ്പെട്ടിരുന്ന പൗരത്വത്തിൽ മതം ഇടപെടുന്നതോടുകൂടി ഇന്ത്യയുടെ മതേതര സ്വഭാവം നഷ്ടമാകാൻ തുടങ്ങുകയാണെന്ന് ഏറ്റവും ലളിതമായി മനസ്സിലാക്കാവുന്ന യുക്തിയായിട്ടുപോലും അധികാരധാർഷ്ട്യമൊന്നുകൊണ്ടുമാത്രം ഇരുട്ടിവെളുക്കുമ്പോൾ ഇത്തരം നിയമങ്ങളുണ്ടാകുന്നു. ഏകപൗരത്വമാണ് ഇന്ത്യയുടെ രീതി എന്നിരുന്നാൽ പോലും ഒറ്റ ദിവസം കൊണ്ട്, സ്വന്തം രാജ്യത്ത് തന്നെ പലരും 'Trespassers -അതിക്രമിച്ചു കടക്കുന്നവർ' ആകുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തവർ, ആധാർ രേഖ ലഭിച്ചവർ, സൈനികനായോ ഭരണാധികാരി തന്നെയായോ രാഷ്ട്രത്തെ സേവിച്ചവർ- ആരായാലും എപ്പോൾ പട്ടികയിലിടം കിട്ടാതാകുമെന്നോ പൗരനല്ലാതാകുമെന്നോ അറിയാനാവാത്ത സ്ഥിതിവിശേഷമാണ്. സ്ഥിതിസമത്വമല്ല ഇന്ത്യയിൽ ഇന്നുള്ളത് എന്ന് വേദനയോടെ, അതിലുപരി ആശങ്കയോടെ, ഏറിയ തോതിൽ രോഷത്തോടെ നാം തിരിച്ചറിയുന്നു. സാമന്തരാജാക്കൻമാരെ പോലെ ഭരണകൂടങ്ങൾക്ക് തോന്നുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ പരിണമിക്കുമ്പോൾ ഭരണകേന്ദ്രത്തെ തൃപ്തിപ്പെടുത്തി നില്‌ക്കേണ്ടവരാണ് തങ്ങളെന്ന് സംസ്ഥാന ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിന് എന്താണ് സംഭവിക്കുന്നത്?

എന്ത് ന്യായീകരണങ്ങളും വരട്ടുവാദങ്ങളും പറഞ്ഞാലും പൗരത്വത്തെ നിർവചിക്കുന്ന ഘടകങ്ങളിൽ ഒന്നുപോലുമാകാൻ മതത്തെയോ അത്തരത്തിലുള്ള വിഭജന യുക്തികളെയോ അനുവദിക്കാനാകില്ല എന്നത് ഏറ്റവും സാമാന്യമായി, അടിസ്ഥാനപരമായി ഉണ്ടാകേണ്ട ചിന്തയാണ്. മതം ഒരുവന്റെ വ്യക്തിപരമായ നിലപാട് മാത്രമായിരിക്കണം. രാഷ്ട്രീയത്തിലോ അധികാരത്തിലോ അതിനിടം നല്കിക്കൂടാത്തതാണ്. വംശീയ ഔന്നത്യത്തിനും വംശശുദ്ധിക്കും വേണ്ടി വാദിച്ച ഭരണാധികാരിയെ ചരിത്രം അടയാളപ്പെടുത്തിയത് 'ഫാസിസ്റ്റ്' എന്നു തന്നെയാണ്. അത് ഇന്നും ലോകചരിത്രത്തിലെ കറുത്ത അദ്ധ്യായമാണ്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് തന്നെയാകണം ഇന്ത്യ എന്നും അടയാളപ്പെടുത്തപ്പെടേണ്ടത്. ഇവിടെ ഭരണം ജനങ്ങൾക്കു വേണ്ടി, ജനങ്ങൾ നിർവഹിക്കുന്നതാണെന്ന് ഭരണകർത്താക്കളോർക്കേണ്ടതുണ്ട്, അവരെ ജനം ഓർമ്മിപ്പിക്കേണ്ടതുണ്ട്. അഞ്ചു വർഷത്തേക്ക് അധികാരികളായിരിക്കാനല്ല, ജനസേവകരായിരിക്കാനാണ് തെരഞ്ഞെടുക്കപ്പെടുന്നത് എന്ന് ആരും മറന്നുകൂടാത്തതാണ്. പരമോന്നത നീതിപീഠത്തേയോ ഭരണഘടനയേയോ അട്ടിമറിക്കാൻ ആരെയും അനുവദിച്ചുകൂടാ. നമ്മൾ പൗരന്മാർക്ക് ചെയ്യാനുള്ളത് അത്തരം അട്ടിമറികളെ എതിർക്കുക എന്നതുതന്നെയാണ്. ബഹുമുഖവും ബഹുസ്വരവുമായ ഇന്ത്യൻ ജനതയെ ഒന്നിപ്പിക്കുന്ന ഐക്യബോധത്തിൽ ഒരു തരത്തിലുള്ള വിഭാഗീയചിന്തകൾക്കും ഇടമില്ല. ഒരു പ്രശ്നം ഏത് വിഭാഗത്തിന്റെയും- അത് ഇസ്ലാമോ ഹിന്ദുവോ ക്രിസ്ത്യനോ പുരുഷനോ സ്ത്രീയോ ട്രാൻസ്ജെൻഡറോ തൊഴിലാളിയോ ഉടമയോ ആരുടേതുമായിക്കൊള്ളട്ടെ, അത് ഇന്ത്യയെ ഒന്നടങ്കം ബാധിക്കുന്നതാണ് എന്ന ബോധ്യം എപ്പോഴും ഉണ്ടാകണം.

**അക്ഷരധ്വനി**



വി.കെ.ബാബുപ്രകാശ്
മുൻ നിയമസഭാ സെക്രട്ടറി


## ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് വേണ്ടി
# ഇരുപത്തിയൊന്ന് പാഠങ്ങൾ

ഇസ്രായയൽ പൗരനും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ ശേഷം ജെറുസലേമിൽ ഹിബ്രു യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനുമായ നാൽപ്പത്താറുകാരൻ യുവൽ നോഹ ഹരാരയുടെ മൂന്നാമത്തെ സൃഷ്ടിയാണ് '21-ാം നൂറ്റാണ്ടിനുവേണ്ടി 21 പാഠങ്ങൾ' (21 lessons for the 21st Century) എന്ന പുതുമയുള്ളതും മനോഹരമായി രചിച്ചതുമായ ഗ്രന്ഥം. അദ്ദേഹത്തിന്റെ ആദ്യ ഗ്രന്ഥമായ 'സാപ്പിയൻസ്, മനുഷ്യവംശത്തിന്റെ ചുരുക്ക ചരിത്രം' (Sapiens, a brief History of mankind) രണ്ടാമത്തെ ഗ്രന്ഥമായ 'ഹോമോ ഡിയൂസ്, നാളെയുടെ ചുരുക്ക ചരിത്രം' (Homo Deus, A brief History of Tomorrow) എന്നിവ അമേരിക്കയിലെ സൺഡേ ടൈംസ് നടത്തിയ സർവ്വേയിൽ ഏറ്റവും കൂടുതൽ വായനക്കാർ ഇഷ്ടപ്പെട്ട ബെസ്റ്റ് സെല്ലർ ഗ്രന്ഥങ്ങളുടെ പട്ടികയിൽ ഇടം നേടിയവയാണ്. മൂന്നാമത്തെ ഗ്രന്ഥമായ '21-ാം നൂറ്റാണ്ടിനുവേണ്ടി 21 പാഠങ്ങൾ' എന്ന ഈ ഗ്രന്ഥവും ബെസ്റ്റ് സെല്ലർ പട്ടികയിൽ ഇടം നേടിയിട്ടുണ്ട്.

ആദ്യ ഗ്രന്ഥത്തിൽ ഗ്രന്ഥകാരൻ മനുഷ്യവർഗ്ഗത്തിന്റെ ഉൽപത്തിയും ധൈഷണിക വളർച്ചയുടെ ചരിത്രവും പരിശോധിക്കുന്നു. ആദിമമനുഷ്യൻ തീ കണ്ടെത്തിയപ്പോൾ തന്റെ ചുറ്റുപാടുകളിൽ നിന്ന് അവൻ സ്വതന്ത്രനായി ശക്തി ആർജ്ജിച്ചു. പിന്നീട് ആധുനിക മനുഷ്യൻ പരദൂഷണം എന്ന സാമൂഹ്യ സംവേദനത്തിലൂടെ സംഘടിതനായി. കാർഷികവൃത്തി അവനെ കൂടുതൽ ആഹാരവസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് പ്രാപ്തനാക്കിയെങ്കിലും മനുഷ്യനെ കൂടുതൽ വിശക്കുന്നവനാക്കി അത് പരിണമിപ്പിക്കുകയും ചെയ്തു. മിത്തുകളുടെ ഭാവനാസൃഷ്ടിയിലൂടെ സാമൂഹിക ചട്ടക്കൂടും അതിനാവശ്യമായ നിയമസംഹിതയും അവൻ പിന്നീട് നിർമ്മിച്ചു. പണം എന്ന മാധ്യമം കാര്യങ്ങൾ കൂടുതൽ ലഘൂകരിച്ച് അവനെ വിശ്വസ്തനായ സേവകനാക്കിയെങ്കിലും ഒപ്പം അവനെ അത്യാഗ്രഹിയാക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ ചിന്താശക്തിയിലെ വൈരുദ്ധ്യങ്ങളുടെ തത്വശാസ്ത്രം അവനിൽ സാംസ്കാരിക ബോധവും സർഗ്ഗാത്മക പ്രവണതയും ഉളവാക്കി. ഒടുവിൽ ആധുനിക നൂറ്റാണ്ടിൽ എത്തിയപ്പോൾ ശാസ്ത്രം അവനെ കൂടുതൽ അപകടകാരിയാക്കി മാറ്റി. ഇതാണ് ആധുനിക മനുഷ്യചരിത്രത്തിന്റെ അന്തഃസത്തയെന്ന് ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു.

പതിമൂന്നാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭം വരെ യുദ്ധവെറിയൻമാർ ആയിരുന്നു ഭരണാധികാരികൾ. എന്നാൽ ന്യൂക്ലിയർ ബോംബ് കണ്ടുപിടിക്കപ്പെട്ടതോടെ മനുഷ്യരും ഭരണാധികാരികളും പരസ്പരം ഭയപ്പെട്ടുതുടങ്ങി. മനുഷ്യരാശി ഒന്നാകെ അസ്തമിക്കുവാൻ ഇനി ഒരു ലോക മഹായുദ്ധം ആവശ്യമില്ല. ന്യൂക്ലിയർ ബോംബ് നിർമ്മിക്കാൻ കഴിയുന്ന ഏത് രാജ്യത്തിനും ഇന്ന് മാനവരാശിയെ ഇല്ലാതാക്കാൻ കഴിയുന്ന പ്രഹരശേഷിയാണുള്ളത്. അതിനാൽ യുദ്ധം ഏത് ഭരണാധികാരിയും ഒഴിവാക്കാൻ ആഗ്രഹിക്കുന്നു. തൻമൂലം ഇനി ഒരു ലോക മഹായുദ്ധം ഉണ്ടാകാൻ സാദ്ധ്യതയില്ലെന്ന് ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു. യുദ്ധത്തിലൂടെയുള്ള കൂട്ടമരണത്തിനുപകരം ആധുനിക മനുഷ്യനിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചു വരുന്നു എന്ന് ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു. ക്ഷാമം ഏകദേശം മനുഷ്യരാശി കീഴടക്കി കഴിഞ്ഞു. അതിന് ശാസ്ത്ര കണ്ടുപിടിത്തങ്ങളും വ്യവസായ വിപ്ലവവും സാങ്കേതിക-ശാസ്ത്ര വളർച്ചയും നമ്മെ ഏറെ സഹായിച്ചിട്ടുണ്ട്. ക്ഷാമത്തിന് പകരം അമിതാഹാരത്തിലൂടെ കൂടുതൽ പൊണ്ണത്തടിയൻമാരായി മനുഷ്യൻ മാറുന്ന പ്രതിഭാസം ആയിരിക്കാം ആധുനിക സമൂഹത്തിൽ കാണപ്പെടുക. **മരണം എന്നത് വെറുമൊരു സാങ്കേതികപ്പിശകായി ഇനിയുള്ള കാലം കണ്ടെത്തുമെന്നും ബയോടെക്നോളജിയും വിവരസാങ്കേതിക അറിവും ജനിതകഘടനയിൽ അത്ഭുതകരമായ പരിണാമം സംഭവിപ്പിക്കാമെന്നും അതിൽ അമർത്യത സാധ്യമാകാവുന്ന ഒരു ശാസ്ത്രസൂചകം മാത്രമാണെന്നും ഗ്രന്ഥകാരൻ ഊന്നിപ്പറയുന്നു.**






ആധുനികമനുഷ്യനെ, അതായത് 2100-2200 കാലഘട്ടത്തിൽ ജീവിക്കുന്ന മനുഷ്യനെപ്പറ്റി ഗ്രന്ഥകാരൻ നൽകുന്ന വിവരം ഇപ്രകാരമാണ്. എഴുപതിനായിരം കൊല്ലങ്ങൾക്കുമുമ്പ് മനുഷ്യർ എന്ന ജീവിവർഗ്ഗം ആഫ്രിക്കയിലെ സാവന്ന താഴ്വരയിൽ മറ്റ് ജീവിവർഗ്ഗങ്ങളെ അപേക്ഷിച്ച് താരതമ്യേന പ്രസക്തി കുറഞ്ഞ ഒരു കൂട്ടം ജീവികൾ ആയിരുന്നു. എന്നാൽ പിന്നീട് പരിണാമചക്രം തിരിഞ്ഞപ്പോൾ ഈ ജീവിവർഗ്ഗം ഈ ഭൂമിയിലെ ഏറ്റവും ശക്തമായ വർഗ്ഗമായി മാറിക്കഴിഞ്ഞു. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഏതാണ്ട് ദൈവത്തോളം തുല്യമായ നിലയിൽ, അതായത് സൃഷ്ടിക്കാനും സംഹരിക്കാനുമുള്ള കഴിവിൽ ഈ വർഗ്ഗം എത്തിനിൽക്കുകയാണ്. എന്നാൽ മനുഷ്യവർഗ്ഗ ചരിത്രം ആകെ പരിശോധിക്കുമ്പോൾ അത് അഭിമാനകരമായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല എന്നതാണ് സത്യം. നാം നമ്മുടെ ചുറ്റുപാടുകളിൽ ജേതാവായി, പ്രകൃതിയെ ഏതാണ്ട് കീഴ്പ്പെടുത്തി അതിന്റെ ആവാസവ്യവസ്ഥകൾ നമ്മുടെ വികസനത്തിനായി തകിടം മറിച്ചുകഴിഞ്ഞു. മായായക്ഷികളെപ്പോലെ വലിയ നഗരങ്ങൾ നിർമ്മിച്ചു, വലിയ കമ്പോളകേന്ദ്രങ്ങൾ ഉണ്ടാക്കി, ഭൂമി ഉരുണ്ടതാണെന്ന അടിസ്ഥാന പ്രമാണത്തിനു ബദലായി ലോകം പരന്ന ഒരു വലയാണെന്ന സംജ്ഞ സൃഷ്ടിച്ചു. എന്നാൽ പ്രയാസങ്ങളും ദുഃഖങ്ങളും ദുരിതങ്ങളും ഇല്ലാതാക്കാൻ ഈ ആധുനിക മനുഷ്യന് കഴിഞ്ഞില്ലായെന്നാണ് ഗ്രന്ഥകാരൻ കരുതുന്നത്. സഹജീവിയായ മനുഷ്യനെയും മറ്റ് ജീവജാലങ്ങളെയും പ്രകൃതിയെയും കൂടുതൽ ദുരിതവും ദുരന്തഭരിതവുമാക്കുകയാണ് ഈ വികസിത മനുഷ്യൻ ചെയ്തിട്ടുള്ളത്. ഇതൊക്കെ വികസിതമായ ഒരു ലോകം കെട്ടിപ്പടുത്ത് ആധുനികനായിട്ടും മനുഷ്യന് എന്താണ് അവന്റെ ജീവിതലക്ഷ്യം എന്നത് ഇപ്പോഴും കണ്ടെത്താനാകാത്ത പ്രഹേളികയായി അവശേഷിക്കുന്നു. വെറും നാടൻ വള്ളങ്ങളിൽ നിന്ന് ബഹിരാകാശകപ്പലുകളും റോക്കറ്റ് വിക്ഷേപണങ്ങളും നടത്തിയ നാം ഇനി എങ്ങോട്ട് സഞ്ചരിക്കാൻ എന്നറിയാതെ വട്ടം കറങ്ങുകയാണ് ഈ ഭൂമിയിൽ. മനുഷ്യർ മുമ്പത്തെക്കാളും ശക്തരായിട്ടുണ്ട്. എന്നാൽ ഈ ശക്തിയൊക്കെ എന്തിനുവേണ്ടി ഉപയോഗിക്കണമെന്ന് മനുഷ്യർക്ക് അറിയില്ല. പ്രാചീനകാലത്തെ മനുഷ്യരെക്കാൾ കൂടുതൽ നിരുത്തരവാദിയാണ് ആധുനിക മനുഷ്യർ. ശാസ്ത്രസംജ്ഞയുടെയും കണ്ടുപിടിത്തങ്ങളുടെയും അഹങ്കാരത്തിൽ സ്വയംനിർമ്മിത ദൈവങ്ങളായി മാറിയ മനുഷ്യർക്ക് ആരോടും കടപ്പാടോ പ്രതിബദ്ധതയോ ഇല്ലാതായിക്കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും നാം തൃപ്തരുമല്ല. നിരുത്തരവാദിയും അതൃപ്തനുമായ ഒരു ദൈവത്തെക്കാൾ ഏറ്റവും അപകടകരമായി മറ്റെന്താണ് ഉള്ളതെന്ന ചോദ്യം ഗ്രന്ഥകാരൻ വായനക്കാരുടെ മനസ്സിലേക്ക് തീകോരിയിടുന്നതുപോലെ ഈ പുസ്തകത്തിൽ ചോദിക്കുന്നുണ്ട്.

വായനക്കാരനെ അസ്വസ്ഥനാക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്ന വിധത്തിലാണ് ഈ യുവ ഗ്രന്ഥകാരൻ മനുഷ്യചരിത്രം അനാവരണം ചെയ്യുന്നത്. ഗ്രന്ഥത്തിൽ മുഴങ്ങിക്കേൾക്കുന്ന ശാസ്ത്രയുക്തി വായനക്കാരെ അത്ഭുതപ്പെടുത്തുന്നു. ഗ്രന്ഥകാരന്റെ ഭാഷ ലളിതവും ആഴമുള്ളതുമാണ്. രചനാ ശൈലി മനോഹരവുമാണ്. ഇന്ത്യയുടെ ചരിത്രം പോലും വളരെ ഗഹനമായി വിവരിക്കുന്നത് ഗ്രന്ഥകാരന്റെ ആഴത്തിലും പരപ്പിലുമുള്ള വായനയുടെ ഫലമായാണെന്ന് നിസ്സംശയം പറയാൻ കഴിയും. ഈ ഗ്രന്ഥം തീർച്ചയായും കൗതുകമുള്ള ഒരു വായനക്കാരനെ സന്തോഷിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുമെന്ന് തീർത്തും പറയാം.

## നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ




### ഭരണഘടനാ ദിനം

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് നവംബർ 25 ന് സംഘടിപ്പിച്ച ചടങ്ങിൽ നിയമസഭാ സെക്രട്ടറി വായിച്ചു കൊടുത്ത ഭരണഘടനയുടെ ആമുഖം ജീവനക്കാർ ഏറ്റു ചൊല്ലി.




### 'Platform Co-operatives and Models for Distributed Governance in Kerala'-പ്രഭാഷണം

കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗും അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി നിയമസഭാ സാമാജികർക്കായി 'Platform Co-operatives and Models for Distributed Governance in Kerala'എന്ന വിഷയത്തിൽ പ്രഭാഷണവും ചർച്ചയും സംഘടിപ്പിച്ചു. 2019 നവംബർ 27-ാം തീയതി നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിച്ച പരിപാടി ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനായ ചടങ്ങിൽ ന്യൂയോർക്കിലെ ന്യൂ സ്കൂൾ പ്ലാറ്റ്ഫോം കോ-ഓപ്പറേറ്റിവിസം കൺസോർഷ്യം ഡയറക്ടർ പ്രൊഫ. ട്രിബോർ സ്കോൾസ് വിഷയം അവതരിപ്പിച്ച് സംസാരിച്ചു.

## തോട്ടുമുക്കത്ത് നിയമസഭാ മ്യൂസിയം പ്രദർശനം

കോഴിക്കോട് ജില്ലയിലെ തോട്ടുമുക്കം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ 2019 നവംബർ 14 മുതൽ 16 വരെ നടന്ന വിദ്യാഭ്യാസ പ്രദർശനമായ EXPO 2020 യിൽ നിയമസഭാ മ്യൂസിയത്തിന്റെ പ്രദർശനം സംഘടിപ്പിച്ചു. വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ, മാജിക് ഷോ, നാണയങ്ങളുടെയും കാർഷികോല്പന്നങ്ങളുടെയും പ്രദർശനം, പ്രളയദുരന്തത്തിന്റെ ഫോട്ടോ പ്രദർശനം എന്നിവയും എക്സിബിഷന്റെ ഭാഗമായിരുന്നു. തിരുവമ്പാടി എം.എൽ.എ. ജോർജ് എം. തോമസ് സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. അയ്യായിരത്തോളം പേർ പരിപാടി കാണാനെത്തുകയും നിയമസഭാ മ്യൂസിയം പ്രദർശനത്തെക്കുറിച്ച് മികച്ച അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.





## കുട്ടികളുടെ ലൈബ്രറി - ഏകദിന പഠന പരിപാടി

ആധുനിക ലൈബ്രറി സൗകര്യങ്ങൾ ലഭ്യമാകാത്ത സമൂഹത്തിലെ സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള പരിപാടികൾ നിയമസഭാ സെക്രട്ടേറിയറ്റിലെ കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കരവാരം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി ഒക്ടോബർ 26 ന് ഒരു ഏകദിന പഠനപരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ നിർവ്വഹിച്ചു.

കുട്ടികൾക്ക് നിയമങ്ങളെക്കുറിച്ചും നിയമസഭയെക്കുറിച്ചും നിയമസഭാ സെക്രട്ടറി അറിവ് പകർന്നു. ഐ.എം.ജി. മുൻ ഫാക്കൽറ്റി അംഗം ഡോ. ആർ. പ്രകാശ് വ്യക്തിത്വ വികസന ക്ലാസ് എടുത്തു. തുടർന്ന് ബി. സത്യൻ എം.എൽ.എ കുട്ടികളുമായി സംവദിച്ചു. ലൈബ്രറിയിലെ വിജ്ഞാനശേഖരവും ബ്ലോഗ് പ്രസിദ്ധീകരണവും പരിചയപ്പെടുത്തി. കുട്ടികൾ നിയമസഭാ മ്യൂസിയവും നിയമസഭാ മന്ദിരവും സന്ദർശിച്ചു. സ്പെഷ്യൽ സെക്രട്ടറി സി. ജോസ്, ചീഫ് ലൈബ്രേറിയൻ ജി. മേരി ലീല തുടങ്ങിയവരും അദ്ധ്യാപകരും സംബന്ധിച്ചു.

# നവീകരിച്ച ശങ്കരനാരായണൻ തമ്പി ഹാൾ ഉദ്ഘാടനം ചെയ്തു



നിയമസഭാ മന്ദിരത്തിലെ നവീകരിച്ച ആർ. ശങ്കരനാരായണൻ തമ്പി ഹാൾ 2019 ഡിസംബർ 28 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ലോക കേരളസഭയ്ക്ക് ഒരു സ്ഥിരം വേദി എന്ന നിലയിലാണ് ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിച്ചത്.

മികച്ച ശബ്ദ സംവിധാനമാണ് ഹാളിൽ ഒരുക്കിയിട്ടുള്ളത്. സൗണ്ട്, എക്കോ പ്രൂഫ് രീതിയാണ് ക്രമീകരിച്ചിരിക്കുന്നത്. ഓട്ടോമാറ്റിക് ലൈറ്റ് സംവിധാനം, തത്സമയ സംപ്രേക്ഷണ സൗകര്യം, 4 കെ -എച്ച്. ഡി.സ്ക്രീൻ, പ്രത്യേക മാധ്യമ, ഉദ്യോഗസ്ഥ ഗ്യാലറികൾ, പരിപാടിയുടെ സ്വഭാവമനുസരിച്ച് മാറ്റാവുന്ന ബാക്ക് ലൈറ്റ് തുടങ്ങിയ സംവിധാനങ്ങൾ ഹാളിൽ ഒരുക്കിയിട്ടുണ്ട്.

മികച്ച ഇരിപ്പിട സംവിധാനമാണ് സജ്ജീകരിച്ചിരിക്കുന്നത്. 164 വി.ഐ.പി. സോഫകളുൾപ്പെടെ 700 ഇരിപ്പിടങ്ങൾ ഉണ്ട്. 200 അധിക ഇരിപ്പിടങ്ങൾ ക്രമീകരിക്കുന്നതിനും സാധിക്കുന്ന തരത്തിലാണ് നിർമ്മാണം. ഹാൾ നവീകരണച്ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കായിരുന്നു.






(...തുടർച്ച പേജ് 1)

എല്ലാക്കാലവും നിശ്ചലമായി നിൽക്കുന്ന ഒരു പ്രതിഭാസമല്ല. അത് പുതിയ വിതാനങ്ങളിലേക്കു പോകും; അല്ലെങ്കിൽ പോയിരിക്കണം. ശബ്ദങ്ങളാണ്; നിശബ്ദതയല്ല അതിന്റെ അന്തർധാര. ജനാധിപത്യത്തിന്റെ പുനക്രമീകരണമെന്നത് കൂടുതൽ പങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തുകയെന്നതാണ്. എങ്ങനെ ജനാധിപത്യത്തെ കൂടുതൽ സുതാര്യമാക്കുമെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ലോക കേരളസഭ.

ജനാധിപത്യത്തെ കരുത്തുറ്റതാക്കി നിലനിർത്താൻ കേരളം മുന്നോട്ടുവെക്കുന്ന അപൂർവ മാതൃകയാണ് ലോക കേരളസഭ. ജനാധിപത്യത്തിന്റെ വളർച്ച പൊതുസമൂഹത്തിന്റെ വളർച്ചയെ കൂടി അടിസ്ഥാനമാക്കിയാണ്. പ്രവാസത്തെ കലയാക്കിമാറ്റിയ സമൂഹമാണ് മലയാളികളുടേത്. നമ്മുടെ സംസ്കാരം, ഭാഷ, പാരമ്പര്യം തുടങ്ങിയവയുടെ കൂട്ടായ്മയുണരണം. സാമ്പത്തിക സാധ്യത മാത്ര മല്ല, സാങ്കേതിക ജ്ഞാനം, അനുഭവങ്ങൾ, പ്രായോഗികമായ അറിവുകൾ തുടങ്ങിയവയുടെ സാധ്യതയും സ്വാധീനവും കേരളത്തിലേക്ക് സ്വാംശീകരിക്കാനാകണം. എല്ലാം ചേർന്നുള്ള നവകേരളമാണുണ്ടാകേണ്ടത്. ലോകത്തെമ്പാടുമുള്ള മലയാളികളുടെ അഭിപ്രായങ്ങൾ കേട്ട് അവരുടെ അനുഭവങ്ങളും ജ്ഞാനവും പ്രായോഗവും സമ്പത്തും നമുക്ക് ഉപയോഗിക്കാൻ കഴിയുമോയെന്നാണ് ലോക കേരളസഭ നോക്കുന്നത്. ഇത് ജനാധിപത്യത്തിന്റെ ജൈവികവികസനമായിവേണം കാണാൻ. കേരളം ലോകത്തിനുമുന്നിൽ വയ്ക്കുന്ന ജനാധിപത്യത്തിന്റെ പുതിയ അനുഭവമായി ലോക കേരളസഭ മാറുന്നു.

പ്രവാസലോകം ലോക കേരളസഭയെ ഗൗരവമായും പ്രതീക്ഷയോടുമാണ് കാണുന്നത്. ഇതിൽ പങ്കെടുക്കാനും ചർച്ചകളിൽ പങ്കാളികളാവാനും തീരുമാനങ്ങളുടെ ഭാഗമായി നിൽക്കാനും അവർ ആഗ്രഹിക്കുന്നു. കേരളത്തിന് സന്തോഷകരമയ സംസ്ഥാനമാകാൻ പറ്റുന്ന ആശയങ്ങൾ മറ്റുരാജ്യങ്ങളിൽ നിന്ന് പകർത്താനാണ് ഉദ്ദേശിക്കുന്നത്. മലയാളി സ്വത്വം, പ്രവാസത്തിന്റെ സാധ്യത, നവകേരളം എന്നിവ മുൻനിർത്തിയാകണം മുന്നോട്ടു പോകേണ്ടത്.

**പി.ശ്രീരാമകൃഷ്ണൻ**, സ്പീക്കർ

(ലോക കേരളസഭയെക്കുറിച്ചുള്ള കൂടുതൽ വാർത്തകൾ അടുത്ത ലക്കത്തിൽ...)

# പതിനാറാം സമ്മേളനം സഭ പാസ്സാക്കിയ പ്രമേയങ്ങൾ

## ബി.പി.സി.എൽ. സ്വകാര്യവത്ക്കരണം: കേന്ദ്രസർക്കാർ പിൻമാറണം

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതുമായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) സ്വകാര്യവത്കരിക്കുന്ന നടപടിയിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ നവംബർ 19 ന് പ്രമേയം പാസ്സാക്കി. രാജ്യത്തിന്റെ ഊർജ്ജസുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്കുവഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനികളുടെ സ്വകാര്യവത്ക്കരണം രാജ്യസുരക്ഷയെ ബാധിക്കുന്ന ഒന്നാണെന്നും ബി.പി.സി.എൽ. സ്വകാര്യവത്ക്കരിക്കപ്പെടുന്നതു വഴി സ്വകാര്യ കുത്തക കമ്പനികൾക്ക് വൻ നേട്ടമുണ്ടാവുകയും പ്രതിവർഷം നികുതി ഇനത്തിൽ സർക്കാരിനു ലഭിക്കുന്ന ഭീമമായ തുക, ജീവനക്കാരുടെ തൊഴിൽ സ്ഥിരത എന്നിവ ഇല്ലാതാകുകയും കോടിക്കണക്കിനു വരുന്ന പാചകവാതക ഉപഭോക്താക്കൾക്ക് നിലവിൽ ലഭിച്ചു വരുന്ന സബ്സിഡി നഷ്ടമാകുകയും ചെയ്യുമെന്നും പ്രമേയം ചൂണ്ടിക്കാട്ടി.

കേരള സർക്കാർ മുൻകൈയെടുത്ത് സ്ഥാപിച്ച കൊച്ചിൻ റിഫൈനറി ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാന ഓഹരി നിലനിർത്തുകയും സ്ഥാപനത്തിന്റെ വളർച്ചയിൽ സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകുകയും ചെയ്തിട്ടുണ്ടെന്നും പ്രമേയത്തിൽ പ്രസ്താവിച്ചു. കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടതെന്നും സ്വകാര്യവത്കരണ നീക്കം ഈ പദ്ധതിയെ അനിശ്ചിതത്വത്തിലാക്കുമെന്നുമുള്ള ആശങ്ക പങ്കുവച്ച പ്രമേയം ഈ സാഹചര്യത്തിൽ ദേശീയ സംസ്ഥാന താൽപര്യം കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തേണ്ടതുണ്ടെന്നും എണ്ണ സംസ്ക്കരണ വിൽപനപോലുള്ള തന്ത്രപ്രധാനമായ മേഖലയിൽ സ്വകാര്യകുത്തകകൾക്ക് അധീശത്വം സ്ഥാപിക്കാൻ വഴിയൊരുക്കുന്ന ഓഹരി വിറ്റഴിക്കൽ നടപടിയിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും സഭ ആവശ്യപ്പെട്ടു.

## സഹകരണസംഘങ്ങൾക്ക് ഇളവ്: ആദായ നികുതി നിയമത്തിൽ മാറ്റം വരുത്തണം

കാർഷിക, കാർഷികേതര വ്യത്യാസം കൂടാതെ സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണസംഘങ്ങൾക്കും ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്നവിധം കേന്ദ്ര ആദായനികുതി നിയമത്തിൽ മതിയായ മാറ്റം കൊണ്ടുവരണമെന്ന് സഭാ പ്രമേയം. പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾക്ക് അനുവദനീയമായ ആദായനികുതി കിഴിവ് ഉപാധിരഹിതമായി അനുവദിക്കണമെന്നും ആദായനികുതി നിയമത്തിലെ 194 എൻ എന്ന വകുപ്പിന്റെ പരിധിയിൽ നിന്ന് പ്രാഥമിക സഹകരണസംഘങ്ങളെ ഒഴിവാക്കണമെന്നും സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നവംബർ 21 ന് അവതരിപ്പിച്ച പ്രമേയത്തിൽ ആവശ്യപ്പെട്ടു.

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും അനുവദിച്ചിരുന്ന ആദായനികുതി ഇളവ് 2006 ലെ ഫിനാൻസ് ആക്ട് ഭേദഗതിയിലൂടെ പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയൊഴികെയുള്ള സഹകരണസംഘങ്ങൾക്ക് നിഷേധിച്ചുവെന്ന് പ്രമേയത്തിൽ ചൂണ്ടിക്കാട്ടി. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത വകുപ്പ് 194എൻ പ്രാബല്യത്തിൽ വന്നതോടെ ഒരു സാമ്പത്തികവർഷം ഒരു കോടിയിലധികം രൂപ കറൻസിയായി ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നപക്ഷം രണ്ട് ശതമാനം സ്രോതസിൽ നിന്നുള്ള നികുതി (TDS) ഈടാക്കണമെന്ന് വ്യവസ്ഥചെയ്യുന്നത് സംഘങ്ങളുടെ പ്രവർത്തന മൂലധനത്തെ സാരമായി ബാധിക്കുമെന്ന് പ്രമേയത്തിൽ അഭിപ്രായപ്പെട്ടു. വായ്പേതര സംഘങ്ങളുടെ ദൈനംദിന ഇടപാടുകൾക്ക് ഇത് വിഘാതം സൃഷ്ടിക്കുമെന്നും കേരളത്തിലെ സഹകരണ മേഖലയുടെ തകർച്ചയ്ക്ക് വഴി ഒരുക്കുമെന്നുമുള്ള ആശങ്ക പങ്കുവയ്ക്കുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## ദേശീയ വിദ്യാഭ്യാസ നയം: എല്ലാ സംസ്ഥാനങ്ങളുമായും ചർച്ച നടത്തണം

രാജ്യതാല്പര്യം മുൻനിർത്തി എല്ലാ സംസ്ഥാന സർക്കാരുകളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായും കൂടിയാലോചനകളും ചർച്ചകളും നടത്തി വേണം ദേശീയ വിദ്യാഭ്യാസനയത്തിന്റെ അന്തിമ രേഖ അംഗീകരിക്കേണ്ടതെന്ന് സഭാ പ്രമേയം. പൊതുവിദ്യാഭ്യാസ മന്ത്രി അവതരിപ്പിച്ച പ്രമേയം 2019 നവംബർ 21 ന് സഭ ഐകകണ്ഠ്യേന പാസ്സാക്കി. ഇന്ത്യൻ ഭരണഘടനയേയും അതിന്റെ സത്തയേയും ഉൾക്കൊള്ളുന്ന കാഴ്ചപ്പാടുകളിൽ നിന്ന് മാറി നിൽക്കുന്ന സമീപനമാണ് 2019-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് മുന്നോട്ടു വയ്ക്കുന്നതെന്നും വിദ്യാഭ്യാസരംഗത്തെ എല്ലാ അധികാരങ്ങളും കേന്ദ്രസർക്കാരിൽ കേന്ദ്രീകരിക്കുന്ന വിധമാണ് കരട് നയരേഖയുടെ നിർദ്ദേശങ്ങളെന്നും പ്രമേയം ചൂണ്ടിക്കാട്ടി.

പാഠപുസ്തകങ്ങൾ പോലും കേന്ദ്രീകൃതമാകണം എന്ന നിർദ്ദേശം ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് ഒത്തുപോകുന്നതല്ലെന്ന് മാത്രവുമല്ല ഇന്ത്യയുടെ ബഹുസ്വരതയെ ഉൾക്കൊള്ളുന്നതിന് വിഘാതമാകുന്ന തരത്തിലുള്ളതുമാണ്. വിദ്യാഭ്യാസരംഗത്തെ ഏറ്റവും ഉയർന്ന ദേശീയ സമിതിയായ 'കാബ്'-നെ ഇല്ലാതാക്കി പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള 'രാഷ്ട്രീയ ശിക്ഷാ ആയോഗ്' അമിത കേന്ദ്രീകരണത്തിന് വഴിവയ്ക്കുന്ന നടപടിയാണ്. വൈവിധ്യപൂർണ്ണമായ നമ്മുടെ രാജ്യത്ത് വിവിധ സംസ്ഥാനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരം നിഷേധിക്കുന്നത് ഫെഡറലിസം എന്ന നിലപാടിൽ നിന്നുള്ള പിൻവാങ്ങലാണ്. അതിനാൽ 'രാഷ്ട്രീയ ശിക്ഷാ ആയോഗ്' എന്ന കരട് നയരേഖയിലെ നിർദ്ദേശം പിൻവലിക്കപ്പെടേണ്ടതാണെന്ന് പ്രമേയം ആവശ്യപ്പെട്ടു.

നയരേഖയിൽ സ്കൂളുകൾ എന്നതിന് ബദൽ മാതൃകകളായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയെല്ലാം 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിന്നുള്ള പിൻമാറ്റമാണ്. ഇത്തരം പഴുതുകൾ വിദ്യാഭ്യാസത്തെ സ്വകാര്യവത്കരിക്കുകയും കച്ചവടവത്ക്കരിക്കുകയും ചെയ്യുന്ന ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതാണെന്ന് പ്രമേയം ചൂണ്ടിക്കാട്ടി.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അവിടങ്ങളിലെ സാധ്യതക്കനുസരിച്ചാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക ഘടന. അത് ഏകപക്ഷീയമായി രാജ്യത്തെമ്പാടും ഒറ്റ ഘടനയാക്കി മാറ്റുന്നത് അശാസ്ത്രീയമാണ്. ആയതിനാൽ ഫെഡറൽ തത്വങ്ങളെ മാനിച്ചുകൊണ്ട് സ്കൂൾ വിദ്യാഭ്യാസത്തിലെ അക്കാദമിക ഘടന തീരുമാനിക്കാനുള്ള അവകാശം അതത് സംസ്ഥാനങ്ങൾക്ക് ഉണ്ടാകണമെന്ന് പ്രമേയം ആവശ്യപ്പെട്ടു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഇന്ത്യയിലെ മുഴുവൻ വിദ്യാർത്ഥികളുടേയും അവകാശമാക്കി മാറ്റാനും ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസം ഉറപ്പാക്കാനും കഴിയുംവിധം ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ഫെഡറൽ നിലപാട് ഊട്ടിയുറപ്പിക്കുന്ന വിദ്യാഭ്യാസ നയമാണ് രാജ്യത്തിനാവശ്യമെന്ന് പ്രമേയത്തിലൂടെ കേരള നിയമസഭ കേന്ദ്ര സർക്കാരിനെ അറിയിച്ചു.

# പി.ശ്രീരാമകൃഷ്ണന് 'ഐഡിയൽ സ്പീക്കർ' പുരസ്കാരം



നിയമസഭാ പ്രവർത്തനങ്ങളെ സാധാരണക്കാരുമായി അടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും സഭാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകമാക്കുകയും ചെയ്ത സ്പീക്കർ പി.ശ്രീരാമകൃഷ്ണന് മികച്ച നിയമസഭാ സ്പീക്കർക്കുള്ള 'ഐഡിയൽ ലെജിസ്ലേറ്റീവ് അസംബ്ലി സ്പീക്കർ' പുരസ്കാരം. പൂനെ എം.ഐ.ടി. സ്കൂൾ ഓഫ് ഗവൺമെന്റ് ആണ് പുരസ്കാരം ഏർപ്പെടുത്തിയത്. മുൻ ലോക്സഭാ സ്പീക്കർ ശിവരാജ് പാട്ടീൽ ചെയർമാനായ സമിതിയും ഭാരതീയ ഛാത്ര സൻസദ് ഗവേണിംഗ് കൗൺസിലും ചേർന്നാണ് നിയമസഭാ സ്പീക്കർമാരുടെ പ്രവർത്തനം വിലയിരുത്തി വിജയിയെ തെരഞ്ഞെടുത്തത്. 2020 ഫെബ്രുവരി 20 ന് ഡൽഹിയിൽ ഉപരാഷ്ട്രപതി എം.വെങ്കയ്യ നായിഡു പുരസ്കാരം സമ്മാനിക്കും.

കേരള നിയമസഭ വളർച്ചയുടെ അറുപത് നാഴികക്കല്ലുകൾ പിന്നിടുമ്പോൾ ജനാധിപത്യത്തെ പുതിയ വിതാനങ്ങളിലേക്ക് എത്തിക്കുന്ന നവീന ഉദ്യമങ്ങളാണ് പി.ശ്രീരാമകൃഷ്ണനെ മാതൃകാ സ്പീക്കർക്കുള്ള അവാർഡിന് അർഹനാക്കിയത്. സഭാ പ്രവർത്തനത്തിന്റെ അന്ത:സത്തയും ഗൗരവവും ചോർന്നു പോകാത്ത വിധത്തിൽ സമയനിഷ്ഠ ഒരു ശീലമാക്കിക്കൊണ്ട് വർഷത്തിൽ അറുപത് ദിവസം വരെ യോഗം ചേർന്ന് കേരള നിയമസഭ രാജ്യത്തിന് മാതൃകയായി. കാലാകാലങ്ങളിൽ രൂപീകരിക്കപ്പെട്ട നിയമങ്ങൾ സമൂഹത്തിൽ വരുത്തിയ ചലനങ്ങളും സ്വാധീനങ്ങളും പഠനവിധേയമാക്കിയതും നിയമനിർമ്മാണത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബില്ലുകളിൽ ഭേദഗതി നിർദ്ദേശിക്കുന്നതിന് പ്രത്യേക പോർട്ടൽ സംവിധാനം ആവിഷ്കരിച്ചതും പുത്തൻ ചുവടുവയ്പാണ്. സർഫാസി നിയമപ്രകാരമുള്ള വിഷയങ്ങൾക്കായി നിയമസഭാ സമിതി രൂപീകരിക്കാനായതും സ്പീക്കറുടെ സമയോചിതമായ ഒരു ഇടപെടലായിരുന്നു. സഭയുടെ നിലപാടുകൾ ശക്തമായി അവതരിപ്പിക്കുന്നതിന് പ്രത്യേക സഭാ സമ്മേളനങ്ങൾ ചേരുന്ന രീതിയും പതിനാലാം സഭയിൽ തുടരാനായി. ഓർഡിനൻസുകൾ സമയബന്ധിതമായി നിയമമാകുകയും അതുവഴി സഭയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്തു. സഭ പാസ്സാക്കിയ നിയമങ്ങളും അനുബന്ധമായുള്ള ചട്ടങ്ങളും സമയബന്ധിതമായി പുറപ്പെടുവിക്കുന്നതിന് സ്പീക്കറുടെ ശക്തമായ റൂളിംഗ് ഉണ്ടായി.

നിയമസഭാ പ്രവർത്തനം സമഗ്രതലത്തിൽ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും സഭയെ സാങ്കേതിക ലോകത്തോട് അടുപ്പിക്കുന്നതിനും കടലാസ് രഹിത ഇ-നിയമസഭ, സഭയുടെ സ്പന്ദനങ്ങൾ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമിൽ ലൈവായും വീഡിയോ ഓൺ ഡിമാന്റിലും ജനങ്ങളിലെത്തിക്കുകയും ലോകത്തോട് സംവദിക്കുകയും ചെയ്യുന്ന സഭ ടി.വി., ഇന്ത്യയിലെ ആദ്യത്തെ നിയമസഭാ വാർത്താപത്രിക 'അറിവോരം', ഭരണഘടനാ സാക്ഷരതാ യജ്ഞം, വിദ്യാർത്ഥികൾക്കായി ആയിരം ഭരണഘടനാ ക്ലാസുകൾ എന്നിങ്ങനെ സർഗ്ഗാത്മകവും സചേതനവുമായ തലത്തിലേയ്ക്ക് നിയമസഭയെ എത്തിക്കുന്നതിനായി നിരവധി പദ്ധതികളാണ് പതിനാലാം നിയമസഭയിൽ ആവിഷ്കരിച്ച് നടപ്പാക്കിയത്. പാർലമെന്ററി പഠന പരിശീലന കേന്ദ്രം സമഗ്രമായി നവീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള 'സ്കൂൾ ഓഫ് ഗവേണൻസ്' രൂപീകരിക്കുന്നതിനുള്ള പദ്ധതികളും നടന്നു വരികയാണ്. നിയമസഭയുടെ ഇത:പര്യന്തമുള്ള നേട്ടങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്ന 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി'യും അതിന്റെ ഭാഗമായി നടന്ന 'നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റും' ആശയസംവാദങ്ങളുടെ പുത്തൻ അനുഭവങ്ങൾ കാഴ്ചവയ്ക്കുന്നതായിരുന്നു.

ജനായത്ത കേരളത്തിന്റെ പൈതൃക സ്മൃതികളുടെ അപൂർവ്വകലവറയായ നിയമസഭാ മ്യൂസിയത്തിന്റെ സമഗ്ര നവീകരണവും പൂർത്തിയായി വരുന്നു. സഭയുടെ ജീവചരിത്രം എന്ന് വിശേഷിപ്പിക്കാവുന്ന 'കേരള നിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കാനായതും സുപ്രധാനമായ കാൽവയ്പാണ്. ഹരിത, ജൈവകൃഷിയുടെ പാഠങ്ങൾ വിളംബരം ചെയ്യുന്ന പച്ചക്കറിത്തോട്ടവും ബയോപാർക്കും കദളീവനവും മുളവനവും തുളസീവനവുമെല്ലാം സഭാസമുച്ചയത്തെ ഒരു പച്ചത്തുരുത്താക്കി മാറ്റിയതും സ്പീക്കറുടെ ഇടപെടലിലൂടെയാണ്.

## സഭാ പ്രസംഗങ്ങളിലൂടെ......

**പുരോഗമനാത്മകമായ നിയമനിർമ്മാണങ്ങളുടെ കാര്യത്തിൽ കേരള നിയമസഭ മുൻപേ പറക്കുന്ന പക്ഷിയാണ്. രാജ്യത്തെ പ്രായപൂർത്തി വോട്ടവകാശം 21 വയസ്സിൽ നിന്ന് 18 വയസ്സാക്കി കുറവ് ചെയ്ത് പാർലമെന്റ് നിയമനിർമ്മാണം നടത്തിയത് 1988 ലാണ്. ഇതിന് 17 വർഷങ്ങൾക്ക് മുൻപ് തന്നെ 18 വയസ്സ് പൂർത്തിയായ എല്ലാ പൗരന്മാർക്കും വോട്ടവകാശം നൽകണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണഘടനാ ഭേദഗതി ആവശ്യപ്പെട്ട് 1971 മാർച്ച് 26 ന് കെ.ജി.കുഞ്ഞുകൃഷ്ണപിള്ള* നടത്തിയ പ്രസംഗം**

'18 വയസ്സ് പൂർത്തിയായ എല്ലാ ഇന്ത്യൻ പൗരന്മാർക്കും വോട്ടവകാശം ലഭിക്കത്തക്ക വിധത്തിൽ ഇന്ത്യൻ ഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നു' ഇതാണ് എന്റെ പ്രമേയം. ഈ പ്രമേയം ഇന്ത്യൻ ഭരണഘടനയുടെ 326-ാം വകുപ്പിനുള്ള ഒരു ഭേദഗതിയാണ്. ഇന്ത്യൻ ഭരണഘടനയുടെ 326-ാം വകുപ്പ് 21 വയസ്സ് പൂർത്തിയായ ഇന്ത്യയിലുള്ള എല്ലാ സ്ത്രീ പുരുഷന്മാർക്കും ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വോട്ടവകാശം അനുവദിച്ചിട്ടുണ്ട്. ഈ 21 വയസ് എന്നുള്ളത് 18 വയസായി കുറവു ചെയ്യണമെന്നുള്ളതാണ് എന്റെ പ്രമേയം. ഭരണഘടനയിൽ പല ഭേദഗതികളും വരുത്താൻ പോകുന്ന ഈ സമയത്ത് വോട്ടവകാശത്തിന്റെ പ്രായം 21 വയസ്സ് എന്നുള്ളത് 18 വയസ്സായി കുറയ്ക്കാൻ കഴിയത്തക്കരീതിയിൽ ഭരണഘടനയിലെ 326-ാം ആർട്ടിക്കിളിലും ഭേദഗതി വരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സർ, മുൻകാലങ്ങളിലാണെങ്കിൽ നമ്മുടെ രാജ്യത്ത് അയ്യായിരവും പതിനായിരവും രൂപ നികുതികൊടുത്തിരുന്നവർക്കു മാത്രമാണ് വോട്ടവകാശമുണ്ടായിരുന്നത്. എന്നാൽ സംഘടിതമായ ജനങ്ങളുടെ സമരത്തിന്റെയും പ്രക്ഷോഭങ്ങളുടെയും ഫലമായി 21 വയസ് പൂർത്തിയായ ആളുകൾക്ക് വോട്ടു ചെയ്യാനുള്ള അവകാശം ഇന്ന് സംസിദ്ധമായിട്ടുണ്ട്. ജനാധിപത്യവും ഭരണക്രമവും ഭരണഘടനകളും നിലവിൽ വന്നപ്പോഴും വോട്ടു ചെയ്യാനുള്ള അവകാശവും ഭരിക്കാനുള്ള അവകാശവും പണക്കാർക്കും ജൻമിമാർക്കും മാത്രമാണു ലഭിച്ചിരുന്നത്. എന്നാൽ പിന്നീട് സാധാരണ ജനങ്ങളുടെ സംഘടിത സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായി 21 വയസ് പൂർത്തിയായ ആളുകൾക്ക് ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസം കൂടാതെ വോട്ടു ചെയ്യാനുള്ള ഈ അവകാശം സിദ്ധിച്ചു 18 വയസ്സ് എന്നുള്ളത് ജീവിതത്തെ സംബന്ധിച്ചിടത്തോളം മുഖ്യമായ ഒരു ദശയാണ്. മറ്റുള്ള ആളുകളെ അപേക്ഷിച്ച് കൂടുതൽ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുന്ന ഒരു സമയമായതുകൊണ്ട് ഇവർക്കും കൂടി വോട്ടവകാശം കൊടുക്കുന്നകാര്യം ലോകത്തെല്ലാം ഉയർന്നു വന്നിട്ടുണ്ട്.



സർ, ഇതു സംബന്ധിച്ച നിയമം ലോകത്ത് പല സ്ഥലങ്ങളിലും ഇപ്പോൾ നിലവിലിരിക്കുകയാണ്. ഇതിനൊരു മാതൃകയാണ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്. 1936-ൽ സോവിയറ്റ് യൂണിയനിൽ വോട്ടവകാശം 18 വയസ്സായി പ്രഖ്യാപിക്കുകയുണ്ടായി. നമ്മുടെ തൊട്ടടുത്ത രാജ്യമായ സിലോണിൽ 1939 -ൽ 18-ാമത്തെ വയസ്സിൽ വോട്ടവകാശം അനുവദിച്ചു കൊടുക്കുകയാണ് ചെയ്തത്. അതുപോലെ ലോകത്തുള്ള ഭൂരിപക്ഷം സോഷ്യലിസ്റ്റ് രാജ്യങ്ങളിലും 18 വയസ്സാണ് വോട്ടവകാശത്തിന് നിശ്ചയിച്ചിട്ടുള്ളതെന്ന വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉദാഹരണത്തിന് ഈസ്റ്റ് ജർമ്മനി, സുഡാൻ, റുമേനിയ, യുഗോസ്ലേവിയ, നോർത്ത് കൊറിയ, വിയറ്റ്നാം, മെക്സിക്കോ, സോമാലിയ, സാംബിയ, വെനിസ്വല മുതലായ രാജ്യങ്ങളിൽ എല്ലാം 18 വയസ്സിൽ വോട്ടവകാശം വിനിയോഗിക്കാൻ അവസരം നൽകിയിരിക്കുകയാണ്. മറ്റ രാജ്യങ്ങളിൽ മിക്കതിലും വോട്ടവകാശം 18-ാമത്തെ വയസ്സിൽ ലഭിക്കുമ്പോൾ ഭാരതത്തിൽ മാത്രം അത് 21-ാമത്തെ വയസ്സിലേ ലഭിക്കുകയുള്ളു എന്ന് പറയുന്നത് കേൾക്കാൻ തന്നെ നിരക്കാത്ത ഒരു കാര്യമാണ്. 1970-ൽ ബ്രിട്ടണിൽ നടന്ന തെരഞ്ഞെടുപ്പിൽ പോലും 18-ാമത്തെ വയസ്സിൽ വോട്ടവകാശം വിനിയോഗിക്കുവാനുള്ള അവസരം കൊടുത്തിട്ടുണ്ട്. അമേരിക്കയിൽ പ്രസിഡന്റ്നിക്സൺ പോലും വോട്ടവകാശത്തിനുള്ള വയസ്സ് 18 ആയി ചുരുക്കുന്നതിനെപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

സർ, വേറൊരു കാര്യം എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്, പതിനെട്ടിനും ഇരുപത്തിയൊന്നിനും ഇടയ്ക്കു പ്രായമുള്ള ആളുകൾ ഉദ്യോഗങ്ങളുടെ കാര്യത്തിൽ പ്രഗൽഭന്മാരാണ്. ഈ രാജ്യത്തെ പട്ടാളത്തിന്റെ കമാന്റർ ആകാൻ യോഗ്യരായ അവർക്കു തന്നെയായിരിക്കണം ഈ രാജ്യം എവിടെ നിൽക്കണമെന്ന് തീരുമാനിക്കുവാനുള്ള അവകാശവും ഉണ്ടായിരിക്കേണ്ടത്. അതുപോലെ തന്നെ ലോകത്ത് മഹാന്മാരായിട്ടുള്ള പലരും പത്തും പന്ത്രണ്ടും വയസ്സിനിടയിലാണ് പല അത്ഭുതങ്ങളും കാണിച്ചിട്ടുള്ളത്. സർ, ഇന്ത്യയിൽ ആദ്യമായി കേരള യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥികൾക്ക് സെനറ്റിൽ പ്രാതിനിധ്യം നൽകി. അങ്ങനെ പ്രാതിനിധ്യം കിട്ടി സെനറ്റിലേക്കു വന്നവർ വിദ്യാർത്ഥിലോകത്തിനാകമാനം അഭിമാനകരമായി പ്രവർത്തിക്കുകയാണ്. അവർ ഇന്ന് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും അവരുടേതായ പങ്കുനിർവ്വഹിക്കാൻ പോന്നവരാണ്. അവർ രാജ്യത്തിന്റെ വികസനത്തിൽ മാത്രമല്ല സോഷ്യലിസ്റ്റ് വിപ്ലവത്തിനു വരെ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ കാലഘട്ടത്തിന്റെ ആവശ്യവും ഇന്ത്യയിലെ ഏതാണ്ട് അഞ്ചുകോടിയോളം വരുന്ന ചെറുപ്പക്കാരുടെ യുവത്വവും കണക്കിലെടുത്തുകൊണ്ട് 18 വയസ്സു പ്രായമായവർക്കും കൂടി വോട്ടവകാശം ലഭിക്കത്തക്കവണ്ണം ഭരണഘടനയിൽ ഭേദഗതി വരുത്തേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കു പറയുവാനുള്ളത്, ഇന്ത്യയിലെ അഞ്ചുകോടി ജനങ്ങൾക്ക് പുതുതായി വോട്ടവകാശം നൽകണമെന്നാവശ്യപ്പെടുന്ന ഈ പ്രമേയത്തെ എതിർക്കാതെ കേരളം ഒരു മാതൃക കാണിക്കണമെന്നാണ്. അങ്ങനെ ഏകകണ്ഠമായി ഈ പ്രമേയം പാസ്സാക്കാൻ ഞങ്ങളോടൊപ്പം ഗവൺമെന്റും ഉണ്ടായിരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

(*നെടുമങ്ങാട് നിയോജകമണ്ഡലത്തെ 3,4 കേരള നിയമസഭകളിൽ പ്രതിനിധീകരിച്ച സി.പി.ഐ. അംഗമാണ് കെ.ജി. കുഞ്ഞുകൃഷ്ണപിള്ള.)

# സഭയുടെ പൊതുവികാരം പ്രകടിപ്പിക്കാൻ **പ്രമേയങ്ങൾ**

**അനൗദ്യോഗികാംഗമായ ജി.പരമേശ്വരൻ പിള്ള അവതരിപ്പിച്ച പ്രമേയമാണ് ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ ആദ്യമായി ചർച്ച ചെയ്തത്. 1922 ജൂലൈ 20-നായിരുന്നു ചർച്ച. കല്ലാർ ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രമേയം ചർച്ചയ്ക്കുശേഷം വോട്ടിനിട്ട് കൗൺസിൽ നിരാകരിച്ചു.**



ഒരു നിയമനിർമ്മാണ സഭയുടെ പൊതുവികാരമോ അഭിപ്രായമോ ഔപചാരികമായി പ്രകടിപ്പിക്കുന്ന ഉപാധികളിലൊന്നാണ് പ്രമേയം. ഒരു മന്ത്രിക്കോ അംഗത്തിനോ പൊതുതാൽപര്യമുള്ള ഒരു വിഷയത്തെ അധികരിച്ച് പ്രമേയം അവതരിപ്പിക്കാം. 1909 ലെ മിന്റോ-മോർലി പരിഷ്കാരങ്ങൾ പ്രകാരം പൊതുപ്രാധാന്യമുള്ള വിഷയങ്ങളിൽ ശിപാർശ നൽകുന്ന രൂപത്തിലുള്ള പ്രമേയം കേന്ദ്ര നിയമനിർമ്മാണ സമിതിയിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകി. അതനുസരിച്ച് പ്രമേയങ്ങൾക്ക് അനുമതി നൽകുന്നതിന് ചട്ടങ്ങൾ രൂപീകരിക്കുകയും ചട്ടങ്ങളിൽ പ്രമേയത്തിന് അനുമതി നിഷേധിക്കുവാനുള്ള അധികാരം ഗവർണ്ണർ ജനറലിൽ നിക്ഷിപ്തമാക്കുകയും ചെയ്തു. ദക്ഷിണാഫ്രിക്കയിലെ നേറ്റാൾ പ്രവിശ്യയിലേക്ക് കരാർ തൊഴിലാളികളെ (Indentured labour) കയറ്റുമതി ചെയ്യുന്നത് നിരോധിക്കുവാൻ ശിപാർശ ചെയ്തുകൊണ്ടുള്ള പ്രമേയമാണ് കേന്ദ്ര നിയമനിർമ്മാണ സമിതിയിൽ അവതരിപ്പിക്കപ്പെട്ട ആദ്യ പ്രമേയം.1910 ഫെബ്രുവരി 25 നായിരുന്നു അവതരണം. 1947-ൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഗവർണ്ണർ ജനറലിന്റെ ഈ പ്രത്യേകാധികാരം എടുത്തുകളയുകയും കോടതിയുടെ പരിഗണനയിലുള്ളവ ഒഴികെ മറ്റെല്ലാ വിഷയങ്ങളെ സംബന്ധിച്ചും പ്രമേയം അവതരിപ്പിക്കത്തക്കവിധം ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തു. തുടർന്ന് ലോക്സഭ നിലവിൽ വന്നപ്പോൾ പ്രമേയങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

1919 ലെ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ ബില്ലിന്റെ അവതരണാനുമതിക്ക് വേണ്ടിയല്ലാതെയുള്ള പ്രമേയങ്ങൾക്ക് നോട്ടീസ് നൽകുവാൻ അനുമതി നൽകുകയും പ്രമേയം സഭ പരിഗണിക്കണമെങ്കിൽ മറ്റൊരംഗം പിൻതാങ്ങണമെന്നു ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുകയുമുണ്ടായി. നോട്ടീസ് നൽകിയ അംഗത്തിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം മറ്റൊരംഗത്തിന് പ്രമേയം അവതരിപ്പിക്കുവാനും അനുമതി നൽകി. 1921 ലെ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ ചട്ടം 33 മുതൽ 44 വരെ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിരുന്നു.

അനൗദ്യോഗികാംഗമായ ജി.പരമേശ്വരൻ പിള്ള അവതരിപ്പിച്ച പ്രമേയമാണ് ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ ആദ്യമായി ചർച്ച ചെയ്തത്. 1922 ജൂലൈ 20-നായിരുന്നു ചർച്ച. കല്ലാർ ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രമേയം ചർച്ചയ്ക്കുശേഷം വോട്ടിനിട്ട് കൗൺസിൽ നിരാകരിച്ചു.

സർക്കാരിന്റെ പ്രധാന വകുപ്പുകളെ ഉപദേശിക്കുന്നതിനും സഹായിക്കുന്നതിനുമായി കൗൺസിൽ അംഗങ്ങൾ ഉൾപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് എം.ആർ.മാധവവാര്യർ അവതരിപ്പിച്ച പ്രമേയം 1922 നവംബർ 23 ന് സഭ ചർച്ച ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ അനൗദ്യോഗികാംഗങ്ങൾ ഉൾപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് 1923 ജനുവരി 12 ന് തിരുവിതാംകൂറിൽ രൂപം നൽകി. കേരള നിയമസഭ നിലവിൽ വന്നപ്പോൾ ലോക്സഭാ ചട്ടങ്ങൾക്ക് സമാനമായ രീതിയിൽ പ്രമേയങ്ങൾ സംബന്ധിച്ച നിബന്ധനകൾ നിയമസഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തി.

സഭയുടെ പൊതുവികാരമോ അഭിപ്രായമോ വ്യക്തമാക്കുന്നതിനായി പ്രമേയം അവതരിപ്പിക്കാവുന്നതാണ്. ഇത്തരം പ്രമേയങ്ങളിൻമേൽ നടപടിയെടുക്കുവാൻ സർക്കാരിന് നിയമപരമായ ബാദ്ധ്യതയില്ല. എന്നാൽ സർക്കാരിന് വിവേചനാധികാരം ഉപയോഗിച്ച് തീരുമാനമെടുക്കാവുന്നതാണ്.

1983 ൽ ലോകകപ്പ് ക്രിക്കറ്റിൽ ജേതാക്കളായ ഇന്ത്യൻ ടീമിനെ അഭിനന്ദിച്ചുകൊണ്ട് കേരള നിയമസഭയിൽ സർക്കാർ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. മഹാത്മജിയുടെ ജൻമശതാബ്ദി പ്രമാണിച്ച് അദ്ദേഹം നൽകിയ നിസ്തുല സേവനങ്ങൾക്ക് കൃതജ്ഞത അർപ്പിച്ചുകൊണ്ടുള്ള പ്രമേയം സഭയുടെ 1969 ഒക്ടോബർ 2 ലെ പ്രത്യേക സമ്മേളനത്തിൽ പാസ്സാക്കുകയുണ്ടായി. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, കായംകുളം താപനിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കൽ എന്നീ തീരുമാനങ്ങൾ നടപ്പിലാക്കിയ കേന്ദ്രസർക്കാരിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം 2005 ഫെബ്രുവരി 28 ന് നിയമസഭ പാസ്സാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര റെയിൽവേ ബജറ്റിൽ കേരളത്തെ പൂർണ്ണമായും അവഗണിച്ചതിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതിന് 2014 ജൂലൈ 9 ന് സഭ പ്രമേയം പാസ്സാക്കി. ഇതിന് സമാനമായ ഒന്നാണ് പതിനാലാം കേരള നിയമസഭ 2019 ഡിസംബർ 31 ന് ചേർന്ന പ്രത്യേക സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച 2019 ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം. ഈ പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

ഭരണഘടനയ്ക്കോ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കോ അനുസൃതമായി പ്രമേയം അവതരിപ്പിക്കാറുണ്ട്. ഇവയാണ് സ്റ്റാറ്റ്യൂട്ടറി പ്രമേയങ്ങൾ. സ്പീക്കറെയോ ഡെപ്യൂട്ടി സ്പീക്കറേയോ തൽസ്ഥാനത്തുനിന്ന് നീക്കുന്നതിനുള്ള പ്രമേയങ്ങൾ, ഗവർണർ വിളംബരപ്പെടുത്തിയ ഓർഡിനൻസ് നിരാകരിക്കുന്ന പ്രമേയം എന്നിവ നിയമസഭയിൽ അവതരിപ്പിക്കാവുന്ന സ്റ്റാറ്റ്യൂട്ടറി പ്രമേയങ്ങളാണ്. ഭരണഘടനയുടെ 368-ാം അനുച്ഛേദപ്രകാരം പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയശേഷം പകുതിയിലധികം സംസ്ഥാന നിയമസഭകൾ അംഗീകാരം നൽകേണ്ടുന്ന ഭരണഘടനാ ഭേദഗതികളെക്കുറിച്ചുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയവും 2019 ഡിസംബർ 31 ലെ പ്രത്യേക സഭാസമ്മേളനത്തിൽ അവതരിപ്പിച്ചിരുന്നു. ലോക്സഭകളിലും നിയമസഭകളിലും പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യ സംവരണ കാലാവധി നീട്ടുന്നതു സംബന്ധിച്ചുള്ളതായിരുന്നു പ്രമേയം. പ്രമേയത്തിന് കെ.സി.ജോസഫ് ഒരു ഭേദഗതി നോട്ടീസ് നൽകിയിരുന്നെങ്കിലും സ്പീക്കർ അവതരിപ്പിക്കാൻ അനുമതി നൽകിയില്ല. ഭേദഗതി നോട്ടീസ് വിതരണം ചെയ്യുകയുമുണ്ടായില്ല. സാധാരണഗതിയിൽ സ്റ്റാറ്റ്യൂട്ടറി പ്രമേയങ്ങൾക്ക് ഭേദഗതികൾ കൊണ്ടുവരുന്നതോ സർക്കുലേറ്റ് ചെയ്യുന്നതോ ആയ രീതി സഭയുടെ കീഴ്വഴക്കത്തിലില്ലായെന്നും പ്രമേയത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത് ശരിയല്ലായെന്നുമുള്ള കാരണത്താലാണ് സ്പീക്കർ ഭേദഗതിയെ നിരാകരിച്ചത്. എന്നാൽ കെ.സി.ജോസഫിന് സഭയിൽ സംസാരിക്കാൻ അവസരം നൽകി.

സഭ പാസ്സാക്കുന്ന പ്രമേയങ്ങളുടെ പകർപ്പ് മുഖ്യമന്ത്രിക്കും പാർലമെന്ററികാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിക്കും അയച്ചു കൊടുക്കുന്നു.

**(അവലംബം: 'കേരള നിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും')**

# വേർപാട്

**തോമസ് ചാണ്ടി** എം.എൽ.എ.

മുൻമന്ത്രിയും പതിനാലാം കേരള നിയമസഭാംഗവുമായിരുന്ന തോമസ് ചാണ്ടി (72) 2019 ഡിസംബർ 20-ന് അന്തരിച്ചു. രോഗബാധയെത്തുടർന്ന് ചികിത്സയിലായിരുന്ന കുട്ടനാട് നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് പതിനാലാം നിയമസഭയിലെത്തിയത് 2017 ഏപ്രിൽ മുതൽ നവംബർ വരെ ഗതാഗത വകുപ്പുമന്ത്രിയായി ചുമതല വഹിച്ചു. പതിനാലാം കേരള നിയമസഭയുടെ ലൈബ്രറി ഉപദേശക സമിതി ചെയർമാൻ ആയിരുന്നു. എൻ.സി.പി. നാഷണൽ വർക്കിംഗ് കമ്മിറ്റി അംഗം, സംസ്ഥാന കമ്മിറ്റി പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചു വരികയായിരുന്നു. 2006, 2011 എന്നീ വർഷങ്ങളിലും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വി.സി.തോമസിന്റെയും ഏലിയാമ്മ തോമസിന്റെയും മകനായി 1947 ആഗസ്റ്റ് 29-ാം തീയതി ചേന്നങ്കരിയിൽ ജനിച്ചു. ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിൽ ഡിപ്ലോമ നേടി, ബിസിനസ് രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മേഴ്സി ചാണ്ടിയാണ് ഭാര്യ. ഒരു മകനും രണ്ട് പെൺമക്കളുമാണ് ഇവർക്കുള്ളത്. 1970 ൽ കെ.എസ്.യു., യൂത്ത് കോൺഗ്രസ്സ് എന്നിവയുടെ കുട്ടനാട് നിയോജക മണ്ഡലം പ്രസിഡന്റായിരുന്നു.



മുൻ ഗവർണർ **ടി.എൻ.ചതുർവേദി**

മുൻ കേരള ഗവർണർ ടി.എൻ. ചതുർവേദി അന്തരിച്ചു. കേരള ഗവർണറായിരുന്ന സിക്കന്തർ ഭക്ത് നിര്യാതനായതിനെത്തുടർന്നാണ് 2004 ഫെബ്രുവരി 25 മുതൽ ജൂൺ വരെ കർണാടക ഗവർണായിരുന്ന ടി.എൻ.ചതുർവേദി കേരളത്തിന്റെ ചുമതല കൂടി നിർവ്വഹിച്ചത്. മുൻ ഐ.എ.എസ്.ഉദ്യോഗസ്ഥൻ കൂടിയായ ടി.എൻ.ചതുർവേദി 1984-89 കാലഘട്ടത്തിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ആയിരുന്നു. പദ്മവിഭൂഷൺ പുരസ്കാരം ലഭിച്ചിട്ടുണ്ട്.



മുൻ നിയമസഭാംഗം **പി.ടി. മോഹനകൃഷ്ണൻ**

മുൻ നിയമസഭാംഗവും മുതിർന്ന കോൺഗ്രസ് നേതാവും ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാനുമായിരുന്ന പി.ടി.മോഹനകൃഷ്ണൻ (85) 2020 ജനുവരി 10-ാം തീയതി അന്തരിച്ചു. എടപ്പാളിലെ സ്വകാര്യ ആശുപത്രിയിൽ വച്ചായിരുന്നു അന്ത്യം. എ.വി.കുട്ടിമാളു അമ്മയെ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തി 1965 ൽ 24-ാമത്തെ വയസ്സിൽ എ.ഐ.സി.സി. അംഗമായി പൊതുപ്രവർത്തന രംഗത്ത് മാതൃകയായി. മോഹനകൃഷ്ണൻ പൊന്നാനി നിയോജകമണ്ഡലത്തിൽ നിന്ന് നാലുതവണ നിയമസഭയിലേയ്ക്ക് മത്സരിച്ചിട്ടുണ്ട്. 1987 ൽ മുൻ മന്ത്രി ഇ.കെ ഇമ്പിച്ചിബാവയെ തോൽപിച്ചാണ് പൊന്നാനി എം.എൽ.എ. ആയത്. 1983-ൽ ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാനായി. ബാംബു കോർപ്പറേഷൻ ചെയർമാൻ, മലപ്പുറം ഡി.സി.സി. ആക്ടിങ് പ്രസിഡന്റ്, കെ.പി.സി.സി. നിർവ്വാഹക സമിതി അംഗം, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ്, അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു.



മുൻ നിയമസഭാംഗം **എസ്.സുന്ദരമാണിക്യം**

മുൻ നിയമസഭാംഗവും തോട്ടം തൊഴിലാളി നേതാവുമായിരുന്ന എസ്.സുന്ദരമാണിക്യം (79) 2019 ഡിസംബർ 13 ന് അന്തരിച്ചു. 1987 മുതൽ 1991 വരെ കേരള നിയമസഭയിൽ ദേവികുളം മണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്നു. മൂന്നാറിലെ തോട്ടം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ സുന്ദരമാണിക്യം മുൻ നിരയിൽ പ്രവർത്തിച്ചു. സി.പി.എം.ജില്ലാ സെക്രട്ടേറിയറ്റ് അംഗം, എസ്.സി - എസ്.ടി. ഫെഡറേഷൻ സംസ്ഥാന ചെയർമാൻ, സി.ഐ.ടി.യു. സംസ്ഥാന ജനറൽ കൗൺസിൽ അംഗം, പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് കൗൺസിൽ അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിയമസഭയിൽ തൊഴിലാളി പ്രശ്നങ്ങൾ തമിഴിലും അവതരിപ്പിച്ച് പ്രത്യേക ശ്രദ്ധ നേടിയ ആളായിരുന്നു സുന്ദരമാണിക്യം എന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.



മുൻ നിയമസഭാംഗം **വി.ബാലറാം**

മുൻ എം.എൽ.എ. യും കെ.പി.സി.സി. ജനറൽ സെക്രട്ടറിയുമായിരുന്ന വി.ബാലറാം (72) 2020 ജനുവരി 18 ന് അന്തരിച്ചു. 1996, 2001 വർഷങ്ങളിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായിരുന്നു. തൃശ്ശൂർ സ്വദേശിയായ വി.ബാലറാം 1947 നവംബർ 10 നാണ് ജനിച്ചത്. മന്ത്രിസഭാംഗമായി സത്യപ്രതിജ്ഞ ചെയ്ത കെ.മുരളീധരന് മത്സരിക്കുന്നതിനുവേണ്ടി പതിനൊന്നാം നിയമസഭയിലെ അംഗത്വം 20.02.2004 ൽ രാജി വച്ചു. 2001-2004 കാലഘട്ടത്തിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി അദ്ധ്യക്ഷനായിരുന്നു. കൊച്ചിൻ കാർഷിക ബാങ്ക് പ്രസിഡന്റ്, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് വൈസ് ചെയർമാൻ, തൃശ്ശൂർ ഡി.സി.സി. പ്രസിഡന്റ്. എ.ഐ.സി.സി. അംഗം തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.



ഇതരസഭാ വാർത്തകൾ

## ജാർഖണ്ഡിൽ പുതിയ സ്പീക്കർ



പുതുതായി തെരഞ്ഞെടുക്കപ്പെട്ട സ്പീക്കറെ മുഖ്യമന്ത്രി അനുമോദിക്കുന്നു

ജാർഖണ്ഡ് മുക്തി മോർച്ച അംഗമായ രബീന്ദ്രനാഥ് മഹാത്തോയെ ജാർഖണ്ഡ് നിയമസഭാ സ്പീക്കറായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. മുഖ്യമന്ത്രി ഹേമന്ദ് സോറനാണ് നാമനിർദ്ദേശം ചെയ്തത്. 2005, 2014, 2019 എന്നീ വർഷങ്ങളിൽ ജെ.എം.എം സ്ഥാനാർത്ഥിയായി നാലാ നിയോജക മണ്ഡലത്തിൽ നിന്ന് വിജയിച്ച് നിയമസഭാംഗമായിട്ടുണ്ട്.

## രാജ്യഭരണം നടത്തുന്ന സർജൻ

### ആഴ്ചയിൽ ആറുദിവസം പ്രധാനമന്ത്രിക്കസേരയിൽ, ഒരു ദിവസം ഡോക്ടറായി ആശുപത്രിയിലും

ഭൂട്ടാൻ പ്രധാനമന്ത്രി ലോട്ടായ് ഷെറിംഗ് എല്ലാ ശനിയാഴ്ചകളിലും ശസ്ത്രക്രിയാ വിദഗ്ധനായി ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുകയും മറ്റ് ദിവസങ്ങളിൽ രാജ്യഭരണം നടത്തുകയും ചെയ്യുന്നു.



2018 ലാണ് ലോട്ടായ് ഷെറിംഗ് ഭൂട്ടാനിലെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടത്. ധാക്കാ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.ബി.എസ്. ബിരുദം നേടിയശേഷം ബംഗ്ലാദേശ്, ജപ്പാൻ, ഓസ്ട്രേലിയ, അമേരിക്ക എന്നിവിടങ്ങളിൽ ഡോക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. 2013 ലാണ് അദ്ദേഹം രാഷ്ട്രീയ രംഗത്തേയ്ക്ക് പ്രവേശിക്കുന്നത്.

പ്രധാനമന്ത്രിപദവിയിലെ ജോലിഭാരത്തിൽ നിന്നുള്ള ആശ്വാസമായാണ് ശനിയാഴ്ചകളിൽ ആശുപത്രി സേവനം അനുഷ്ഠിക്കുന്നത്. ജിഗ്മെ ഡോർജി വാംഗ്ചുക്ക് റീജിയണൽ റഫറൽ ആശുപത്രിയിൽ ശനിയാഴ്ചകളിൽ നടക്കുന്ന ശസ്ത്രക്രിയകളെല്ലാം പ്രധാനമന്ത്രിയായ സർജന്റെ നേതൃത്വത്തിലാണ്.

ചരിത്രസ്മാരകങ്ങളിലൂടെ..

# ചരിത്രം അടയാളപ്പെടുത്തിയ ഗുണ്ടർട്ട് ബംഗ്ലാവ്

ആധുനിക മലയാളഭാഷയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ഡോ.ഹെർമൻ ഗുണ്ടർട്ട് താമസിച്ച തലശ്ശേരിയിലെ നിട്ടൂർ 'ഇല്ലിക്കുന്ന് ഗുണ്ടർട്ട് ബംഗ്ലാവ്' മലയാളികളുടെ സാംസ്കാരിക തീർത്ഥാടന കേന്ദ്രമാകാനുള്ള യാത്രയിൽ നവീകരണത്തിന്റെ ആദ്യഘട്ടം പിന്നിട്ടു. ബംഗ്ലാവിനെ അക്ഷര മ്യൂസിയവും ഭാഷാപഠന കേന്ദ്രവുമാക്കുന്നതിന്റെ ഭാഗമായാണ് നവീകരണം. തലശ്ശേരി 'പൈതൃക നഗര പദ്ധതി'യിൽ ഉൾപ്പെടുത്തി 2.10 കോടി ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ബംഗ്ലാവിന്റെ തനിമ അതേപടി നിലനിർത്തിയുള്ള നവീകരണത്തിന്റെ രണ്ടാംഘട്ടത്തിൽ രാജ്യാന്തര നിലവാരമുള്ള മ്യൂസിയവും മൂന്നാം ഘട്ടത്തിൽ ഭാഷാപഠന ഗവേഷണകേന്ദ്രവും നിലവിൽ വരും. ജർമ്മൻ സർവ്വകലാശാലയുമായി ചേർന്നാണ് ഭാഷാപഠനത്തിനും ഗവേഷണത്തിനും സൗകര്യമൊരുക്കുന്നത്.

കൊളോണിയൽ ശില്പകലാരീതിയിൽ പണിത ഈ ബംഗ്ലാവ് ഇരുന്നൂറിലധികം വർഷം പഴക്കമുള്ളതാണ്. ഇഷ്ടികയും മണലും ഗ്രാനൈറ്റും തടിയും ഉപയോഗിച്ച് വാച്ച്ടവർ മാതൃകയിൽ പ്രാദേശിക നിർമ്മാണ രീതികൾ ഉപയോഗിച്ചാണ് കെട്ടിടം പണിതത്. മേൽക്കൂര പിരമിഡൽ ആകൃതിയിൽ തടിയിൽ തീർത്ത മച്ചുകൾ ഉൾപ്പെടെയാണ് നിർമ്മിച്ചിരിക്കുന്നത്. തലശ്ശേരി പട്ടണത്തിൽ നിന്നും വടക്ക് കിഴക്കായി സമുദ്ര നിരപ്പിൽ നിന്ന് 200 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇല്ലിക്കുന്നിൽ മനോഹരമായ ബംഗ്ലാവ് പണിതത് തലശ്ശേരിയിൽ വളരെക്കാലം ജഡ്ജിയായിരുന്ന തോമസ് സ്റ്റെഞ്ചാണ്. അദ്ദേഹം സ്വദേശത്തേക്ക് തിരികെ പോയപ്പോൾ ബംഗ്ലാവും ചുറ്റുമുള്ള പറമ്പും ബാസൽ മിഷനു ദാനമായി നൽകി. തോമസ് സ്റ്റെഞ്ച് ബംഗ്ലാവ് പണിയുന്നതിനു മുൻപ് ഇല്ലിക്കാടുകളും പടുമരങ്ങളും ഇടതൂർന്ന് വളർന്ന് ജനവാസമില്ലാത്ത സ്ഥലമായിരുന്നു ഇല്ലിക്കുന്ന്. ബാസൽ മിഷന്റെ പ്രവർത്തനവുമായി ഇന്ത്യയിലെത്തിയ ഡോ.ഹെർമൻ ഗുണ്ടർട്ടും ഭാര്യ ജൂലിയും 1839 ഏപ്രിൽ 12 മുതൽ ഇരുപത് വർഷക്കാലം ഇല്ലിക്കുന്നിൽ താമസിച്ചു.

### ഭാഷയുടെ വേരുകൾ തേടി

വ്യൂർട്ടംബർഗിലെ സ്ഭാപ്രവർത്തകരുടെ കുടുംബത്തിൽ നിന്നാണ് ഡോ.ഹെർമൻ ഗുണ്ടർട്ട് ബാസൽ സഭയിലെ പ്രേഷിതനായി ഒന്നേ മുക്കാൽ നൂറ്റാണ്ട് മുൻപ് തലശ്ശേരിയിലെത്തിയത്. മലയാളഭാഷ പഠിച്ച് അനിതരസാധാരണമായ ഭാഷാപ്രാവീണ്യം നേടിയ അദ്ദേഹം മലയാള ഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകി.

ഗുണ്ടർട്ട് നിട്ടൂർ ബംഗ്ലാവിൽ താമസിച്ചാണ് സുവിശേഷ പ്രവർത്തനങ്ങളും സാഹിത്യ പ്രവർത്തനങ്ങളും നടത്തിയിരുന്നത്. മലയാള ദേശത്ത് ഇരുപത് വർഷം ജീവിച്ച് മലയാളഭാഷയുടെ സമഗ്ര വികസനത്തിനു വേണ്ടി സമർപ്പിച്ചതായിരുന്നു ഹെർമൻ ഗുണ്ടർട്ടിന്റെ ജീവിതം. മലയാള ഭാഷയെ ഒരു നിഘണ്ടുവിലൂടെ ലോകത്തിന് പരിചിതമാക്കിയത് അദ്ദേഹമാണ്.


ഗുണ്ടർട്ട് ബംഗ്ലാവ്

ഇന്ത്യയിലെത്തുന്നതിനു മുൻപുതന്നെ ഫ്രഞ്ച്, ഇംഗ്ലീഷ്, ഗ്രീക്ക്, ലത്തീൻ, ഹീബ്രു തുടങ്ങിയ ഭാഷകളും


ഗുണ്ടർട്ടും ഭാര്യ ജൂലിയും

ഇന്ത്യയിലെത്തിയശേഷം തമിഴ്, തെലുങ്ക്, മലയാളം, കന്നട എന്നിവയും ഗുണ്ടർട്ട് പഠിച്ചു. ജർമ്മനിയിലെ ട്യൂബിംഗൻ സർവ്വകലാശാലയിൽ നിന്ന് ഭാഷാശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടിയ അദ്ദേഹം സാമൂഹ്യ നൻമ പ്രദാനം ചെയ്ത് അശരണർക്ക് സേവനം ചെയ്യുന്നതിനായി സ്വജീവിതം മാറ്റിവച്ചു.

### ആദ്യപത്രം പിറക്കുന്നു

നിട്ടൂരിലെ ഇല്ലിക്കുന്ന് ബംഗ്ലാവിൽ പള്ളിയും പള്ളിക്കൂടവും തൊഴിൽ പരിശീലനവും കല്ലച്ചുകൂടവും അശരണരായ പെൺകുട്ടികൾക്കായി അനാഥാലയവും അദ്ദേഹം തുടങ്ങി. ഇല്ലിക്കുന്നിൽ തമിഴൻ കണ്ട്വൻ കട്ടുവിനെ കൊണ്ട് അച്ച് കൊത്തി അച്ചുകൂടം (ലിത്തോപ്രസ്സ്) ഉണ്ടാക്കി. 1839 മെയ് 14 ന് തലശ്ശേരിയിലും പിന്നീട് നിട്ടൂരിലും സ്കൂളുകൾ സ്ഥാപിച്ചു. പാഠങ്ങൾ അദ്ദേഹം സ്വയം തയ്യാറാക്കി.

1847 ജൂൺ മാസം മലയാളത്തിലെ ആദ്യ വർത്തമാനപത്രമായ 'രാജ്യസമാചാരം' ഇല്ലിക്കുന്നിലെ ലിത്തോപ്രസ്സിൽ അച്ചടിച്ചു. രണ്ടാമത്തെ മാസികയായ 'പശ്ചിമോദയം' അതേ വർഷം ഒക്ടോബറിൽ പുറത്തിറങ്ങി. 1847 ജൂൺ മുതൽ 1850 ഡിസംബർ വരെ 42 ലക്കങ്ങളിലായി 'രാജ്യസമാചാര'വും 1851 ആഗസ്റ്റ് വരെ 'പശ്ചിമോദയ'വും അച്ചടിച്ചു.

പത്രത്തിനും മാസികയ്ക്കുമായി തന്റെ തിരക്കിട്ട ദിവസങ്ങളിലെ നല്ലൊരു ഭാഗം ചെലവഴിച്ചിട്ടും അതിന്റെ ഒരു ലക്കത്തിൽ പോലും പത്രാധിപരുടെ സ്ഥാനത്ത് അദ്ദേഹം തന്റെ പേര് അച്ചടിക്കാൻ അനുവദിച്ചിരുന്നില്ല. ബൈബിൾ തർജ്ജമ, മലയാള വ്യാകരണം, പഴഞ്ചൊൽമാല, ക്രിസ്തീയ ഗാനങ്ങൾ, സഞ്ചാരിയുടെ പ്രയാണം തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ മലയാളത്തിനു ഗുണ്ടർട്ട് സമ്മാനിച്ചു. മലയാള ഭാഷയിലെ പുതിയ പദങ്ങൾ പഠിക്കുന്നതിനായി സദാസമയവും അദ്ദേഹം തന്റെ കീശയിൽ ഒരു നോട്ടുപുസ്തകം സൂക്ഷിക്കുകയും ഓരോ വാക്കിന്റേയും ഉത്ഭവം, വകഭേദങ്ങൾ, അർത്ഥം, പ്രയോഗം എന്നിവ ചോദിച്ചറിഞ്ഞ് പഠിക്കുകയും ചെയ്തിരുന്നു.

### മണ്ണിന്റെ മണമുള്ള നിഘണ്ടു

ഗുണ്ടർട്ടിന് 1858 ൽ രക്താതിസാരം പിടിപെടുകയും 1859 ഏപ്രിൽ 11 ന് അദ്ദേഹം സ്വദേശമായ ജർമ്മനിയിലേയ്ക്ക് തിരികെ പോവുകയും ചെയ്തു. മലബാറിന്റെ വിദ്യാഭ്യാസമേഖലയ്ക്ക് പുത്തൻ ഉണർവ്വും സമൂലമായ മാറ്റവും പ്രദാനം ചെയ്തശേഷമാണ് അദ്ദേഹം സ്വദേശത്തേക്ക് തിരിച്ചത്. മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിന്റേയും മലയാള വ്യാകരണത്തിന്റേയും ജോലികൾ പൂർത്തിയാക്കിയത് ജർമ്മനിയിലെത്തിയ ശേഷമായിരുന്നു.ഗുണ്ടർട്ടിന്റെ ജർമ്മനിയിലെ ജീവിതവും വിശ്രമരഹിതമായിരുന്നു. 1872 ലാണ് മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിന്റെ അച്ചടി പൂർത്തിയാവുന്നത്. അതിന്റെ അവസാന പ്രൂഫും പരിശോധിച്ചശേഷം മാത്രമേ അച്ചടിക്കാൻ അദ്ദേഹം അനുവദിച്ചുള്ളൂ. നിഘണ്ടുവിന്റെ ഒന്നാം പതിപ്പിൽ നിരവധി കുറിപ്പുകൾ എഴുതിച്ചേർത്ത അദ്ദേഹം നിഘണ്ടുവിനെ വിപുലീകരിക്കാനും ആഗ്രഹിച്ചിരുന്നു.

മലയാള വാക്കുകളുടെ അർത്ഥം, നാനാർത്ഥം, പര്യായം,വാക്കുകളുടെ ഇംഗ്ലീഷ് അർത്ഥം, അതുപയോഗിച്ചുള്ള വാചകം എന്ന രീതിയിലാണ് നിഘണ്ടു ക്രമീകരിച്ചിരിക്കുന്നത്. മംഗലാപുരത്തുള്ള ബാസൽ മിഷൻ പ്രസ്സിൽ അച്ചടിച്ച നിഘണ്ടു മലയാളം സംസാരിക്കുന്ന വിവിധ ജനവിഭാഗങ്ങളുമായി അടുത്തിടപഴകി ഭാഷയുടെ നാടൻ പ്രയോഗങ്ങൾ പോലും മനസ്സിലാക്കിയാണ് തയ്യാറാക്കിയത്. മലയാള ഭാഷയുടെ വേരുകളിലേയ്ക്ക് വഴിതെളിയിക്കുന്നതാണ് നിഘണ്ടു.

മലയാള ഭാഷയ്ക്കും വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വളർച്ചയ്ക്കും സക്രിയ സംഭാവനകളാണ് ഡോ.ഹെർമൻ ഗുണ്ടർട്ട് നൽകിയത്. സുവിശേഷകൻ, വിദ്യാഭ്യാസ വിചക്ഷണൻ, ഭാഷാ ഗവേഷകൻ എന്നീ മൂന്ന് രംഗത്തും തിളങ്ങുന്ന സാന്നിധ്യമായിരുന്നു ഗുണ്ടർട്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മംഗലാപുരം മുതൽ കൊച്ചി വരെ പടുത്തുയർത്തിയ ബാസൽ സഭയുടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നും തലയുയർത്തി നിൽക്കുന്നു. ഗുണ്ടർട്ടിനൊപ്പം




### ഗുണ്ടർട്ടിന്റെ ഭാഷാശേഖരം കേരളത്തിന് കൈമാറി

ഹെർമൻ ഗുണ്ടർട്ടിന്റെ ശേഖരത്തിലുണ്ടായിരുന്ന ചരിത്രരേഖകൾ ജർമ്മനിയിലെ ട്യൂബിംഗൻ സർവ്വകലാശാലാ പ്രൊഫസർ ഡോ.ഹൈക്കെ ഊബർലിൻ മുഖ്യമന്ത്രിക്ക് കൈമാറി. മലയാളത്തിന് പുറമേ കന്നട, തുളു, തമിഴ്, തെലുങ്ക്, സംസ്കൃതം തുടങ്ങിയ ഭാഷകളിലെ കല്ലച്ചിലടിച്ച പുസ്തകങ്ങൾ, ലഘുലേഖകൾ, താളിയോലകൾ, ഗുണ്ടർട്ടും സഹപ്രവർത്തകരും ചേർന്നെഴുതിയ പുസ്തകങ്ങൾ എന്നിവയുടെ ഡിജിറ്റൽ ശേഖരമാണ് കൈമാറിയത്. ലോക കേരളസഭയുടെ രണ്ടാം സമ്മേളനത്തോടനുബന്ധിച്ച് നിയമസഭാ മന്ദിരത്തിൽ നടന്ന ചടങ്ങിലാണ് ചരിത്രരേഖകൾ മുഖ്യമന്ത്രി ഏറ്റുവാങ്ങിയത്. 142 കൈയെഴുത്തു പ്രതികളടക്കം 849 ശീർഷകങ്ങളിലുള്ള 1,37,148 പേജുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇവയിൽ 24,000 പേജുകൾ ഓൺലൈനിൽ തിരയാവുന്ന വിധത്തിൽ യൂണികോഡിലേക്ക് മാറ്റിയിട്ടുണ്ട്. (https://www.gundert-portal.de/).

ഭാര്യ ജൂലിയും സാമൂഹ്യപ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായിരുന്നു. ഗുണ്ടർട്ട് ദമ്പതിമാരുടെ മൂന്ന് മക്കളും ജനിച്ചത് ഇല്ലിക്കുന്ന് ബംഗ്ലാവിലാണ്. നോബേൽ സമ്മാന ജേതാവായ ഹെർമൻ ഹെസ്സെ അദ്ദേഹത്തിന്റെ പേരക്കുട്ടിയാണ്. 1893 ഏപ്രിൽ 25 ന് ഗുണ്ടർട്ട് അന്തരിച്ചു. മലയാളഭാഷയ്ക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിനെ മഹാകവി ഉള്ളൂർ വിലയിരുത്തിയതിങ്ങനെ: 'അദ്ദേഹം പാലാഴിയിൽ നിന്ന് ദേവാമൃതമെന്ന പോലെ കടഞ്ഞെടുത്ത് കൈരളിക്ക് കാഴ്ച വച്ച മലയാളം-ഇംഗ്ലീഷ് നിഘണ്ടു പോലെ ഒരു മഹാഗ്രന്ഥം കേരളത്തിൽ വേറെയില്ല'.

### വിശ്വസംസ്കൃതിയിലേയ്ക്ക് ഒരു ജാലകം

ഗുണ്ടർട്ടിനോടുള്ള ആദരസൂചകമായി അദ്ദേഹം പഠിച്ച ജർമ്മനിയിലെ ട്യൂബിംഗൻ സർവ്വകലാശാലയിൽ ഗുണ്ടർട്ട് ചെയർ സ്ഥാപിക്കുകയും മലയാള ഭാഷാ പഠനത്തിനും ഗവേഷണത്തിനും തുടക്കം കുറിക്കുകയും ചെയ്തു. തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയുമായി സഹകരിച്ചാണ് വിദേശവിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങളിൽ മലയാളം പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ മലയാള പഠനത്തിന് വഴി ഒരുക്കിയിരിക്കുന്നത്.

നമ്പൂതിരി ഭാഷയിൽ നിന്നും തമിഴ് ചുവയുള്ള ദ്രാവിഡ രീതിയിൽ നിന്നും വ്യത്യസ്തമായി തനി മലയാള ഗദ്യഭാഷയ്ക്ക് അടിത്തറയിട്ട ഡോ.ഹെർമൻ ഗുണ്ടർട്ട് ഭാഷയുടെ വികസനത്തിന് സ്വയം സമർപ്പിച്ചു. വിശ്വസംസ്കൃതിയുടെ ജാലകം തുറന്ന് അദ്ദേഹം മലയാളഭാഷയെ ലോകത്തിന് പരിചയപ്പെടുത്തി.

"സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായാണ് ഇല്ലിക്കുന്ന് ഗുണ്ടർട്ട് ബംഗ്ലാവ് സംസ്ഥാന ടൂറിസം വകുപ്പ് നവീകരിക്കുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടമായി രാജ്യാന്തര നിലവാരമുള്ള മ്യൂസിയവും മൂന്നാം ഘട്ടമായി ഭാഷാപഠന ഗവേഷണ കേന്ദ്രവും അവിടെ സ്ഥാപിക്കും. നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ കൊട്ടാരങ്ങളും, ആരാധനാലയങ്ങളും കോട്ടകളും വ്യാപാര കേന്ദ്രങ്ങളും അടക്കമുള്ള ചരിത്ര സ്മാരകങ്ങളെ സംരക്ഷിച്ച് കൊണ്ട് നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ടൂറിസം ഉൽപ്പന്നമായി മാർക്കറ്റ് ചെയ്യുന്ന ടൂറിസം നയമാണ് സംസ്ഥാന സർക്കാരിന്റേത്.

തലശ്ശേരി കൂടാതെ കൊടുങ്ങല്ലൂർ ആസ്ഥാനമായ മുസിരിസ്, ആലപ്പുഴ എന്നിങ്ങനെ മൂന്ന് പ്രധാന പൈതൃക സംരക്ഷണ പദ്ധതികളാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. തലശ്ശേരി പൈതൃക പദ്ധതി വയനാട് ജില്ലയിലേക്ക് കൂടി വ്യാപിപ്പിക്കാനുള്ള നടപടിയും സ്വീകരിച്ച് വരുന്നുണ്ട്.

കേരളത്തിലെ പ്രശസ്തമായ വ്യാപാര കേന്ദ്രങ്ങളായ മിഠായിതെരുവ്, ചാല എന്നിവിടങ്ങളിലും ഇത്തരം വികസന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലും പരിസര പ്രദേശങ്ങളിലും ആയി വ്യാപിച്ച് കിടക്കുന്ന പൈതൃക സമ്പത്ത് കോർത്തിണക്കി തിരുവിതാംകൂർ ഹെറിറ്റേജ് സർക്യൂട്ട് എന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും ഇതിനകം ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്."



**കടകംപള്ളി സുരേന്ദ്രൻ**
സഹകരണവും വിനോദസഞ്ചാരവും വകുപ്പ്മന്ത്രി



# മോഹനം മുളവനം

ജീവന്റെ തുടർച്ചയ്ക്ക് പ്രകൃതിയുടെ നൈസർഗ്ഗിക ആവാസവ്യവസ്ഥ കൂടിയേ തീരൂ. പ്രകൃതിയുടെ വന പുനഃസ്ഥാപനത്തിന് മുളങ്കാടുകൾക്ക് ഏറെ പങ്ക് വഹിക്കാനുണ്ട്. മുളയെ സംരക്ഷിക്കുന്നതിനായി നിയമസഭാ പൂന്തോട്ടത്തിലും മുളവനം ഒരുങ്ങുന്നു. ലാത്തിമുള, ആനമുള, കല്ലൻമുള, ബാംബൂസ് ബാൽകോവ തുടങ്ങിയവ ഈ ചെറുമുളവനത്തിൽ വളർന്നു വരുന്നു. നിയമസഭാ സമുച്ചയത്തിൽ ഹരിത പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനായി രൂപീകരിച്ച സമിതി കാർബൺ ബഹിർഗമനം തടയുന്നതിന് മുളവനം സൃഷ്ടിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പീച്ചി കേരള വന ഗവേഷണ സ്ഥാപനത്തിലെ എക്സ്റ്റൻഷൻ ആന്റ് ട്രെയിനിംഗ് വിഭാഗം ശാസ്ത്രജ്ഞൻ ഡോ.എ.വി.രഘുവിന്റെ സഹായത്തോടെയാണ് നിയമസഭാ പൂന്തോട്ടത്തിൽ മുളങ്കാട് ഒരുങ്ങുന്നത്.

വേഗം വളരുന്ന സസ്യമായതിനാൽ കാർബൺ ആഗിരണത്തോത് മറ്റു സസ്യങ്ങളെക്കാൾ വളരെക്കൂടുതൽ ആണെന്നതാണ് മുളങ്കാടുകളുടെ പരിസ്ഥിതി പ്രാധാന്യം. മണ്ണൊലിപ്പ് തടയുന്നതിനും ജല സംരക്ഷണത്തിനും മുളങ്കാടുകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. വനവത്കരണം, നദീസംരക്ഷണം, മലഞ്ചെരിവുകളുടെ സംരക്ഷണം എന്നിവയ്ക്കായും മുള ഉപയോഗിച്ചു വരുന്നു.

പുരാതന കാലം മുതൽ ദൈനംദിന ജീവിതത്തിൽ മനുഷ്യൻ മുളയെ ഏറെ ആശ്രയിച്ചിരുന്നു. ആഹാരത്തിനും ഔഷധത്തിനും മാത്രമല്ല കരകൗശല വസ്തുക്കളുടെയും വീട്ടുപകരണങ്ങളുടെയും നിർമ്മാണം, വിവിധ കാർഷിക ഉപകരണങ്ങളുടെയും വീട്, പാലം തുടങ്ങിയവയുടെയും നിർമ്മാണം, സംഗീതോപകരണങ്ങളുടെ നിർമ്മാണം എന്നിവയ്ക്കെല്ലാം മുള പ്രയോജനപ്പെടുന്നു.

മുളങ്കൂട്ടം ഒട്ടേറെ ജീവജാലങ്ങളുടെ സവിശേഷ ആവാസവ്യവസ്ഥയാണ്. കരിയില ശലഭം, മുളംതവിടൻ, പൂങ്കണ്ണി, ശരശലഭം, ചെങ്കണ്ണി തുടങ്ങിയവ മുളങ്കാടുകളെ ആശ്രയിച്ച് ജീവിക്കുന്ന ശലഭങ്ങളാണ്. കോഴിവേഴാമ്പൽ, പച്ചിലക്കുടുക്ക, മഞ്ഞക്കിളി, ചെമ്പോത്ത്, മരതകപ്രാവ്, മണ്ണാത്തിപ്പുള്ള്, ഓലഞ്ഞാലി എന്നിവ മുളങ്കാടുകളിൽ ധാരാളമായി കണ്ടുവരുന്നു. മുള അണലി, വില്ലൂന്നി, ചേര എന്നീ ഇനം പാമ്പുകൾക്കും ചിലയിനം എലികൾക്കും മുളങ്കൂട്ടം പാർപ്പിടമൊരുക്കുന്നു.


മുളങ്കാടുകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും ഓർമ്മപ്പെടുത്തി സെപ്റ്റംബർ 18 ലോക മുളദിനമായി ആഘോഷിക്കുന്നു. ആഹാരം മുതൽ ഔഷധം വരെ സകലതിനും മനുഷ്യരാശി മുളകളെ ആശ്രയിച്ചിട്ടുണ്ട്. നിയമസഭാ വളപ്പിലെ മുളവനം ജൈവവൈവിദ്ധ്യം നിലനിർത്തുന്ന നഗര ഹൃദയത്തിലെ സവിശേഷ ഇടമായി മാറുന്നു.

# പകർച്ചപ്പനിയാൽ നിറുത്തി വച്ച സഭാ സമ്മേളനം

പകർച്ചപ്പനി വ്യാപനം നിമിത്തം തിരുവനന്തപുരം നഗരത്തിൽ സ്കൂളുകളും കോളേജുകളും സിനിമാശാലകളും മറ്റും അടയ്ക്കാൻ തീരുമാനിച്ചുവെന്ന പത്രവാർത്തയിലേക്കാണ് ജോസഫ് ചാഴിക്കാട്ട് 1957 ജൂൺ 12-ാം തീയതിയിലെ സഭാ സമ്മേളനത്തിന്റെ ശ്രദ്ധ ക്ഷണിച്ചത്. പകർച്ചപ്പനി പിടിപെട്ടു കിടപ്പിലായ നിയമസഭാംഗങ്ങളുടെ പേരുകളും അദ്ദേഹം പരാമർശിച്ചു. കൂടുതൽ പേർക്ക് രോഗബാധയുണ്ടാകാതിരിക്കാൻ സഭാ നടപടികൾ ഒരാഴ്ചത്തേക്ക് നിറുത്തി വയ്ക്കണമെന്ന അദ്ദേഹത്തിന്റെ ആവശ്യത്തെ തോമസ് ജോണും പിന്തുണച്ചു. തോമസ് ജോൺ അദ്ദേഹം താമസിക്കുന്ന ലോഡ്ജിലെ പലരും ആശുപത്രിയിലാണെന്ന് അഭിപ്രായപ്പെട്ടു. ലീലാ ദാമോദരമേനോനും സുഖക്കേട് ബാധിച്ചിരിക്കുകയാണെന്ന് തോന്നുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടയുടനെ അവർ സഭയിലേക്ക് പ്രവേശിച്ചത് സഭാംഗങ്ങളിൽ ചിരി പടർത്തി.



ഡോ.എ.ആർ.മേനോൻ



ജോസഫ് ചാഴിക്കാട്ട്

നഗരത്തിൽ ഇൻഫ്ളുവൻസ അതിവേഗം പടർന്നു പിടിച്ചിട്ടുണ്ടെന്നും അമ്പതോ അറുപതോ കേസുകൾ രജിസ്റ്റർ ചെയ്തതിനു തൊട്ടടുത്ത ദിവസം അത് നാനൂറ് കേസുകളായി ഉയർന്നിട്ടുണ്ടെന്നും ഇത് ഗൗരവത്തോടെ കൈകാര്യം ചെയ്യണമെന്ന് തലസ്ഥാനത്തെ പ്രധാന ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആരോഗ്യവകുപ്പമന്ത്രി ഡോ.എ.ആർ.മേനോൻ സഭയെ അറിയിച്ചു. പകർച്ചപ്പനി രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് വിവിധ ആശുപത്രികളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അത്യാവശ്യമുള്ള പക്ഷം പൂർത്തിയായിക്കൊണ്ടിരിക്കുന്ന പുലയനാർ കോട്ടയിലെ ക്ഷയരോഗാശുപത്രിയിൽ പ്രവേശിപ്പിക്കാനും രോഗികളെ ആശുപത്രികളിലേക്ക് അയയ്ക്കാൻ ഗതാഗത വകുപ്പ് ബസുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും അതീവ മുൻകരുതൽ എന്ന നിലയ്ക്കാണ് സ്കൂളുകളും സിനിമാ തീയറ്ററുകളും അടച്ചിടാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും സാംക്രമിക രോഗമെന്ന നിലയിൽ വ്യാപനമുണ്ടായിട്ടുണ്ടെങ്കിലും സഭ നിറുത്തിവയ്ക്കേണ്ട സ്ഥിതി ഇല്ലെന്നുമാണ് മന്ത്രി സഭയിൽ മറുപടി നൽകിയത്. മന്ത്രിയുടെ അഭിപ്രായം മാനിച്ച് സഭാ നടപടികൾ നിറുത്തിവയ്ക്കേണ്ടതില്ലെന്ന് സ്പീക്കർ തീരുമാനിച്ചു.

എന്നാൽ തിരുവനന്തപുരം നഗരത്തിൽ ഇൻഫ്ളുവൻസ അതിവേഗം വ്യാപിക്കുന്ന സാഹചര്യത്തെപ്പറ്റി സഭയിൽ പലതവണ പരാമർശമുണ്ടായപ്പോൾ സ്പീക്കർ പാർട്ടിനേതാക്കളുമായി ചർച്ച നടത്തി. ഇതു സംബന്ധിച്ച് സഭയുടെ പൊതുവികാരം കണക്കിലെടുത്ത് ജൂൺ 19, 20 തീയതികളിലായി ധനകാര്യം സംബന്ധിച്ച ബിസിനസുകൾ മാത്രം പരിഗണിച്ച് സഭ താൽക്കാലികമായി പിരിയുന്നതായി സ്പീക്കർ സഭയെ അറിയിച്ചു. പിന്നീട് ആ സഭാ സമ്മേളനം ജൂലൈ 13 മുതൽ 25 വരെ തുടർന്നു.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

# സൺറൈസ് മാധ്യമ പുരസ്കാരം സമ്മാനിച്ചു



സൺറൈസ് മാധ്യമ പുരസ്കാരം ഏഷ്യാനെറ്റ് ന്യൂസ് റിപ്പോർട്ടർ സാനിയോ മനോമിക്ക് ഡെപ്യൂട്ടി സ്പീക്കർ വി.ശശി സമ്മാനിച്ചു. കഴിഞ്ഞ പ്രളയ കാലത്ത് ഉരുൾ പൊട്ടലിൽ നിരവധി ജീവൻ നഷ്ടമായി ഒറ്റപ്പെട്ടുപോയ നിലമ്പൂരിലെ കവളപ്പാറയിൽ നിന്നുള്ള വാർത്തകളും വിവരങ്ങളും പ്രേക്ഷകരുടെയും രക്ഷാപ്രവർത്തകരുടെയും ശ്രദ്ധയിലേയ്ക്ക് ഏറ്റവും ആദ്യം എത്തിച്ച മാധ്യമപ്രവർത്തക എന്ന നിലയിലാണ് ഏഷ്യാനെറ്റ് ന്യൂസ് റിപ്പോർട്ടർ സാനിയോ മനോമിയെ സൺറൈസ് മാധ്യമ പുരസ്കാരം നൽകി ആദരിച്ചത്.

കഴിഞ്ഞ നാല് പതിറ്റാണ്ട് കാലമായി ചിറയിൻകീഴിലെ സാംസ്കാരിക മേഖലയിൽ നിറഞ്ഞുനിൽക്കുന്ന സൺറൈസ് കലാ-കായിക സമിതി വാർഷിക ആഘോഷവേളയിൽ നൽകി വരുന്ന പുരസ്കാരമാണിത്. സമൂഹത്തിലെ വിവിധ രംഗങ്ങളിൽ ശ്രദ്ധേയമായവർക്കാണ് സൺറൈസ് പുരസ്കാരം നൽകിവരുന്നത്.

സംഘാടകസമിതി ചെയർമാൻ എ അൻവർഷായുടെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം ഡെപ്യൂട്ടി സ്പീക്കർ ഉദ്ഘാടനം ചെയ്തു. പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള സൺറൈസ് നാടിന്റെ സാംസ്കാരിക മേഖലയ്ക്ക് എന്നും ആവേശം നൽകുന്ന പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭരണകൂടം രാജ്യത്തെ മതേതരമൂല്യങ്ങൾക്കും ഭരണഘടനയ്ക്കും എതിരായി മാറുമ്പോൾ സാംസ്കാരിക കേരളം ഒറ്റക്കെട്ടായി അതിനെതിരെ മുന്നോട്ടു പോവുകയാണ്. സാമൂഹിക നന്മകൾ മുൻനിർത്തി പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്ന സൺറൈസ് പോലെയുള്ള സാംസ്കാരിക-യുവജന സംഘടനകളുടെ നിലപാടുകളും പ്രവർത്തനങ്ങളും ഗ്രാമീണമേഖലകളിൽ പൊതുജനങ്ങൾക്ക് എന്നും സഹായകരമാണെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.

സഭാ സമിതി ശിപാർശകൾ

# സ്പെഷ്യൽ റൂൾ ഭേദഗതിക്ക് പരമാവധി മൂന്ന് മാസം

സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ വിദ്യാഭ്യാസയോഗ്യതകളിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാനുള്ള സമയം പരമാവധി മൂന്നുമാസമാക്കണമെന്ന് സമിതി. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശചെയ്തു. സംസ്ഥാനത്ത് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ വിദ്യാഭ്യാസ യോഗ്യതയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള കാലതാമസം സംബന്ധിച്ച് നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-21) നവംബർ 14 ന് നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിലാണ് ശിപാർശ. സർവ്വകലാശാലകൾ നടത്തുന്ന ചില കോഴ്സുകൾ പി.എസ്.സി. അംഗീകരിച്ചിട്ടില്ലാത്തതിനാൽ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി ആശങ്കയിലാണെന്ന് സമിതി നിരീക്ഷിച്ചു. പുതിയ കോഴ്സുകൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ അംഗീകാരം നൽകിക്കഴിഞ്ഞാൽ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തീകരിക്കുന്നതിനു മുമ്പുതന്നെ അപ്രകാരമുള്ള കോഴ്സുകൾ ബന്ധപ്പെട്ട തസ്തികകൾക്ക് വിദ്യാഭ്യാസയോഗ്യതയായി ഉൾപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ക്ലാർക്ക്/അസിസ്റ്റന്റ് തുടങ്ങിയ സമാന തസ്തികകൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതോ ഭേദഗതി ചെയ്യാത്തതോ ആയ വകുപ്പുകളിലും വകുപ്പുകളുടെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലും അതു സംബന്ധിച്ച ജോലികൾക്കായി ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തണമെന്നും നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തണമെന്നും സമിതി ശിപാർശ ചെയ്തു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുമേധാവികൾ, സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് ചുമതലപ്പെട്ട നോഡൽ ഓഫീസർമാർ എന്നിവർ ഉൾപ്പെടുന്ന സമിതി രൂപീകരിക്കേണ്ടതാണെന്നും അതതു വകുപ്പുകൾ യഥാസമയം സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നുണ്ടോയെന്ന് സമിതി നിരീക്ഷിച്ച് ഉറപ്പാക്കണമെന്നും സമിതി റിപ്പോർട്ടിലുണ്ട്.

നിയമനത്തിന് പി.എസ്.സി. നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്കും ബാധകമാക്കണം എന്നും റ്റി..വി. രാജേഷ് എം.എൽ.എ. ചെയർമാനായുള്ള സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിൽ പറയുന്നു.

## തിരുത്ത്

അറിവോരം - 05/2019 ലക്കത്തിൽ പ്രസിദ്ധീകരിച്ച എ.വി. കുട്ടിമാളു അമ്മയെ സംബന്ധിച്ച ലേഖനത്തിലെ ആദ്യ ഖണ്ഡികയിൽ ആനക്കര വടക്കത്ത് കുടുംബത്തിൽ ജനിച്ച ലക്ഷ്മി എൻ.മേനോൻ എന്നത് ക്യാപ്റ്റൻ ലക്ഷ്മി എന്ന് തിരുത്തി വായിക്കണമെന്നഭ്യർത്ഥിക്കുന്നു. - എഡിറ്റർ

# സഭയുടെ പതിനേഴാം സമ്മേളനം

2019 ഡിസംബർ മാസം 31-ാം തീയതി കേരളനിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം ചേർന്നു. സഭ മൂന്ന് സുപ്രധാന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസാക്കി.

### പട്ടികജാതി - പട്ടികവർഗ്ഗ സംവരണം: ഭരണഘടനാ ഭേദഗതി സാധൂകരിച്ചു

പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും പട്ടികജാതി - പട്ടിക വർഗ്ഗ പ്രാതിനിധ്യം പത്ത് വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി പാർലമെന്റിന്റെ ഇരു സഭകളും പാസാക്കിയ ഭരണഘടന ഭേദഗതി ബിൽ 2019 (126-ാം ഭേദഗതി) സാധൂകരിച്ചുകൊണ്ടുള്ള പ്രമേയം നിയമസഭ ഐകകണ്ഠ്യേന പാസാക്കി.

### 2019 ലെ പൗരത്വ ഭേദഗതി ബിൽ പിൻവലിക്കണം

മതാടിസ്ഥാനത്തിൽ പൗരത്വം നിശ്ചയിക്കുന്ന 2019 ലെ പൗരത്വഭേദഗതി ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ പ്രമേയം പാസാക്കി. 2019 ലെ പൗരത്വ ഭേദഗതി ബിൽ പാർലമെന്റിന്റെ ഇരു സഭകളും അംഗീകരിച്ചതിനെത്തുടർന്ന് സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ ആശങ്കകൾ രൂപപ്പെടുകയും രാജ്യവ്യാപകമായി പ്രതിഷേധം ഉയരുകയും ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

പൗരാവകാശങ്ങൾക്കും സമത്വത്തിൽ അധിഷ്ഠിതമായ സമൂഹത്തിനും വേണ്ടിയുള്ള പോരാട്ടത്തിലെ ഒരു നാഴികക്കല്ലായി രൂപീകരിക്കപ്പെട്ട ഭാരതത്തിന്റെ ഭരണഘടന ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സമത്വത്തിലും ശാസ്ത്രീയ മന:സ്ഥിതിയിലും അധിഷ്ഠിതമാണ്. ഇതിന്റെ അടിത്തറ നാനാത്വത്തിൽ ഏകത്വമെന്ന വീക്ഷണമാണെന്ന് പ്രമേയം ചൂണ്ടിക്കാട്ടി. മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിർണ്ണയിക്കപ്പെടുമ്പോൾ മത-രാഷ്ട്രീയ സമീപനമാണ് അതിൽ ഉൾച്ചേർന്നിരിക്കുന്നതെന്നും ഇത് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷ കാഴ്ചപ്പാടിന് കടകവിരുദ്ധമാണെന്നും അതിനാൽ ഈ നിയമം ഭരണഘടനയുടെ അടിസ്ഥാനഘടനയുമായി പൊരുത്തപ്പെടുന്നതല്ലെന്നും പ്രമേയം വിലയിരുത്തി.

രാജ്യത്തെ വലിയൊരുവിഭാഗം ജനങ്ങളിൽ ഉയർന്നുവരുന്ന ആശങ്ക കണക്കിലെടുത്തുകൊണ്ട്, 2019 ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ കേരള നിയമസഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു.

### ആംഗ്ലോ-ഇന്ത്യൻ പ്രാതിനിധ്യം തുടരണം

ഭരണഘടനയുടെ അനുച്ഛേദം 334(b) പ്രകാരം ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും അനുവദിച്ചിരുന്ന പ്രാതിനിധ്യം 2020 ജനുവരി 26 ന് അവസാനിക്കുകയാണ്. പ്രാതിനിധ്യ കാലാവധി ദീർഘിപ്പിച്ചു നൽകാൻ 126-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ രാജ്യത്ത് നാളിതുവരെ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലഭിച്ചുവന്നിരുന്ന പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു.

# മലബാർ ഡിസ്ട്രിക്ട് ബോർഡും ഖസാക്കിന്റെ ഇതിഹാസവും

ഇന്ത്യയിൽ ആദ്യമായി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നകമ്മ്യൂണിസ്റ്റ് ഭരണം മലബാർ ഡിസ്ട്രിക്ട് ബോർഡിലാണ്. കേരളത്തിലെ അടിസ്ഥാന മാറ്റങ്ങൾക്ക് തുടക്കം കുറിച്ച 1957 ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക് വഴിയൊരുക്കിയത് പി.ടി. ഭാസ്കരപ്പണിക്കർ പ്രസിഡന്റായ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ 1954 മുതൽ 1957 വരെയുള്ള ഭാവനാപൂർണ്ണമായ ഭരണമായിരുന്നു. സ്വയംഭരണത്തിന് ഇന്ത്യക്കാർ പ്രാപ്തരാണെന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആദ്യമായി പ്രഖ്യാപിച്ചയുടൻ ഇന്ത്യക്കാരെ വ്യാമോഹിപ്പിക്കുന്നതിനായുള്ള ബ്രിട്ടീഷുകാരുടെ ഒരു തന്ത്രമായിരുന്നു തദ്ദേശഭരണ സ്ഥാപനങ്ങൾ. 1920 ലെ മദ്രാസ് ലോക്കൽ ബോർഡ് നിയമമനുസരിച്ച് നികുതിദായകർ അംഗങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് ജില്ലാ ബോർഡുകൾ രൂപീകൃതമായി. മദിരാശി സംസ്ഥാനത്തിലെ ഒരു പ്രധാന ജില്ലയായിരുന്നു മലബാർ. ശ്രീരംഗപട്ടണം ഉടമ്പടിക്കുശേഷം ബോംബെ സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ 1800 ജൂലൈ മുതലാണ് മദിരാശി സംസ്ഥാനത്തോട് ചേർത്തത്. ജില്ലയുടെ ഭരണത്തിന് ഒരു പ്രിൻസിപ്പൽ കളക്ടറും അദ്ദേഹത്തെ സഹായിക്കാൻ ഒൻപത് സബോർഡിനേറ്റ് കളക്ടർമാരും നിയമിക്കപ്പെട്ടു.

മലബാറിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് എന്തെന്നില്ലാത്ത ഒരു ജനകീയ പിന്തുണ ലഭിച്ച കാലത്ത് 1954 ആഗസ്റ്റിലാണ് ഡിസ്ട്രിക്ട് ബോർഡിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നത്. ആകെ 48 അംഗങ്ങളുള്ള ജില്ലാ ബോർഡിൽ ചില സീറ്റുകൾ ഹരിജനങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്തിരുന്നു. ബാക്കിയെല്ലാം പൊതുവിഭാഗം സീറ്റുകൾ. കമ്മ്യൂണിസ്റ്റ് പാർട്ടി, കോൺഗ്രസ്, മുസ്ലീം ലീഗ്, സോഷ്യലിസ്റ്റ് പാർട്ടി, സ്വതന്ത്രർ ഇങ്ങനെ വിവിധവിഭാഗങ്ങളിലെ സ്ഥാനാർത്ഥികൾ. എ.കെ. ഗോപാലനെപ്പോലുള്ള നേതാക്കളാണ് പ്രചരണത്തിന് നേതൃത്വം കൊടുത്തത്. തെരഞ്ഞെടുപ്പ് കോൺഗ്രസിനോടുള്ള സമരമല്ല, മറിച്ച് ജന്മി-മുതലാളി വ്യവസ്ഥയോടുള്ള ഒരു സമരമാണെന്നും ആ സമരത്തിൽ നല്ല കോൺഗ്രസ്സുകാരും മുസ്ലീം ലീഗുകാരുമെല്ലാം പങ്കുണ്ടെന്നും അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള ഭരണം എന്നതുമായിരുന്നു കമ്മ്യൂണിസ്റ്റുകാരുടെ രാഷ്ട്രീയ പ്രചരണത്തിന്റെ മാതൃക.

ഫലപ്രഖ്യാപനം കഴിഞ്ഞപ്പോൾ ആർക്കും കേവല ഭൂരിപക്ഷമില്ലാത്ത ഒരു സ്ഥിതി. ബോർഡ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായിരുന്ന പി.ടി. ഭാസ്കരപ്പണിക്കർ തെരഞ്ഞെടുക്കപ്പെട്ടു. ജയിച്ച അംഗങ്ങളിൽ അറിയപ്പെടുന്ന നേതാവായി ഇ.പി. ഗോപാലൻ മാത്രമാണുണ്ടായിരുന്നത്. പല നേതാക്കളും മത്സരിച്ചിരുന്നില്ല. മുസ്ലീം ഭൂരിപക്ഷ പ്രദേശമായ കുറ്റിപ്പുറം ഫർക്കയിൽ നിന്ന് ടി. രാഘവനുണ്ണി ജയിച്ചിരുന്നു. മലബാറിലെ മിക്കവാറും എല്ലാ ഗ്രാമങ്ങളിലും കോൺഗ്രസുകാരനായും സോഷ്യലിസ്റ്റായും കർഷകസംഘം നേതാവായും കമ്മ്യൂണിസ്റ്റുകാരനായും അറിയപ്പെട്ടിരുന്ന ഇ.പി. ഗോപാലനാണ് ബോർഡ് പ്രസിഡന്റാകാൻ ഭാസ്കരപ്പണിക്കറുടെ പേര് നിർദ്ദേശിച്ചത്. ഭരണമുന്നണി നേതാവ് ഇ.പി. ഗോപാലനും വൈസ് പ്രസിഡന്റ് കെ.വി. മൂസാൻ കുട്ടി മാസ്റ്ററും സെക്രട്ടറി കെ. ഉണ്ണി കൃഷ്ണവാരിയരും ആയിരുന്നു.

മലബാർ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പിലെ വിജയം ആഘോഷിക്കാൻ കോഴിക്കോട് കുറ്റൻ ജാഥയും കടപ്പുറത്ത് മഹാസമ്മേളനവും ചേർന്നു.

പി.ടി. ഭാസ്കരപ്പണിക്കർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റായിരുന്ന കാലം കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അതിപ്രധാനമാണ്. ജനസമ്മതിനേടിയ ഭരണാധികാരി എന്നതിനുപുറമേ അദ്ധ്യാപകൻ, രാഷ്ട്രീയ നേതാവ്, പ്രഭാഷകൻ എന്നിങ്ങനെ ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം. ഒരു കമ്മ്യൂണിസ്റ്റുകാരൻ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റാകുന്നത് ആദ്യം. മൂന്നുവർഷത്തിനുശേഷം സംസ്ഥാനത്ത് കമ്മ്യൂണിസ്റ്റ്സർക്കാർ നിലവിൽ വന്നതിന്റെ അടിസ്ഥാനശിലയായിരുന്നു അത്. ബോർഡിലെ പ്രതിപക്ഷ പാർട്ടിയംഗങ്ങളെ കൂടെനിർത്തി ബോർഡിന്റെ പ്രവർത്തനം അദ്ദേഹം വിജയകരമാക്കി. ജനാധിപത്യഭരണത്തിന് പത്രമാധ്യമങ്ങളുമായുള്ള ബന്ധത്തിന്റെ ആവശ്യകത മനസ്സിലാക്കി ഇടയ്ക്കിടെ പത്രസമ്മേളനങ്ങൾ നടത്തി. പത്രങ്ങളിൽ പ്രസിദ്ധീകരണത്തിനു വന്ന പല പരാതിക്കത്തുകളും ബോർഡിന് അയച്ചു കൊടുത്ത് നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. ഒരുപിടിയാളുകളുടെ ഭരണമല്ല, മറിച്ച് മലബാറിലെ സാധാരണക്കാരുടെ ഭരണമാണുള്ളത് എന്ന് ബോർഡിന്റെ പ്രവർത്തനം വിളിച്ചോതി. പ്രസിഡന്റും വൈസ് പ്രസിഡന്റും മറ്റും ബസ്സിലും തീവണ്ടിയിലും തിക്കിത്തിരക്കി യാത്ര ചെയ്തു. ശിപായിമാരില്ലാതെ, നടന്നുപോകേണ്ടിടത്ത് നടന്നെത്തിയും ഗ്രാമപ്രദേശങ്ങളിൽ സാധാരണക്കാരുടെ വീടുകളിൽ താമസിച്ചും എവിടെ വച്ചും ആർക്കും തങ്ങളെ സമീപിക്കാം എന്ന നില വരുത്താൻ കഴിഞ്ഞു. പല സ്കൂൾ വാർഷികങ്ങൾക്കും സംബന്ധിച്ചശേഷം രാത്രി സ്കൂളിലെ ബഞ്ചുകളിൽ കിടന്നുറങ്ങുന്ന ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റും വൈസ് പ്രസിഡന്റും നാട്ടുകാർക്ക് അത്ഭുതമായിരുന്നു.

മലബാർ പ്രദേശത്ത് കമ്മ്യൂണിസ്റ്റ് സ്വാധീനം വർദ്ധിക്കാനിടയാക്കിയതിൽ അന്നത്തെ ഡിസ്ട്രിക്ട് ബോർഡ് സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്.


1957 ഒക്ടോബറിൽ കാലാവധി കഴിയുന്നതുവരെ പ്രതിസന്ധികളൊന്നുമില്ലാതെ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഭരണം നിലനിന്നു. ജനങ്ങൾക്കുവേണ്ടി മരിക്കാനെന്നപോലെ അവർക്കുവേണ്ടി ഭരിക്കാൻ കഴിവുറ്റവരാണ് കമ്മ്യൂണിസ്റ്റുകാരെന്ന് തെളിയിച്ച ബോർഡ് ഭരണം 1957 ൽ അധികാരത്തിൽ വന്ന ഒന്നാമത്തെ കേരള സംസ്ഥാന സർക്കാരിനുള്ള 'ഡ്രെസ് റിഹേഴ്സൽ' ആയിരുന്നുവെന്ന് വിലയിരുത്തപ്പെട്ടു.

ബ്രിട്ടീഷ് ആധിപത്യകാലത്ത് മലബാർ മേഖല അക്ഷരാർത്ഥത്തിൽ അവഗണിക്കപ്പെട്ട സ്ഥിതിയിലായിരുന്നു. വിദ്യാഭ്യാസമേഖലയിലും വികസനരംഗത്തും ഇത് വളരെ പ്രകടവുമായിരുന്നു. അന്നത്തെ ഡിസ്ട്രിക്ട് ബോർഡിന് കടത്തുകൂലി, ചന്ത ലൈസൻസ് തുടങ്ങിയ നിസാരമായ വരുമാനമാർഗ്ഗങ്ങളേ ഉണ്ടായിരുന്നുള്ളു. കാമരാജായിരുന്നു അക്കാലത്ത് മദിരാശിയിലെ മുഖ്യമന്ത്രി. കാമരാജ് തന്റെ പ്രസിദ്ധമായ ഭരണശൈലിക്കനുസരിച്ച് ഉദാരമായി മലബാർ ബോർഡിനെ സഹായിച്ചു. പി.ടി.ഭാസ്ക്കരപ്പണിക്കരുടെ ഒറ്റയാൻ വിപ്ലവമാണ് അന്ന് മലബാറിൽ നടന്നതെന്ന് അതിശയോക്തിയില്ലാതെ തന്നെ പറയാം.

പ്രതികൂലമായ ഭരണസാഹചര്യങ്ങളെയും പരിമിതമായ സാമ്പത്തിക സ്രോതസ്സുകളെയും അവഗണിച്ചുകൊണ്ട് ധീരവും ക്ലേശകരവുമായ



പി.ടി. ഭാസ്കരപ്പണിക്കർ



ഒ.വി.വിജയൻ



ഒ.വി. ഉഷ

പ്രവർത്തനങ്ങളിലൂടെ പഴയ മദിരാശി പ്രവിശ്യയുടെ ഏറ്റവും പിന്നാക്കം നിന്നിരുന്ന ജില്ലകളിലൊന്നായ മലബാറിന്റെ വികസനത്തിനുവേണ്ടി ജില്ലാ ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ അവിസ്മരണീയമാണ്.

ഒരു ജനകീയ ഭരണം എങ്ങനെയായിരിക്കണമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമായിരുന്നു പി.ടി. ഭാസ്ക്കരപ്പണിക്കർ നയിച്ച മലബാർ ഡിസ്ട്രിക്ട് ബോർഡ് ഭരണം. പിന്നാക്ക ജനവിഭാഗങ്ങൾക്കിടയിൽ പിന്നാക്കം നിൽക്കുന്ന സ്ഥലങ്ങളിൽ പുതിയ വികസന സമീപനം സ്വീകരിച്ചു. ഹരിജനങ്ങൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും ഡിസ്ട്രിക്ട് ബോർഡ് ഒരു ആശ്വാസകേന്ദ്രമായിരുന്നു. ജനങ്ങളുടെ വിദ്യാഭ്യാസ കാര്യത്തിൽ ബോർഡ് പ്രത്യേകം ശ്രദ്ധിച്ചു. എൽ.പി.സ്കൂളുകൾ യു.പി. സ്കൂളുകളാക്കി ഉയർത്തിയപ്പോൾ നാട്ടുകാർ ആവശ്യമായ സ്ഥലവും ഫർണിച്ചറുകളും സംഭാവന ചെയ്തു. എല്ലാ ജനവിഭാഗങ്ങളും അടങ്ങുന്ന കമ്മിറ്റികളാണ് സ്കൂളുകളുടെ സ്ഥാപനത്തിന് നേതൃത്വം നൽകിയത്. ഡിസ്ട്രിക്ട് ബോർഡിന്റെ അധികാര പരിധിക്കപ്പുറത്തേക്കും ബോർഡിന്റെ ഇടപെടലുണ്ടായി. നാമാവശേഷമായിക്കൊണ്ടിരുന്ന പട്ടാമ്പിയിലെ സംസ്കൃത കോളേജ് ഏറ്റെടുത്തു. ആയുർവേദാശുപത്രികൾക്ക് ആവശ്യമായ മരുന്നുണ്ടാക്കാൻ മണ്ണൂരിൽ ഒരു ഔഷധ നിർമ്മാണശാല സ്ഥാപിക്കാൻ ബോർഡിന് കഴിഞ്ഞു. പുരോഗമന ഭിഷഗ്വരന്മാരായ എൻ.വി. കൃഷ്ണൻകുട്ടി വാര്യർ, കുഞ്ചുണ്ണി കർത്താവ് എന്നിവരായിരുന്നു അതിന്റെ തലപ്പത്ത്. ശിപാർശയില്ലാതെ തന്നെ ആർക്കും നേരിട്ട് പ്രസിഡന്റിന് കത്തെഴുതാം. ഇത്തരം കത്തുകൾക്ക് പ്രസിഡന്റ് തന്നെ നേരിട്ട് മറുപടി നൽകുകയും ചെയ്തിരുന്നു. മാനുഷികമായ ഏതു പ്രശ്നങ്ങളോടും ക്രിയാത്മകമായി പ്രതികരിക്കാൻ ഇതൊരു നല്ല അവസരം നൽകി. ശിപാർശയുണ്ടെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കൂ എന്ന വിശ്വാസം കുറച്ചെങ്കിലും ഇല്ലാതാക്കാൻ ബോർഡിനു കഴിഞ്ഞിരുന്നു.

വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായ മലബാറിന്റെ ഏറ്റവും ദുർഗമങ്ങളായ സ്ഥലങ്ങളിൽ ആയിരത്തോളം ഏകാദ്ധ്യാപക വിദ്യാലയങ്ങൾ സ്ഥാപിച്ചു. അവിടേക്ക് ഉശിരും കഴിവുമുള്ള അദ്ധ്യാപകരെ നിയമിച്ചു. അത്തരം ഒരു ഏകാദ്ധ്യാപക വിദ്യാലയ സമ്പ്രദായത്തിൽ പഠിപ്പിക്കാനായി ഒ.വി.വിജയന്റെ സഹോദരി ഒ.വി. ഉഷ പാലക്കാടൻ ഉൾഗ്രാമമായ തസറാക്കിൽ എത്തി. അതിനെത്തുടർന്നാണ് ഒ.വി. വിജയൻ തസറാക്കിൽ എത്തിയത്. കരിമ്പനകളിൽ കാറ്റുപിടിക്കുന്ന ഖസാക്കും കൂമൻകാവും ചെതലിമലയും ഷെയ്ക്കിന്റെ കല്ലറയും അറബിക്കുളവും മലയാള നോവലിന്റെ ഇതിഹാസ ഭൂമികകളായി. മൈമുനയും, മൊല്ലാക്കയും അപ്പുക്കിളിയും നൈജാമലിയുമെല്ലാം മലയാള നോവലിന്റെ ഇതിഹാസ കഥാപാത്രങ്ങളായി.

*"എന്നെക്കാൾ രാഷ്ട്രീയപാരമ്പര്യവും ബഹുജനനേതൃത്വവും ഉള്ള പലരും ഉണ്ടായിട്ടും അന്നത്തെ മലബാർ പാർട്ടിനേതൃത്വം എന്നെയാണ് പ്രസിഡന്റാവാൻ നിർദ്ദേശിച്ചത്. ഇത് എന്തുകൊണ്ടാണ് എന്നു ഞാൻ ആലോചിച്ചു. മുഖ്യമായും ഇടത്തരക്കാരോട് ഒരു പുതിയ സമീപനം ആവശ്യമാണെന്ന് പാർട്ടി അംഗീകരിച്ചതായി തോന്നി. വീട്ടിൽ രണ്ടു നേരം ഭക്ഷണം കഴിക്കുന്നവരെല്ലാം മുതലാളികളും ബൂർഷ്വകളും ആണെന്ന വളരെ തെറ്റായ മനോഭാവം പല കമ്മ്യൂണിസ്റ്റുകാർക്കും ഉണ്ടായിരുന്നു. എന്നാൽ അവരെക്കൂടി സാമൂഹ്യപുരോഗതിക്ക് ആവശ്യമായ ഒരു ഘടകമാക്കി മാറ്റണമെന്ന് സ്വന്തം അനുഭവത്തിലൂടെ പാർട്ടി മനസ്സിലാക്കി. മാർക്സും, ഏംഗൽസും, ലെനിനും പറഞ്ഞുതന്ന കാര്യങ്ങൾ പഠിക്കുന്നതിനോടൊപ്പം ഓരോ രാജ്യത്തുമുള്ള പ്രത്യേക പരിതസ്ഥിതികൾ കൂടി കണക്കിലെടുത്തുവേണം കമ്മ്യൂണിസ്റ്റുകാർ പ്രവർത്തിക്കാനെന്ന് മലബാർ പാർട്ടിയിലെ നല്ലൊരു വിഭാഗത്തിനു ബോധ്യം വന്നതായി തോന്നി. ഏതായാലും 1954 സെപ്തംബറിൽ ഇന്ത്യയിലാദ്യമായി ഒരു ഡിസ്ട്രിക്ട് ബോർഡ് കമ്മ്യൂണിസ്റ്റുകാർക്ക് ഭരിക്കാൻ ലഭ്യമായി. ഈ പരീക്ഷണം ജയിക്കുമോ? ആവശ്യമില്ലാത്ത കാര്യങ്ങളെപ്പറ്റി എതിർഭാഗത്തുള്ളവരെ യോജിപ്പിക്കാൻ പറ്റാത്ത സെക്ടേറിയൻ വീക്ഷണം ഇനിയും തുടരുമോ? ആ വീക്ഷണം ഇന്ന് ശരിയാണോ? കുറെക്കൂടി വിശാലമായ ഒരു സമീപനം സാധ്യമല്ലേ? ഈ വഴിക്കെല്ലാം കമ്മ്യൂണിസ്റ്റുകാർ ചിന്തിച്ചു."*

പി.ടി.ഭാസ്ക്കരപ്പണിക്കർ (1921-1997)

# ഭൂപരിഷ്കരണത്തിന് അൻപതു വയസ്സ്

*'കരയാതെ മക്കളേ.... കല്പിച്ചു.... തമ്പിരാൻ... ഒരു വാഴ വേറെ .... ഞാൻ കൊണ്ടു പോട്ടെ!'*
*(ചങ്ങമ്പുഴ - വാഴക്കുല എന്ന കവിതയിൽ നിന്ന്)*

കേരളത്തിന്റെ ഭൂപരിഷ്കരണ നിയമം നിലവിൽ വന്നിട്ട് 50 വർഷങ്ങൾ പൂർത്തിയാകുന്നു. ആധുനികകേരളം കെട്ടിപ്പടുക്കുന്നതിനുള്ള സാമൂഹികാടിത്തറ രൂപപ്പെടുത്തുന്നതിന് ഹേതുവായി എന്നായിരിക്കും കേരള ഭൂപരിഷ്കരണ നിയമത്തെ ചരിത്രം അടയാളപ്പെടുത്തുക. ജന്മി കുടിയാൻവ്യവസ്ഥയുടെ അസംതൃപ്തവും അരക്ഷിതവുമായ സാമൂഹികാന്തരീക്ഷത്തിൽ നിന്നും കുടിയാനും കുടികിടപ്പുകാരനും അന്തസ്സോടെ ജീവിക്കാനും ജീവിച്ച മണ്ണിൽ കാലുറപ്പിക്കാനും വിദ്യാഭ്യാസം നേടാനും കേരള ഭൂപരിഷ്കരണ നിയമം കാരണമായി. 1970 ജനുവരി 1 ന് നടപ്പിലായ നിയമം, തുടർന്നുവന്ന അൻപത് വർഷങ്ങളിൽ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, സാമ്പത്തിക, ആരോഗ്യ രംഗങ്ങളിൽ സൃഷ്ടിച്ച വിപ്ലവം 'കേരള മാതൃക' എന്ന് ലോകം വാഴ്ത്തി. കേരളത്തിന്റെ ഭാവിയും ഭാഗധേയവും നിർണ്ണയിച്ച കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടെ കുടികിടപ്പും പാട്ടവ്യവസ്ഥയും ജന്മിത്തവും കേരളത്തിൽ ഇല്ലാതായി.

1970 ജനുവരി 1 ന് നിലവിൽ വന്ന ഭൂപരിഷ്കരണ നിയമത്തിന്റെ ആദ്യരൂപമാണ് 1963 സെപ്റ്റംബർ 20 ന് ആഭ്യന്തര മന്ത്രി പി.ടി.ചാക്കോ അവതരിപ്പിച്ച 1963 ലെ കേരള ഭൂപരിഷ്കരണ നിയമം. 1960 ലെ കേരള അഗ്രേറിയൻ റിലേഷൻസ് ആക്ട്, 1962 ലെ കേരള റയത്‌വാരി ടെനന്റ്സ് ആന്റ് കുടികിടപ്പുകാർസ് പ്രൊട്ടക്ഷൻ ആക്ട് എന്നിവയിലെ പല വ്യവസ്ഥകളും ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീം കോടതിയും ഹൈക്കോടതിയും കണ്ടെത്തിയതിനെത്തുടർന്നാണ് സമഗ്രമായ ഭൂപരിഷ്കരണ നിയമം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചത്. കൃഷിഭൂമിയിൽ നിന്നും കർഷകരെ ഒഴിപ്പിക്കുന്നത് തടയുന്നതിനും കുടിയാൻമാർക്ക് വസ്തുവിൽ ഉടമസ്ഥാവകാശം നൽകുന്നതിനും വ്യവസ്ഥ ചെയ്ത നിയമം മലയോര കുടിയേറ്റക്കാരെ സംരക്ഷിക്കുകയും ഭൂമിയുടെ പരിധി നിശ്ചയിക്കുകയും ചെയ്തു. 1963 ഡിസംബർ 31 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചെങ്കിലും നിയമം നടപ്പാക്കാൻ പിന്നെയും കാത്തിരിക്കേണ്ടി വന്നു.

1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ (1964 ലെ ഒന്നാമത് നിയമം) വ്യവസ്ഥകൾ കുടികിടപ്പുകാർ, യഥാർത്ഥ കർഷകർ തുടങ്ങിയവർക്ക് പ്രയോജനപ്പെടുന്നില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടതിനെത്തുടർന്ന് 1969 ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം (1969 ലെ മുപ്പത്തിയഞ്ചാമത് നിയമം), 1968 ആഗസ്റ്റ് 19 ന് റവന്യൂ വകുപ്പ് മന്ത്രി കെ.ആർ. ഗൗരി നിയമസഭയിൽ അവതരിപ്പിച്ചു. 1968 ആഗസ്റ്റ് 30ന് സെലക്ട് കമ്മിറ്റിയുടെ പരിഗണനക്കയച്ച ബിൽ 1969 ആഗസ്റ്റ് 21 ന് സഭയുടെ പരിഗണനയിൽ വന്നു. തുടർന്ന് 1969 ഒക്ടോബർ 17 ന് നിയമസഭ ബിൽ പാസ്സാക്കുകയും 1969 ഡിസംബർ 16 ന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ചെയ്തു.

1970 ജനുവരി 1 ന് ചരിത്രം കുറിച്ച നിയമം നിലവിൽ വന്നു. കുടിയാന്മാർക്കും കുടികിടപ്പുകാർക്കും കൂടുതൽ സംരക്ഷണം നൽകുക, സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ ഭൂവുടമകളുടെ ചില അധികാരങ്ങൾ നിർബന്ധമായി സർക്കാരിൽ നിക്ഷിപ്തമാക്കുകയും പ്രസ്തുത അധികാരങ്ങൾ കൃഷിക്കാരായ കുടിയാന്മാർക്ക് ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുക, ഇരുന്നൂറ് ലക്ഷം രൂപയിൽ കുറയാത്ത ഒരു കർഷക പുനരധിവാസ ഫണ്ടും നൂറ് ലക്ഷം രൂപയിൽ കുറയാത്ത കുടികിടപ്പുകാരുടെ ക്ഷേമനിധി എന്ന മറ്റൊരു ഫണ്ടും രൂപീകരിക്കുക തുടങ്ങിയവ നടപ്പിലാക്കുകയായിരുന്നു ഈ ഭേദഗതിയിലൂടെ ലക്ഷ്യമിട്ടത്.


ആധുനിക കേരളത്തിന്റെ സാമൂഹികോന്നതിക്ക് ആയവും വേഗവും നൽകി എന്നതായിരുന്നു കേരള ഭൂപരിഷ്കരണ നിയമത്തിന്റെ പ്രസക്തി. കൃഷി ഭൂമി കൈവശം വച്ചിരുന്ന കർഷകർക്ക് ആ ഭൂമിയുടെ ഉടമസ്ഥാവകാശം നൽകിക്കൊണ്ട് പട്ടയം നൽകി. വ്യക്തിക്കും കുടുംബത്തിനും കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ചതിലൂടെ സമ്പത്ത് ഏതാനും ചിലരുടെ കൈകളിൽ കേന്ദ്രീകരിക്കുന്ന സ്ഥിതിക്ക് മാറ്റം വന്നു. വ്യാപകമായി നടത്തിയ പട്ടയമേളകൾ വഴി സ്വന്തമായി ഭൂമിയില്ലാത്ത അനേക ലക്ഷങ്ങൾക്കായി മിച്ചഭൂമി വിഭജിച്ചു കൊടുത്തു. സ്വന്തമായി ലഭിച്ച ഭൂമിയിൽ അധ്വാനിച്ച് ചുവടുറപ്പിച്ച പിൻതലമുറ സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ ഗുണഭോക്തക്കളായതും അനന്തരം ആഭ്യന്തര-അന്താരാഷ്ട്ര കുടിയേറ്റം നടത്തിയതിലൂടെയും ഉദ്യോഗലബ്ധിയിലൂടെയും സമ്പദ്ഘടന കെട്ടിപ്പടുക്കുകയും ചെയ്തതും കേരള ഭൂപരിഷ്കരണത്തിന്റെ പിൽക്കാല ചരിത്രം.

മിച്ച ഭൂമിയിനത്തിൽ സർക്കാരിൽ നിക്ഷിപ്തമായ ഭൂമി വ്യവസായ വികസനത്തിനും അതിലൂടെ സുസ്ഥിര വികസനത്തിനും ആക്കം കൂട്ടി. വൻകിട തോട്ടം തൊഴിലാളികൾക്ക് നിയന്ത്രണം കൊണ്ടുവരാനായതും കേരള ഭൂപരിഷ്കരണ നിയമത്തിന്റെ പ്രധാന നേട്ടമാണ്. തോട്ടം തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നതിനും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും വൻകിട തോട്ടം മുതലാളിമാർക്കുമേലുള്ള സർക്കാർ നിയന്ത്രണം കാരണമായി.

ഭൂപരിഷ്കരണം സാധ്യമാക്കിയ സാമൂഹിക നീതി ജനങ്ങളുടെ ചിന്താധാരയിൽ വരുത്തിയ മാറ്റം മറ്റേതൊരു ഇന്ത്യൻ സംസ്ഥാനത്തിനുമപ്പുറം കേരളത്തെ വികസിത രാജ്യങ്ങൾക്കൊപ്പം ചേർത്തു നിർത്തി. തൊട്ടുകൂടായ്മയും ജാതിവ്യവസ്ഥയും കേരളത്തിൽ നിന്നും ഏറെക്കുറെ ഇല്ലായ്മ ചെയ്യുന്നതിനും ജനസംഖ്യാനിയന്ത്രണത്തിനും അതുവഴിയുള്ള ആരോഗ്യ പുരോഗതിക്കും അടിസ്ഥാനമായതും ഭൂപരിഷ്കരണമാണ്. കേരളത്തിന്റെ രാഷ്ട്രീയ ചിന്താഗതികളിലും ഭൂപരിഷ്കരണം സ്വാധീനം ചെലുത്തിയിട്ടുണ്ട്. കേരളത്തിൽ ഉരുത്തിരിഞ്ഞുവന്ന രാഷ്ട്രീയമുന്നണി ബന്ധങ്ങൾ ഇതിനുദാഹരണങ്ങളാണ്. ദേശീയ വിഷയങ്ങളിൽ പോലും കേരളത്തെ നയിക്കുന്ന പൊതുവായ ചിന്താധാര ഭൂപരിഷ്കരണം പ്രാപ്തമാക്കിയ സ്വാശ്രയത്വമാണെന്നത് അതിന് രാഷ്ട്രീയമാനം കൂടി നൽകുന്നു.

ആധുനിക കേരളം രൂപപ്പെടുത്തിയ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ പ്രസക്തി കേരളമുള്ളിടത്തോളം കാലം നിലനിൽക്കും. നവകേരള നിർമ്മാണത്തിന് നാന്ദി കുറിച്ചത് ഭൂപരിഷ്കരണ നിയമമാണ്.

"വികസനത്തിന്റെ കേരള മാതൃകയുടെ അടിസ്ഥാനം വിപ്ലവകരമായ ഭൂപരിഷ്കരണ നിയമങ്ങളും അതിന്റെ സാക്ഷാത്കാരവുമാണ്. ജന്മിത്തത്തിന്റെ ചങ്ങലകൾ തകർത്തുകൊണ്ട് മണ്ണിൽ പണിയെടുക്കുന്നവരെ ഭൂമിയുടെ അവകാശികളാക്കിയ ഭൂപരിഷ്കരണ നിയമങ്ങൾ ഇന്ത്യൻ സോഷ്യലിസ്റ്റ് ദേശീയതയുടെ തുടർച്ചയാണ്. 1957 ലെ ഇ.എം.എസ്. മന്ത്രിസഭ തുടങ്ങിവച്ച ഭൂപരിഷ്കരണ ശ്രമങ്ങൾ സമൂർത്തമായ ഉടമസ്ഥാവകാശം കുടിയാൻമാർക്ക് 1970 ജനുവരി 1 മുതൽ ലഭ്യമാക്കിയ സി.അച്യുതമേനോൻ സർക്കാരാണ് പൂർത്തിയാക്കിയത്. ഏതാനും ആയിരം പേർ മാത്രം ഭൂമിയുടെ ഉടമകളായിരുന്ന അവസ്ഥയിൽ നിന്നും 80 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഇന്ന് സ്വന്തമായി ഭൂമിയുള്ള അവസ്ഥയിലേക്ക് കേരളം മുന്നേറിയത് ഈ ഭൂപരിഷ്കരണ നടപടികളിലൂടെയാണ്."




**ഇ.ചന്ദ്രശേഖരൻ**
ഭൂപരിഷ്കരണവും റവന്യൂവും വകുപ്പുമന്ത്രി

*'യിസ്രായേൽ ജനങ്ങൾക്ക് ആളെണ്ണത്തിന് ഒത്തവണ്ണം ദേശത്തെ അവകാശമായി വിഭാഗിച്ചു കൊടുക്കേണം. ആളേറെയുള്ളവർക്ക് അവകാശം ഏറെയും ആൾ കുറവുള്ളവർക്ക് അവകാശം കുറെച്ചും കൊടുക്കേണം; ഓരോരുത്തന് അവനവന്റെ ആളെണ്ണത്തിന് ഒത്തവണ്ണം അവകാശം കൊടുക്കേണം. ദേശത്തെ ചീട്ടിട്ടുവിഭാഗിക്കേണം, അതതു പിതൃഗോത്രത്തിന്റെ പേരിനൊത്തവണ്ണം അവർക്ക് അവകാശം ലഭിക്കേണം. ആൾ ഏറെയുള്ളവർക്കും കുറേയുള്ളവർക്കും അവകാശം ചീട്ടിട്ട് വിഭാഗിക്കേണം'- ബൈബിൾ*

*'ഭൂമിയെ പരിലാളിച്ചവർക്ക് പട്ടിണി നാളിൽ ഭക്ഷണം നൽകുക; അല്ലെങ്കിൽ മണ്ണു പുരണ്ട സാധുവിനും'*

*- ഖുർആൻ 90:14, 16*



## 1960-ലെ കേരള കാർഷികബന്ധ നിയമം

(1961-ലെ നാലാമത് നിയമം) - ഭേദഗതി നിയമങ്ങൾ

**1962-ലെ കേരള കാർഷികബന്ധ (ഭേദഗതി)നിയമം**
(1962-ലെ പതിനാലാമത് നിയമം)
**1962-ലെ കേരള കാർഷികബന്ധ (രണ്ടാം ഭേദഗതി) നിയമം**
(1962-ലെ ഇരുപത്തിയാറാമത് നിയമം)
**1963-ലെ കേരള ഭൂപരിഷ്കരണ നിയമം**
(1964-ലെ ഒന്നാമത് നിയമം) ഈ നിയമപ്രകാരം 1960-ലെ കേരള കാർഷികബന്ധ നിയമം റദ്ദു ചെയ്യപ്പെട്ടു.
**1969-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1969-ലെ മുപ്പത്തിയഞ്ചാമത് നിയമം)
**1971-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1971-ലെ ഇരുപത്തിയഞ്ചാമത് നിയമം)
**1972-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1972-ലെ പതിനേഴാമത് നിയമം)
**1973-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1973-ലെ പതിനൊന്നാമത് നിയമം)
**1973-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1973-ലെ പന്ത്രണ്ടാമത് നിയമം)
**1974-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1974-ലെ ഇരുപത്തിയേഴാമത് നിയമം)
**1976-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1976-ലെ പതിനഞ്ചാമത് നിയമം)
**1978-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1978-ലെ പതിമൂന്നാമത് നിയമം)
**1979-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1979-ലെ ഇരുപത്തിയേഴാമത് നിയമം)
**1981-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1981-ലെ പത്തൊമ്പതാമത് നിയമം)
**1989-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1989-ലെ പതിനാറാമത് നിയമം)
**1989-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) നിയമം**
(1990-ലെ രണ്ടാമത് നിയമം)
**1999-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(1999-ലെ ഇരുപത്തിയൊന്നാമത് നിയമം)
**2005-ലെ കേരള ഭൂപരിഷ്കരണ (മൂന്നാമത് ഭേദഗതി) നിയമം**
(2006-ലെ ഒന്നാമത് നിയമം)
**2005-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(2006-ലെ ഇരുപത്തിയൊന്നാമത് നിയമം)
**2005-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) നിയമം**
(2012-ലെ ആറാമത് നിയമം)
**2014-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം**
(2015-ലെ ആറാമത് നിയമം)

### 1963-ലെ കേരള ഭൂപരിഷ്കരണ നിയമം
### നാൾവഴി

- 1963 സെപ്റ്റംബർ 20 ന് ബില്ലിന്റെ അവതരണം
- പി.ടി.ചാക്കോ (ആഭ്യന്തര വകുപ്പുമന്ത്രി) ബിൽ അവതരിപ്പിച്ചു.
- 1963 സെപ്റ്റംബർ 25ന് ബിൽ സെലക്ട് കമ്മിറ്റിക്ക് വിട്ടു.
- 1963 ഒക്ടോബർ 21 ന് സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു
- 1963 ഡിസംബർ 4 ന് ബില്ലിന്റെ പരിഗണനയും, ബിൽ സഭ പാസ്സാക്കലും
- 1963 ഡിസംബർ 31 ന് ബില്ലിന് രാഷ്ട്രപതിയുടെ അനുമതി.
- 17 തവണ ആക്ടിൽ ഭേദഗതികൾ വരുത്തി.



# കാവ് തീണ്ടരുത്...



*കാവുകളിലെ സസ്യവിന്യാസം ഏതാണ്ട് നിത്യഹരിത വനങ്ങൾക്ക് സമാനമാണ്. മാനുഷിക ഇടപെടൽ തീരെ കുറവായ മേഖലകളിൽ അപൂർവ്വവും ഔഷധഗുണമുള്ളതുമായ സസ്യങ്ങൾ സ്വാഭാവിക ജീൻ കലവറകളായി നിലനിൽക്കുന്നു. ഇതു തന്നെയാണ് കാവുകളിലെ സസ്യവൈവിധ്യത്തിന് കാരണം. കാവുകളിലെ സസ്യങ്ങൾ ഭക്ഷ്യാവശ്യങ്ങൾക്ക് പുറമേ തടി, വിറക്, ഔഷധം, പ്രാണവായു എന്നിവയെല്ലാം പ്രദാനം ചെയ്യുന്നു. സസ്യങ്ങളെ കൂടാതെ നിരവധി ഉരഗങ്ങളുടെയും, ഉഭയജീവികളുടെയും, പക്ഷികൾ, സസ്തനികൾ, ഷഡ്പദങ്ങൾ മുതലായവയുടെയും ആവാസകേന്ദ്രം കൂടിയാണ് കാവുകൾ. പ്രാദേശിക കാലാവസ്ഥയേയും കാവുകൾ ഗുണപരമായി സ്വാധീനിക്കുന്നുണ്ട്.*

*ചെറുവനങ്ങളായ കാവുകൾ അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്ന വാതകങ്ങളെ ആഗിരണം ചെയ്യുകയും ശുദ്ധവായു പ്രദാനം ചെയ്യുകയും ചെയ്യുന്നു. ശബ്ദമലിനീകരണത്തിന്റെ അളവ് കുറയ്ക്കുന്നതിന് കാവുകളിലെ വൃക്ഷങ്ങൾ പങ്ക് വഹിക്കുന്നു. കാവുകളിലെ വൃക്ഷങ്ങൾ മഴയുടെ അളവിനെയും അന്തരീക്ഷ ഊഷ്മാവിനെയും നിയന്ത്രിക്കുക വഴി സുഖകരമായ കാലാവസ്ഥ പ്രദാനം ചെയ്യുന്നു.*

**('കേരളത്തിലെ കാവുകൾ - ഒരു പഠനം ' ജൈവ വൈവിധ്യ ബോർഡ്)**

## കൊല്ലം ജില്ലയിലെ മൂത്തോടത്ത് സർപ്പക്കാവ്

കൊല്ലം കോർപ്പറേഷനിലെ വാളത്തുംഗൽ വാർഡിൽ തട്ടാമലയിൽ സംരക്ഷിച്ചു വരുന്ന സ്വകാര്യ കാവുകളിലൊന്നാണ് ജൈവവൈവിധ്യമാർന്ന മൂത്തോടത്ത് സർപ്പക്കാവ്. കാവും കുളവും വയലും പലതരം വൃക്ഷങ്ങളും ഉൾപ്പെടുന്ന ഭൂപ്രദേശം പുതുതലമുറയ്ക്ക് ഭാഗം ചെയ്തു നൽകിയപ്പോൾ പ്രകൃതിയുടെ ശ്വാസകോശത്തിനായി പൂർവ്വികർ 18 സെന്റ് സ്ഥലം കാവിന്റെ പേരിൽ മാറ്റി വച്ചു. ഭൂമിയുടെ എല്ലാ അവകാശികൾക്കുമായി ഒരിടം.


ഔഷധസസ്യങ്ങളുടെ കലവറയായ കാവിൽ പേരാൽ, പന, പനച്ചി, മരോട്ടി, കുളമാവ്, ചാര്, കാഞ്ഞിരം, അശോകം, കണിക്കൊന്ന, ആഞ്ഞിലി തുടങ്ങിയ മരങ്ങളും കുരീപ്പഴവും നെയ്വള്ളിയും കുറുന്തോട്ടിയും കീഴാർനെല്ലിയും ദശപുഷ്പങ്ങളായ ഉഴിഞ്ഞ, നിലപ്പന, ചെറൂള, തിരുതാളി, കറുക, മുക്കുറ്റി, കയ്യോന്നി, വിഷ്ണുക്രാന്തി, മുയൽച്ചെവിയൻ, പൂവാംകുരുന്ന് എന്നിവയും സമൃദ്ധമായി വളരുന്നു. മൂങ്ങ, വവ്വാൽ, കരിയിലക്കിളി, ഓലേഞ്ഞാലി, വെള്ളക്കൊറ്റി, വെള്ളിമൂങ്ങ, അണ്ണാൻ, മരപ്പട്ടി, കുരങ്ങ്, പലതരം പാമ്പുകൾ, കൂണുകൾ, തേനീച്ചകൾ, ചെറുജീവികൾ എന്നിവ ചേർന്ന് പ്രകൃതിദത്തമായ ആവാസവ്യവസ്ഥ ഇവിടെ നിലനിൽക്കുന്നു.

മനുഷ്യന്റെ ഇടപെടലും ചൂഷണങ്ങളും ഇല്ലാതെ വിശ്വാസത്തിന്റെ പിൻബലത്തിലാണ് ഈ കാവ് സംരക്ഷിച്ചു പോരുന്നത്. വൃശ്ചിക മാസത്തിലെ ആയില്യം നാളിലെ നാഗപൂജയാണ് പ്രധാന ആചാര സവിശേഷത. കുടുംബങ്ങൾ തമ്മിലുള്ള കൂട്ടായ്മയുടെ ഒരു വേദി കൂടിയാണ് ഈ കാവ്.

2018-ലെ പ്രളയത്തിൽ 150 വർഷം പഴക്കമുള്ള പേരാലിന്റെ വൻശിഖരങ്ങൾ പൊട്ടിവീണപ്പോൾ പോലും അവയെ മുറിച്ചു മാറ്റാതെ സംരക്ഷിച്ചു നിർത്താനാണ് കുടുംബാംഗങ്ങൾ ചേർന്ന ക്ഷേത്രസംരക്ഷണ സമിതി ശ്രമിച്ചത്.



## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...




### അപൂർണ വിഷാദങ്ങൾ
വെർജീനിയ വുൾഫ്
വിവ.സോണിയ റഫീക്ക്
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2018
Call No: O111,3wM82WOO 32Q8
(വെർജീനിയ വുൾഫിന്റെ ആത്മകഥാപരമായ ലേഖനങ്ങളുടെ സമാഹാരം)




### തന്മയം
പ്രിയ എ.എസ്.
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O32,3wPRI Q9
(പ്രിയ എ.എസ്സിന്റെ ജീവചൈതന്യം നിറഞ്ഞ ഓർമക്കുറിപ്പുകൾ)



### നിപയും മറ്റ് പകർച്ചവ്യാധികളും
ഡോ. ടി. ജയകൃഷ്ണൻ
കോട്ടയം: ഡിസി ബുക്സ്, 2019
Call No: L:423 32Q9
(വൈറസിന്റെ ചരിത്രവും മനുഷ്യനിലേക്കുള്ള വ്യാപനവും അതിന്റെ നിയന്ത്രണത്തെയും കുറിച്ച് വിവരിക്കുന്ന ഗ്രന്ഥം)



### ഞാൻ സ്നേഹിച്ച പുസ്തകങ്ങൾ ഓഷോ
വിവ.പി. മുരളീധരൻ
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: R6wN31OSH 32Q9
(പ്രിയപ്പെട്ട പുസ്തകങ്ങളെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചും ഓഷോയുടെ ആസ്വാദന പ്രഭാഷണങ്ങൾ)



### ഇക്ഷ്വാകുവംശത്തിന്റെ യുവരാജാവ്
അമീഷ്
വിവ. ബിന്ദു ബി. മേനോൻ
കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2017
Call No: O111,3AMI 32Q7
( 'Scion of Ikshvaku'എന്ന ഇംഗ്ലീഷ് നോവലിന്റെ മലയാള പരിഭാഷ)




### ഒരു കന്യാസ്ത്രീയുടെ ഓർമക്കുറിപ്പുകൾ
ദെനീ ദീദ്റോ
വിവ. എൻ. മൂസക്കുട്ടി
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O122,3DID 32Q9
(ഫ്രഞ്ച് ദാർശനികനും കലാനിരൂപകനുമായ ദെനീ ദീദ്റോയുടെ 'The Nun' എന്ന നോവലിന്റെ പരിഭാഷ)



### സൂസന്നയുടെ ഗ്രന്ഥപ്പുര
അജയ് പി. മങ്ങാട്ട്
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O32,3AJA Q9
(നോവൽ)



### എന്നും ഞായറാഴ്ച ആയിരുന്നെങ്കിൽ
സി.വി. ബാലകൃഷ്ണൻ
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O32,3BAL Q9
(നോവൽ)



### ആനഡോക്ടർ
ജയമോഹൻ
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O32,3JAY Q9
(നോവൽ)



### കോഫി ഹൗസ്
ലാജോ ജോസ്
തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2019
Call No: O32,3LAJ Q9
(കുറ്റാന്വേഷണ നോവൽ)



### മിസ്റ്റിക് മൗണ്ടൻ
ശ്രീപാർവതി
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O32,3SRE Q9
(കുറ്റാന്വേഷണ നോവൽ)



### സമുദ്രശില
സുഭാഷ് ചന്ദ്രൻ
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O32,3SUB Q9
(നോവൽ)



## വിജ്ഞാനപഥം

# നിയമനിർമ്മാണ സഭയിലെ വനിതകൾ



1. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായ ആദ്യ വനിത?
**ഡോ.മേരി പുന്നൻ ലൂക്കോസ്** (1922-25, 1925-28, 1928-31)



2. ശ്രീമൂലം പോപ്പുലർ അസംബ്ലിയിൽ അംഗമായ ആദ്യ വനിത ?
**അന്ന ചാണ്ടി** (1931)
(ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജിയും കേരളത്തിലെ ആദ്യത്തെ വനിതാ അഭിഭാഷകയും ആയിരുന്നു)



3. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായ ആദ്യ വനിത?
**തോട്ടയ്ക്കാട്ട് മാധവി അമ്മ**
(1925-28)



4. മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ മലബാറിനെ പ്രതിനിധീകരിച്ച് അംഗമായ ആദ്യ വനിത?
**എ.വി.കുട്ടിമാളു അമ്മ**
(തലശ്ശേരി - കം-കാലിക്കറ്റ് മണ്ഡലത്തെ പ്രതിനിധീകരിച്ചു 1937-46, 1946-51)



5. തിരു-കൊച്ചി സംസ്ഥാനത്തെ ആദ്യ വനിതാ മന്ത്രി ?
**ആനി മസ്ക്രീൻ**
(ആരോഗ്യം-ഊർജ്ജ വകുപ്പ് മന്ത്രി 1949-50)





6. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ അംഗമായ മലയാളി വനിതകൾ?
**അമ്മു സ്വാമിനാഥൻ**
(മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലി),
**ആനി മസ്ക്രീൻ**
(തിരു-കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലി),
**ദാക്ഷായണി വേലായുധൻ**
(മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലി)




7. കേരള നിയമസഭയിലേയ്ക്ക് ഉപതെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ വനിത?
**റോസമ്മ പുന്നൂസ് -**
(ദേവികുളം മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. 30-6-1958-ൽ സത്യപ്രതിജ്ഞ ചെയ്തു ഒന്നാം കേരള നിയമസഭയിൽ പ്രൊ ടെം സ്പീക്കറായിരുന്നു)

8. കേരള നിയമസഭയിൽ ഒരേ സമയം അംഗങ്ങളായ ദമ്പതിമാർ ?
**കെ.ആർ.ഗൗരി - ടി.വി.തോമസ്**
(1957-59, 1967-70, 1970-77)
**ലീല ദാമോദരമേനോൻ - കെ.എ.ദാമോദര മേനോൻ** (1960-64)









9. കേരള നിയമസഭയിൽ നയപ്രഖ്യാപനപ്രസംഗം നടത്തിയ ആദ്യ വനിതാ ഗവർണർ?
**ജ്യോതി വെങ്കിടാചലം**
(1978 ഫെബ്രുവരി 6 ന്)



10. കേരള നിയമസഭയിൽ പ്രൊ ടെം സ്പീക്കറായ ശേഷം ഡെപ്യൂട്ടി സ്പീക്കറായ വനിത ?
**ഭാർഗവി തങ്കപ്പൻ**
(എട്ടാം കേരള നിയമസഭയിൽ പ്രൊ ടെം സ്പീക്കറായിരുന്നു. അതേ സഭയിൽ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു.)

# ഇ – നിയമസഭ : കൺട്രോൾ റൂമുകളും ട്രെയിനിംഗ് ഹാളും തയ്യാറാകുന്നു

കേരള നിയമസഭയുടെ പ്രവർത്തനങ്ങൾ ഓൺലൈൻ മുഖേനയാക്കുന്ന ഇ-നിയമസഭ പദ്ധതിയുടെ ഭാഗമായി സഭാചേംബറിൽ സ്ഥാപിക്കുന്ന ഡിസ്പ്ലേ ഉപകരണങ്ങളിൽ ഇ-നിയമസഭ ആപ്ലിക്കേഷനിലൂടെ ഫയലുകൾ എത്തിക്കുക, അവ മോണിറ്റർ ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനായി കൺട്രോൾ റൂം സ്ഥാപിക്കുവാൻ തീരുമാനമായി. ഇ-നിയമസഭ ആപ്ലിക്കേഷൻ സംബന്ധിച്ച് സാമാജികർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി നിയമസഭാ സമുച്ചയത്തിൽ ട്രെയിനിംഗ് ഹാൾ സ്ഥാപിക്കുന്നതിനും അനുമതി ലഭിച്ചു. ഇതിനായി നിയമസഭാ ഹാളിലെ രണ്ട് പ്രസ് ഗ്യാലറികളിലായി കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനും സമുച്ചയത്തിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ നാലാം നിലയിലെ V സി കോൺഫറൻസ് ഹാൾ ട്രെയിനിംഗ് ഹാൾ ആയി മാറ്റുന്നതിനും തീരുമാനിച്ചു. പദ്ധതിയുടെ സോഫ്റ്റ്‌വെയർ സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി കോർ ടീം രൂപീകരിച്ചു.

ഇ-നിയമസഭ പദ്ധതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും തുടർനടപടികൾ വിലയിരുത്തുന്നതിനുമായി സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ചെയർമാനായ ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. ഡെപ്യൂട്ടി സ്പീക്കർ വി.ശശി, ഗവ.ചീഫ് വിപ്പ് കെ.രാജൻ, സാമാജികരായ ജെയിംസ് മാത്യു, കെ.എൻ.എ. ഖാദർ, എ.പ്രദീപ് കുമാർ, കെ.എസ്. ശബരീനാഥൻ, ഷാഫി പറമ്പിൽ, എം.സ്വരാജ് എന്നിവരാണ് കമ്മിറ്റിയംഗങ്ങൾ.

## നിയമസഭാ പെൻഷനേഴ്സ് അസോസിയേഷൻ ഭാരവാഹികൾ


കെ.പുരുഷോത്തമൻ


സോമശേഖരൻ നാടാർ

നിയമസഭാ സെക്രട്ടേറിയറ്റ് പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷൻ 2020 ലെ ഭാരവാഹികളെ തെരഞ്ഞെടുത്തു. സോമശേഖരൻ നാടാർ പ്രസിഡന്റായും കെ.വസന്തകുമാരി വൈസ് പ്രസിഡന്റായും കെ.പുരുഷോത്തമൻ ജനറൽ സെക്രട്ടറിയായും ജെ.മീനാക്ഷി അമ്മാൾ ട്രഷററുമായി തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭാ ഹോസ്റ്റലിലെ പമ്പ ബ്ലോക്കിലാണ് സംഘടനയുടെ ഓഫീസ് പ്രവർത്തിക്കുന്നത്.





## വില്ലിംഗ്ടൺ പ്രഭുവിന്റെ സമ്മാനം

സംസ്ഥാന നിയമസഭകളുടെ ചരിത്രത്തിൽ തമിഴ്നാട് നിയമസഭാ സ്പീക്കറുടെ ഇരിപ്പിടം സംബന്ധിച്ച ചരിത്രം അപൂർവ്വതകളാൽ ഇടംനേടി. മദ്രാസ് പ്രവിശ്യാ ഗവർണറായിരുന്ന ലോർഡ് വില്ലിംഗ്ടണും ഭാര്യയും ഒരു ആഘോഷത്തിന്റെ ഭാഗമായി മദ്രാസ് നിയമസഭാ കൗൺസിൽ പ്രസിഡന്റിനു സമ്മാനിച്ചതാണ് ചിത്രപ്പണികളാൽ അലംകൃതമായ ഈ ഇരിപ്പിടം. ഇംഗ്ലണ്ടിലെ ഹൗസ് ഓഫ് കോമൺസിലെ സ്പീക്കറുടെ ഇരിപ്പിടത്തിനോട് അതിന് സാമ്യമുണ്ട്. ഹൗസ് ഓഫ് കോമൺസിലെ സ്പീക്കറായിരുന്ന മുത്തച്ഛൻ ബ്രാൻഡിന്റെ ഓർമ്മകൂടി പങ്കുവച്ചുകൊണ്ടായിരുന്നു പ്രഭുവും ഭാര്യയും ചേർന്ന് 1922 മാർച്ച് 9 ലെ ചടങ്ങിൽ നിയമസഭാ കൗൺസിൽ ചേമ്പറിൽ വച്ച് ഈ ഇരിപ്പിടം കൈമാറിയത്. ഇരിപ്പിടം സമ്മാനിച്ചതിന് ഗവർണറോട് നന്ദി രേഖപ്പെടുത്തുന്ന ഒരു പ്രമേയം സഭാ നേതാവായിരുന്ന സർ ലയണൽ ഡേവിഡ്സൺ അവതരിപ്പിക്കുകയും ദിവാൻ പിന്താങ്ങുകയും സഭ കൈയടിച്ച് പാസാക്കുകയും ചെയ്തു.

## പ്രായം മറികടന്ന വെള്ളിത്തിളക്കം




മലേഷ്യയിൽ നടന്ന ഇരുപത്തിയൊന്നാമത് ഏഷ്യൻ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മുൻ നിയമസഭാംഗം എം.ജെ. ജേക്കബ് ഇരട്ട വെള്ളി മെഡൽ കരസ്ഥമാക്കി. 75 വയസിനു മുകളിൽ പ്രായമുള്ളവരുടെ വിഭാഗത്തിലാണ് ജേക്കബ് മത്സരിച്ചത്. 300 മീറ്റർ ഹർഡിൽസ്, 4x100 മീറ്റർ റിലേ എന്നിവയിലാണ് മെഡലുകൾ . ഇതോടെ 2020 ജൂലൈയിൽ കാനഡയിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് അർഹത നേടി. ജപ്പാൻ, സിംഗപ്പൂർ, ചൈന, എന്നിവിടങ്ങളിൽ നടന്ന ഏഷ്യൻ മീറ്റുകളിലും ഫ്രാൻസ്, ഓസ്ട്രേലിയ, സ്പെയിൻ എന്നിവിടങ്ങളിൽ നടന്ന ലോക മാസ്റ്റേഴ്സ് മീറ്റുകളിലും പങ്കെടുത്ത് മെഡലുകളും സ്ഥാനങ്ങളും കരസ്ഥമാക്കിയിട്ടുണ്ട്.

പന്ത്രണ്ടാം കേരളനിയമസഭയിൽ പിറവം മണ്ഡലത്തിൽ നിന്നുള്ള അംഗമായിരുന്നു. രണ്ടു പ്രാവശ്യം തിരുമാറാടി ഗ്രാമ പഞ്ചായത്ത് കേരളത്തിലെ ഏറ്റവും നല്ല പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ എം. ജെ. ജേക്കബ് ആയിരുന്നു പ്രസിഡന്റ്. പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്, എറണാകുളം ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കാക്കൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, പാമ്പാക്കുട ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രിയൽ സൊസൈറ്റി ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കേന്ദ്രപൊതുമേഖല സ്ഥാപനമായ എഫ്. എ. സി.ടി.യിൽ ഉദ്യോഗസ്ഥനായിരുന്നു.

## പതിനാലാം കേരള നിയമസഭ
### ഇരുനൂറ് സമ്മേളനദിനങ്ങൾ പൂർത്തിയാക്കി

2016 ജൂൺ 2-ാം തീയതി ആദ്യ സമ്മേളനം ചേർന്ന പതിനാലാം കേരള നിയമസഭ ഇരുന്നൂറ് സമ്മേളനദിനങ്ങൾ പൂർത്തീകരിച്ചു. പതിനാറാം സമ്മേളനത്തിലാണ് സഭ 200 സമ്മേളന ദിനങ്ങൾ പൂർത്തിയാക്കിയത്. ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച 6 പുതിയ സഭാംഗങ്ങളെ സ്വാഗതം ചെയ്തുകൊണ്ടാണ് 2019 ഒക്ടോബർ 28-ാം തീയതി സഭയുടെ പതിനാറാം സമ്മേളനം ആരംഭിച്ചത്. മുൻ കേരള ഗവർണറും ഡൽഹി മുൻ മുഖ്യമന്ത്രിയുമായിരുന്ന ഷീലാ ദീക്ഷിത്, മുൻ നിയമസഭാംഗം ദാമോദരൻ കാളാശ്ശേരി എന്നിവരുടെ നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി. ആകെ 19 ദിവസം സഭ സമ്മേളിച്ചു.

കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് സഭ പ്രത്യേക സമ്മേളനം ചേർന്നു. മഹാത്മാഗാന്ധിയുടെ ചിന്തകളും ദർശനവും ആധുനിക കാലത്ത് എത്രമാത്രം പ്രസക്തമാണെന്നതിനെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലായിരുന്നു ഈ പ്രത്യേക സമ്മേളനം.

പ്രധാനമായും നിയമനിർമ്മാണത്തിനുവേണ്ടി ചേർന്ന സമ്മേളനത്തിൽ 10 ബില്ലുകൾ സഭ പാസ്സാക്കി.

2019 ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും ഏറ്റെടുക്കലും നടത്തിപ്പും ബിൽ, 2019 ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ, 2019 ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ, 2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 2019 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ഭേദഗതി ബിൽ, 2018 ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ, 2018 ലെ കേരള കർഷക ക്ഷേമനിധി ബിൽ എന്നിവ ഈ സമ്മേളനത്തിൽ സഭ പാസ്സാക്കിയ സുപ്രധാനമായ നിയമനിർമ്മാണങ്ങളാണ്.

അടിയന്തര പ്രമേയത്തിനുള്ള 17 നോട്ടീസുകളിൽ 14 എണ്ണം സഭാതലത്തിൽ ഉന്നയിക്കപ്പെട്ടു. 570 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 6657 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും സഭയുടെ മുമ്പാകെ വന്നു. 57 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകി. 426 ഉപചോദ്യങ്ങൾക്ക് മന്ത്രിമാർ മറുപടി നൽകി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി എന്നിവർ അതത് ദിവസം തന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകി.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിന് എല്ലാ മന്ത്രിമാരും നടപടി സ്വീകരിക്കേണ്ടതാണെന്നും എല്ലാ ചോദ്യങ്ങൾക്കും ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം പൂർണ്ണമായ മറുപടി ലഭ്യമാക്കുവാൻ മന്ത്രിമാർ ശ്രദ്ധിക്കണമെന്നും സ്പീക്കർ നിർദ്ദേശിച്ചു.

സമ്മേളന കാലയളവിൽ 33 ശ്രദ്ധക്ഷണിക്കലുകളും 190 സബ്മിഷനുകളും സഭയിൽ ഉന്നയിക്കപ്പെട്ടു. ആർ.സി.ഇ.പി. കരാർ സംസ്ഥാനത്തെ കാർഷിക- ചെറുകിട വ്യവസായ മേഖലകളിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് സഭ ചർച്ച ചെയ്യുകയും പ്രമേയം പാസ്സാക്കുകയും ചെയ്തു.

ബി.പി.സി.എൽ. സ്വകാര്യവത്കരണം, വയനാട്ടിലെ രാത്രിയാത്രാ നിരോധനം, സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്ന വിധം ആദായനികുതി നിയമത്തിൽ ഭേദഗതി, ദേശീയ വിദ്യാഭ്യാസ നയം എന്നിവ സംബന്ധിച്ച് ചട്ടം 118 പ്രകാരം ഗവൺമെന്റ് പ്രമേയങ്ങൾ അവതരിപ്പിക്കുകയും ഐകകണ്ഠ്യേന സഭ പാസ്സാക്കുകയും ചെയ്തു.

സർഫാസി നിയമപ്രകാരമുള്ള ജപ്തി നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കാൻ രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ടും ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിച്ചു.

പുതുവർഷത്തിൽ തുടക്കം കുറിക്കാനിരിക്കുന്ന 'സഭാ ടി.വി'. എന്ന സംരംഭത്തിന്റെ ലോഗോയും തീം സോങ്ങും ഈ സമ്മേളന കാലത്ത് പ്രകാശനം ചെയ്തു. അടുത്ത സമ്മേളനവുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഇ-നിയമസഭയുടെ ഭാഗമാക്കാനുള്ള അക്ഷീണ പ്രയത്നത്തിലാണ് നിയമസഭാ സെക്രട്ടേറിയറ്റ് എന്ന് സ്പീക്കർ സഭയെ അറിയിച്ചു.

നിയമനിർമ്മാണ സഭയുടെ പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമാണ് സാമാജികർ ഉന്നയിക്കുന്ന ചോദ്യങ്ങളും അവയ്ക്ക് നൽകേണ്ട മറുപടിയും. ചോദ്യങ്ങളേയും അവയ്ക്കുള്ള ഉത്തരങ്ങളേയും സംസ്ഥാന സർക്കാരിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടതും ജനങ്ങൾ അറിയേണ്ടവയും എന്ന നിലയിൽ തികഞ്ഞ ഗൗരവത്തോടെയാണ് സമീപിക്കുന്നത്. ഓരോ സമ്മേളനത്തിലും ചോദ്യങ്ങളുടെ മറുപടി കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി തയ്യാറാക്കി നൽകുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. സ്പീക്കർ ഇക്കാര്യത്തിൽ നൽകിയിട്ടുള്ള റൂളിങ്ങുകൾ പാലിക്കുവാൻ നിതാന്ത ജാഗ്രത പാലിച്ചിട്ടുണ്ട്.

എന്റെ ഓഫീസിന്റെയും വിവിധ വകുപ്പുകളുടെ ചുമതല നിർവഹിക്കുന്ന സഹപ്രവർത്തകരുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും ആത്മാർത്ഥയോടെയുള്ള ഇടപെടലിന്റെയും ഏകോപനത്തിന്റെയും ഫലമായാണ് നിശ്ചിത സമയത്തിനകം തന്നെ ഉത്തരങ്ങൾ തയ്യാറാക്കി നൽകാൻ കഴിയുന്നത്.



**ടി.പി.രാമകൃഷ്ണൻ**
തൊഴിലും നൈപുണ്യവും
എക്സൈസും വകുപ്പുമന്ത്രി

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# 'ഹരിതം ഹരിപ്പാട്'- ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം

**രമേശ് ചെന്നിത്തല** ഹരിപ്പാട്



ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ 'ഹരിതം ഹരിപ്പാട്' പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ നിർവ്വഹണോദ്ഘാടനം 2019 ഡിസംബർ 27 ന് പള്ളിപ്പാട് ഹോളി എയ്ഞ്ചൽസ് സ്കൂളിൽ കൃഷിവകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ നിർവ്വഹിച്ചു. കൃഷി വികാസ് യോജനയുടെ ഭാഗമായി 4.97 കോടി രൂപയുടെ ഭരണാനുമതിയാണ് ഹരിതം ഹരിപ്പാട് പ്രോജക്ടിന്റെ ആദ്യഘട്ടത്തിന് ലഭിച്ചിട്ടുള്ളത്. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പിന്തുണയോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും, ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഹരിപ്പാട് നഗരസഭയിലെയും പള്ളിപ്പാട്, ചെറുതന, കരുവാറ്റ പഞ്ചായത്തുകളിലെയും പാടശേഖരങ്ങളാണ് ആദ്യഘട്ടപ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പാടശേഖരങ്ങളിൽ മോട്ടോർഷെഡുകൾ, കൾവെർട്ടുകൾ, റാമ്പുകൾ, തൂമ്പുകൾ, സംരക്ഷണഭിത്തി എന്നിവയുടെ നിർമ്മാണം, കൾവെർട്ടുകളുടെ അറ്റകുറ്റപ്പണി, മോട്ടോറും അനുബന്ധഉപകരണങ്ങളും സ്ഥാപിക്കൽ, തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ, പിച്ചിംഗ് വർക്ക് തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രോജക്ടിൽ ഉൾപ്പെടുന്നത്.

ഹരിപ്പാട് മണ്ഡലത്തിലെ തരിശുരഹിത കൃഷി പ്രവർത്തനങ്ങളുടെ ഭാഗമായി 720 ഏക്കർ തരിശു ഭൂമിയിൽ കൃഷി ഇറക്കുന്നതിന് നേതൃത്വം നൽകിയ പള്ളിപ്പാട് പഞ്ചായത്ത് പ്രസിഡന്റ് എസ്. രാജേന്ദ്രക്കുറുപ്പിനെ ചടങ്ങിൽ ആദരിച്ചു. യുവകർഷക സംഗമം, കാർഷിക വിളകളുടേയും വിത്തിനങ്ങളുടേയും മൂല്യവർദ്ധിത ഉൽപനങ്ങളുടേയും പ്രദർശനവും വിപണനവും, വിള ആരോഗ്യപരിപാലനം, കിസാൻ ക്രെഡിറ്റ് കാർഡ് വായ്പാ പദ്ധതികളെ അധികരിച്ചുള്ള പരിശീലന പരിപാടികൾ എന്നിവയും ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചു.



# അകലാപ്പുഴ കോൾനില പുനരുദ്ധാരണം

**കെ.ദാസൻ** കൊയിലാണ്ടി

നാടിന്റെ പൈതൃക സമ്പത്താണ് തോടുകളും പുഴകളും. പല കാരണങ്ങളാൽ കാലങ്ങളായി അവഗണിക്കപ്പെട്ടുകഴിയുന്ന ജലസ്രോതസ്സുകൾ ഭൂമിയുടെ ഞരമ്പുകളാണെന്ന് പലരും തിരിച്ചറിഞ്ഞു തുടങ്ങിയത് രൂക്ഷമായ ജലക്ഷാമത്താൽ പൊറുതിമുട്ടുകയും എന്നെന്നേയ്ക്കുമായി കുടിവെള്ളം മുട്ടുമെന്ന ഭയം ചൂഴ്ന്ന് തുടങ്ങുകയും ചെയ്തപ്പോഴാണ്. ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ധാരാളം പ്രാദേശിക മാതൃകകൾ നമുക്കുണ്ട്. കൊയിലാണ്ടി നഗരസഭ നടപ്പിലാക്കിയ ജലസമൃദ്ധി പദ്ധതി ഒരു ഉദാഹരണമാണ്.

ഏകോപിതമായ രീതിയിൽ ജലാശയങ്ങളുടെ വീണ്ടെടുപ്പിനും സംരക്ഷണത്തിനും സംസ്ഥാന സർക്കാറിന്റെ പ്രത്യേക പരിഗണനാർഹമായ പദ്ധതിയാണ് അകലാപ്പുഴ കോൾനില പുനരുദ്ധാരണം. തരിശായി കിടക്കുന്ന കോൾനിലത്തെ കൃഷിയോഗ്യമാക്കി കൊയിലാണ്ടിയുടെ നെല്ലറയെ കാത്ത് സൂക്ഷിക്കാനായി ഒന്നര കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചത്.

കോൾനില പുനരുദ്ധാരണത്തിന്റെ ഭാഗമായി കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനൊപ്പം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും തോണിയുപയോഗിച്ച് സഞ്ചാരമാർഗ്ഗം ഒരുക്കാനും തോട്ടിൻകരവാസികൾക്ക് ശുദ്ധജലം ഉറപ്പുവരുത്താനും തോട് നവീകരണത്തിലൂടെ ലക്ഷ്യമിടുന്നു. സമയബന്ധിതമായും കാര്യക്ഷമതയോടെയും ഈ പ്രവർത്തനം പൂർത്തീകരിക്കേണ്ടതുണ്ട്. നവീകരണ പ്രവർത്തനങ്ങൾ തൃപ്തികരമായി മുന്നേറുകയാണ്.

# ബേപ്പൂർ വികസനക്കുതിപ്പിൽ

**വി.കെ.സി.മമ്മത് കോയ** ബേപ്പൂർ



### ബേപ്പൂർ ഗവ. ഐ.ടി.ഐ.

ബേപ്പൂർ ഗവ. ഐ.ടി.ഐ.ക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ബേപ്പൂരിന്റെ പ്രൊഫഷണൽ വിദ്യാഭ്യാസ ചരിത്രത്തിൽ രേഖപ്പെടുത്താൻ പോകുന്ന പുതിയ അദ്ധ്യായമാണ് പൂർണ്ണമായും സർക്കാരിന്റെ അധീനതയിലുള്ള ഈ സ്ഥാപനം. 2.25 കോടി രൂപ ചെലവിൽ 8600 ച. അടി വിസ്തീർണമുള്ള അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനില കെട്ടിടമാണ് നടുവട്ടം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വളപ്പിൽ 1.20 ഏക്കർ ഭൂമിയിൽ നിർമ്മിക്കുന്നത്. ഭൂമി കൈമാറുന്നതിലുള്ള കാലതാമസം പരിഹരിച്ച് പഴയ പ്ലാനും ഡിസൈനുമെല്ലാം മാറ്റി ആധുനിക രീതിയിലുള്ള കെട്ടിടനിർമ്മാണമാണ് ഇപ്പോൾ പുരോഗമിക്കുന്നത്. വളരെ പെട്ടെന്നുതന്നെ ഈ കെട്ടിടം വിദ്യാർത്ഥികൾക്ക് സമർപ്പിക്കാനാകുമെന്ന ശുഭപ്രതീക്ഷയിലാണ്.

### ഫറോക്കിൽ റെയിൽവേ മേൽപ്പാലം

ഫറോക്കിലെ ഇളയടത്ത്കുന്നിൽ റെയിൽവേ ലൈനിന് കുറുകെ മേൽപ്പാലം നിർമ്മാണം പൂർത്തിയായി.



കരുവൻതിരുത്തിയിൽ നിന്നു വെസ്റ്റ് നല്ലൂർ വഴി ഫറോക്ക് ഐ.ഒ.സി. ഡിപ്പോയ്ക്കു സമീപം എത്തിപ്പെടുന്ന വിധത്തിലാണ് പുതിയ മേൽപ്പാലം നിർമ്മിച്ചത്. വെസ്റ്റ് നല്ലൂർ മുതൽ കരുവൻതിരുത്തി മഠത്തിൽപാടം വരെ നിലവിൽ വീതിയുള്ള പൊതുമരാമത്ത് റോഡുണ്ട്. ഇതിനു പുറമെ വെസ്റ്റ് നല്ലൂരിൽ നിന്നു പാണ്ടിപ്പാടം, മുക്കോണം വഴി കരുവൻതിരുത്തിക്കടവ് പാലത്തിലേക്കു കടക്കാം.

പുതിയ അപ്രോച്ച് റോഡിന് 30 കോടി രൂപയുടെ പദ്ധതിയാണുള്ളത്. ഫറോക്ക്-കടലുണ്ടി റോഡിനേയും കരുവൻതിരുത്തി റോഡിനേയും ബന്ധിപ്പിക്കുന്ന മേൽപ്പാലം ഗതാഗതയോഗ്യമാകുന്നതോടെ ഫറോക്കിലെ യാത്രാ സംവിധാന രംഗത്ത് വലിയ മാറ്റമുണ്ടാകും. റെയിലിന്റെ പടിഞ്ഞാറും കിഴക്കും സൈഡിലുള്ള രണ്ടു കാലുകളെ ബന്ധിപ്പിച്ച് അഞ്ച് നീളൻ ഉരുക്ക് ഗർഡറുകളാണ് സ്ഥാപിച്ചത്. ഇതിനു മുകളിൽ കോൺക്രീറ്റ് ചെയ്ത് മേൽപ്പാലം നിർമ്മിച്ചു. പാലം അടച്ച് നിർമ്മാണ പ്രവൃത്തി നടന്നു വരികയാണിപ്പോൾ. പാലം ഗതാഗത യോഗ്യമാക്കുന്നതോടെ ഫറോക്കിലെ ഗതാഗത രംഗത്ത് വലിയ മാറ്റങ്ങൾക്കിടയാക്കുന്നതിനൊപ്പം കോഴിക്കോടിനും കൊച്ചിക്കുമിടയിൽ തീരദേശ റോഡ് രംഗത്തും ഏറെ മുന്നേറ്റം കൈവരുന്നതാണ്.

### മണ്ണൂർ -ചാലിയം റോഡ് നവീകരണം

മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ടതും ടൂറിസം മേഖലയെ ബന്ധിപ്പിക്കുന്നതുമായ മണ്ണൂർ - ചാലിയം റോഡ് വീതി കൂട്ടി നവീകരിച്ചു. കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഈ പ്രവൃത്തിക്ക് 45.54 കോടി രൂപയോളമാണ് ചെലവായത്. പദ്ധതിയുടെ നടത്തിപ്പ് ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്കായിരുന്നു. റോഡിന്റെ നിർമ്മാണോദ്ഘാടനം 2019 നവംബർ 3 ന് പൊതുമരാമത്ത് മന്ത്രി ജി.സുധാകരൻ നിർവ്വഹിച്ചു.

### പട്ടികജാതി കോളനി നവീകരണം

അംബേദ്കർ ഗ്രാമ പദ്ധതിയിലുൾപ്പെടുത്തിയ മൂന്ന് പട്ടികജാതി കോളനികളുടെ നവീകരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ കോളനിക്കും 3 കോടി രൂപ വീതമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. രാമനാട്ടുകരയിലെ കോലാർകുന്ന് കോളനിയുടെ നവീകരണ പ്രവൃത്തി എഴുപത് ശതമാനം പൂർത്തീകരിച്ചു കഴിഞ്ഞു. കടലുണ്ടി ഗ്രാമപഞ്ചായത്തിലെ മണ്ണൂർ പടിക്കത്താഴം കോളനി, ഫറോക്ക് നഗരസഭയിലെ കരുവൻതിരുത്തി പൈക്കുറ്റി കോളനി എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. അടിസ്ഥാനസൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്ന നാൽപ്പതിലധികം കുടുംബങ്ങൾ അധിവസിക്കുന്ന പട്ടികജാതി കോളനികളാണ് നവീകരിക്കുന്നത്. നിർമ്മിതികേന്ദ്രത്തിനാണ് നവീകരണച്ചുമതല നൽകിയിരിക്കുന്നത്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# ഏറനാടിന്റെ ഫുട്ബോൾ സ്വപ്നം പൂവണിയുന്നു

**പി.കെ.ബഷീർ** ഏറനാട്



അരീക്കോട് താലൂക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 108 ആംബുലൻസ് സൗകര്യം ഏർപ്പെടുത്തി

ലോകത്തെവിടെ പന്തുരുണ്ടാലും ഇരിപ്പുറയ്ക്കാത്ത മനസാണ് മലപ്പുറത്തിന്റേത്. ഉൾനാടൻ ഗ്രാമങ്ങളിലെ സെവൻസ് ടൂർണമെന്റായാലും, ചാംപ്യൻസ് ലീഗായാലും, ലോകകപ്പ് ആയാലും ഒരേ ആവേശത്തോടെ ഫുട്ബോളിൽ അലിയാൻ നമുക്കറിയാം. അസൂയാവഹമായ ഒട്ടേറെ നേട്ടങ്ങൾ ഫുട്ബോൾ ചരിത്രത്തിൽ മലപ്പുറത്തിനുണ്ട്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ മൈതാനത്ത് വെല്ലുവിളിച്ചത് മുതൽ ആ ചരിത്രം തുടങ്ങുന്നു.

എന്നാൽ ഈ ആവേശത്തെ മനസിൽ നിന്ന് കാലുകളിലേക്ക് പറിച്ചു നടാൻ മതിയായ സൗകര്യങ്ങൾ ഇന്ന് ജില്ലയിലില്ല. നല്ല മൈതാനങ്ങൾ, മികച്ച പരിശീലന സൗകര്യം, പ്രൊഫഷണൽ അക്കാദമി എന്നിവയിലൂടെയേ പുതുതലമുറ താരങ്ങൾ വളരുകയുള്ളൂ. ഫുട്ബോളിന് ഏറെ വളക്കൂറുള്ള ഏറനാട്ടിൽ അത്തരമൊരു അക്കാദമി സ്വപ്നമായിരുന്നു. പത്തപ്പിരിയം സ്കൂളിലെ കെട്ടിട ഉദ്ഘാടനത്തിന് എത്തിയ കായിക വകുപ്പുമന്ത്രി ഇ പി ജയരാജനോട് വേദിയിൽ വച്ച് ഏറനാടിന് ഒരു ഫുട്ബോൾ അക്കാദമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. അതേ വേദിയിൽ വച്ചുതന്നെ അദ്ദേഹം അതിന് അനുമതിയും നൽകി. ഏറനാടിനും മലപ്പുറത്തിനും ഏറെ ഗുണപ്രദമാകുന്ന പദ്ധതിക്ക് കൂടെ നിന്ന മന്ത്രിക്ക് നന്ദി.

# ഇടക്കൊച്ചി മധുരകമ്പനി പാലം യാഥാർത്ഥ്യത്തിലേക്ക്



**ജോൺ ഫെർണാണ്ടസ്** (നോമിനേറ്റഡ്)

പശ്ചിമകൊച്ചി നിവാസികളുടെ ചിരകാല അഭിലാഷമായ ഇടക്കൊച്ചി മധുരകമ്പനി പാലം യാഥാർത്ഥ്യത്തിലേക്ക്. പാലത്തിന്റെ നിർമ്മാണത്തിനായി 279 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.

എം.എൽ.എ യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ 222 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷം 57 ലക്ഷം രൂപയുമാണ് അനുവദിച്ചത്.

ഇടക്കൊച്ചിയിലെ മധുരകമ്പനി പാലം എന്ന പശ്ചിമകൊച്ചി നിവാസികളുടെ സ്വപ്നത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഈ സ്വപ്നത്തിനാണ് ഭരണാനുമതി ലഭിച്ചതോടെ ചിറക് മുളയ്ക്കുന്നത്. നഗരസഭ തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അപാകതകൾ മൂലം 2017-18 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടും ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിട്ടപ്പോൾ എം.എൽ.എ മാരുടെ ആവശ്യപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തെ തുടർന്നാണ് നടപടിക്രമങ്ങൾ ദ്രുതഗതിയിലായത്. കഴിഞ്ഞ രണ്ടര വർഷമായി നാട്ടുകാരുടെ ഈ ആവശ്യം നടപ്പിലാക്കുന്നതിനായുള്ള എം.എൽ.എ.മാരുടെ നിരന്തരശ്രമങ്ങളുടെ ഫലമായാണ് കൊച്ചി കോർപ്പറേഷൻ സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി ലഭിച്ചത്.

എളമരം കരീം എം.പി.യുടെ ഫണ്ടിൽ നിന്നും പാലത്തിന്റെ അപ്രോച്ച് റോഡിനായി വകയിരുത്തിയിട്ടുള്ള 80 ലക്ഷം രൂപയ്ക്ക് ഉടനടി ഭരണാനുമതി ലഭിക്കുന്നതാണ്. മധുരകമ്പനി ഭാഗത്തെ പതിമൂന്നര സെന്റ് സ്ഥലം കൂടി നിർമ്മാണ പ്രവർത്തനത്തിനായി കൊച്ചി കോർപ്പറേഷൻ ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വർഷങ്ങൾ പഴക്കമുള്ള പഷ്ണിത്തോട് പാലത്തിന് സമാന്തരമായി പണിയുന്ന മധുരകമ്പനി പാലം പൂർത്തിയാകുന്നതോടെ കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ ഗുണഫലം പള്ളുരുത്തി, പെരുമ്പടപ്പ്, കുമ്പളങ്ങി നിവാസികൾക്കുകൂടി ലഭിക്കുന്നതാണ്. തോപ്പുംപടി-അരൂർ പഴയ ദേശീയപാതയിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് ഈ സമാന്തരപാത ഒരു പരിധിവരെ പരിഹാരമേകുന്നതാണ്.

# വികസന നേട്ടങ്ങളുമായി നേമം

**ഒ.രാജഗോപാൽ** നേമം



കോലിയക്കോട്ട് ഗവൺമെന്റ് എൽ.പി.സ്കൂളിനായി അനുവദിച്ച സ്കൂൾ ബസ്സിന്റെ ഉദ്ഘാടനം.



പനത്തുറ വേലിത്തല കോളനിയിൽ ഇന്റർലോക്കും വേലിത്തലയിൽ കോൺക്രീറ്റ് റോഡും നിർമ്മിച്ചതിന്റെ ഉദ്ഘാടനം.



എസ്റ്റേറ്റ് വാർഡിൽ പാപ്പനംകോട് ഹൈസ്ക്കൂളിന് എം.എൽ.എ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സ് കൈമാറുന്നു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# പുത്തൻതോപ്പ് പാലം യാഥാർത്ഥ്യമായി

**വി.ശശി** ചിറയിൻകീഴ്




ചിറയിൻകീഴ് മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച പുത്തൻതോപ്പ് പാലം പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്തു. 2010 ലാണ് പാലം നിർമ്മാണത്തിന്റെ നടപടികൾ തുടങ്ങിയത്. കഠിനംകുളം ഗ്രാമപഞ്ചായത്തിലെ ടി.എസ്. കനാലിന് കുറുകെയായി 8.9 കോടി രൂപ ചെലവഴിച്ചാണ് ഈ പാലം നിർമ്മിച്ചിരിക്കുന്നത്. പാലത്തിനു സമീപത്തായി അപ്രോച്ച് റോഡുകൾ, നടപ്പാത എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. നാട്ടുകാരുടെ വർഷങ്ങളായുള്ള സുപ്രധാന ആവശ്യമാണ് ഇതോടെ പൂർത്തീകരിച്ചിരിക്കുന്നത്.



കഠിനംകുളം ഗ്രാമപഞ്ചായത്തിലെ മേനംകുളം എൽ.പി. സ്കൂളിൽ ഒരു കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ ശിലാസ്ഥാപനം

ചിത്രജാലകം




തിരുവനന്തപുരം ടെക്നോപാർക്ക് 1995 നവംബർ 18 ന് പ്രധാനമന്ത്രി പി.വി. നരസിംഹ റാവു രാഷ്ട്രത്തിന് സമർപ്പിക്കുന്നു



കണ്ണൂർ സർവ്വകലാശാല കാമ്പസിൽ ഇന്ത്യൻ ചരിത്ര കോൺഗ്രസ്സിന്റെ ഭാഗമായി നടന്ന നിയമസഭാ ചരിത്രപ്രദർശനം

# വികസന മുന്നേറ്റത്തിന്റെ നേർക്കാഴ്ചയായി പേരാമ്പ്ര – പയ്യോളി റോഡ്

**ടി.പി.രാമകൃഷ്ണൻ** പേരാമ്പ്ര

മികച്ച നിലയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് പേരാമ്പ്ര നിയോജകമണ്ഡലം വികസനത്തിന്റെ പുതിയ വാതായനങ്ങൾ തുറക്കുകയാണ്. പേരാമ്പ്ര നിയോജകമണ്ഡലവികസനമിഷന്റെ നേതൃത്വത്തിൽ ബഹുജനപങ്കാളിത്തത്തോടെ എല്ലാ മേഖലകളിലും കൈവരിച്ചുകൊണ്ടിരിക്കുന്ന വികസനക്കുതിപ്പിന്റെ നേർക്കാഴ്ചയാണ് നവീകരിച്ച പേരാമ്പ്ര-പയ്യോളി റോഡ്.

പേരാമ്പ്ര യിൽ നിന്ന് മേപ്പയ്യൂർ വഴി കോഴിക്കോട്-കണ്ണൂർ ദേശീയപാതയിൽ പയ്യോളിയിൽ എത്തിച്ചേരുന്ന 18.125 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് അത്യാധുനികരീതിയിലാണ് പുനർനിർമ്മിച്ചത്. കിഫ്ബി ധനസഹായത്തോടെ കോഴിക്കോട് ജില്ലയിൽ നിർമ്മാണം പൂർത്തീകരിച്ച ആദ്യ റോഡാണിത്. 42 കോടി രൂപയാണ് നിർമ്മാണത്തിന് വകയിരുത്തിയത്. വളവുകളും മറ്റ് അപകടകരമായ സാഹചര്യങ്ങളും ഒഴിവാക്കിയും പലയിടത്തും വീതി കൂട്ടിയും നിർമ്മാണം പൂർത്തീകരിച്ച റോഡ് ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിൽ രൂപപ്പെട്ട പുത്തൻ നിർമ്മാണ സംസ്കാരത്തിന്റെ ഉത്തമോദാഹരണമായി മാറിയിരിക്കുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത്. 42 കോടി രൂപയായിരുന്നു കരാർ തുക. എന്നാൽ 37.75 കോടി രൂപ ചെലവിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങളെല്ലാം കൃത്യമായി പാലിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവൃത്തി പൂർത്തീകരിച്ചു. 4.25 കോടി രൂപ സർക്കാരിന് തിരിച്ചു നൽകുകയും ചെയ്തു. ഇത് കേരളത്തിന് പുതിയ അനുഭവമാണ്. 5.5 മീറ്റർ വീതിയിലാണ് റോഡ് നവീകരിച്ചത്. ബി.എം.ആന്റ് ബി.സി. ടാറിംഗാണ് റോഡിന്റെ പ്രത്യേകത. പ്രധാന ടൗണുകളിലും വിദ്യാലയ പരിസരങ്ങളിലും കൈവരികൾ സ്ഥാപിച്ച് യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കി. തിരക്കേറിയ ഈ റോഡിൽ യാത്രക്കാർ ദീർഘകാലമായി നേരിട്ടിരുന്ന യാത്രാക്ലേശം പൂർണമായി അവസാനിപ്പിക്കാനും സുഗമമായ യാത്ര ഉറപ്പു വരുത്തുവാനും കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.

## റോഡ് വികസന പദ്ധതികൾ

റോഡുകളും പാലങ്ങളും പൊതുകെട്ടിടങ്ങളും ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ പേരാമ്പ്ര നിയോജകമണ്ഡലം വൻ പുരോഗതി നേടിക്കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നാടിന്റെ പുരോഗതിയുടെ അനിവാര്യഘടകമാണെന്ന സമീപനത്തോടെയാണ് ഈ രംഗത്ത് തുടർച്ചയായ ഇടപെടൽ നടത്തി വരുന്നത്. 24 കോടി രൂപ ചെലവഴിച്ച് പേരാമ്പ്ര-ചാനിയംകടവ് റോഡിന്റെ നവീകരണപ്രവൃത്തി പുരോഗമിക്കുകയാണ്. 10 കോടി രൂപ ചെലവിൽ അഞ്ചാം പീടിക-അരിക്കുളം-കൊയിലാണ്ടി റോഡ് പ്രവൃത്തി നടന്നുവരുന്നു. 4.64 കോടി രൂപ വിനിയോഗിച്ച് മുളിയങ്ങൽ- വാല്യക്കോട് കനാൽ റോഡ് നവീകരണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. വായനശാല- വെള്ളിയൂർ-കാപ്പുമ്മൽ റോഡ് 4.27 കോടി രൂപ മുടക്കി നവീകരണം പൂർത്തിയാക്കി. ചക്കിട്ടപാറ-നരിനട-കൂരാച്ചുണ്ട് റോഡ് മൂന്നു കോടി ചെലവിൽ പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. പെരുവണ്ണാമൂഴി-മുതുകാട് റോഡ് 4.91 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിക്കാറായി. 10 കോടി രൂപ അടങ്കലുള്ള വൈദ്യരങ്ങാടി-മന്ദങ്കാവ്-നടുവണ്ണൂർ റോഡ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുകയാണ്. നാല് കോടി രൂപ വിനിയോഗിച്ച് തെക്കെടത്ത് കടവ്-നിരത്ത് കടവ് റോഡിന്റെ പ്രവൃത്തിയും പുരോഗമിക്കുന്നു. കുരുടിവീട് മുക്ക്- ഇരിങ്ങത്ത് റോഡ് ഏഴ് കോടി രൂപ വിനിയോഗിച്ച് നവീകരിച്ചു. ചാലിക്കര-അവറാട്ട്മുക്ക് റോഡ് (3.47 കോടി രൂപ) പ്രവൃത്തി തുടങ്ങി. 10 കോടി രൂപ വിനിയോഗിക്കുന്ന പേരാമ്പ്ര -പൈതോത്ത്-താനിക്കണ്ടി റോഡ് നിർമ്മാണം ടെണ്ടർ ചെയ്തു. പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡ് (4 കോടി), ചക്കിട്ടപാറ-കേളോത്ത് വയൽ റോഡ് (75 ലക്ഷം) എന്നിവയുടെ പ്രവൃത്തി നടക്കുകയാണ്. വളയംകണ്ടം-ആശാരിമുക്ക് കനാൽ റോഡ് (80 ലക്ഷം) പ്രവൃത്തി ഉദ്ഘാടനം ചെയ്തു.

പേരാമ്പ്രയുടെ സ്വപ്ന പദ്ധതിയായ ബൈപ്പാസ് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ബൈപ്പാസിനായി കിഫ്ബി 68 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പേരാമ്പ്ര ടൗൺ നവീകരണത്തിനുള്ള 4.5 കോടി രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു.



കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512493, 2512667, 2512353; ഇ-മെയിൽ: kladrd@gmail.com വെബ്സൈറ്റ്: www.niyamasabha.org